




തിരഞ്ഞെടുപ്പു പതിപ്പ്



തെരഞ്ഞെടുപ്പ് പതിപ്പിൽ

മുഖപ്രസംഗം — കെ. ബാലകൃഷ്ണൻ

പത്രാധിപരോട് സംസാരിക്കുക — കെ. ബാലകൃഷ്ണൻ

കിടക്കകം

നമ്മുടെ നാട് ഭരിക്കേണ്ടവർ — ഇടതുപക്ഷ ഐക്യമുന്നണി സ്ഥാനാർത്ഥികളുടെ ജീവചരിത്രവും ഛായാപടവും

തിരമാലകൾ (കഥ) — ആലപ്പുഴ പി. എ. ബക്കർ

തിരു-കൊച്ചി മുന്നോട്ട് — എൻ. രാമചന്ദ്രൻ

സാഹിത്യകാരന്മാരുടെ അനുഭവങ്ങൾ

കോൺഗ്രസ്സ് നേതാക്കന്മാർ കോൺഗ്രസ്സിനെപ്പറ്റി — പഴയ പ്രസംഗങ്ങളും പ്രസ്താവനകളും.

കോട്ടകം തകരുന്നു — സി. എൻ. ശ്രീകണ്ഠൻനായർ

മുഖചിത്രം

ഇടതുപക്ഷകുത്തിന്റെ നേതാവ് പട്ടം എ. താണുപിള്ള

ബഹിഷ്കൃതമന്ത്രിസഭ അധികാരത്തിൽ ഇന്ന് 146-ാം ദിവസം

പത്രാധിപർ — കെ. ബാലകൃഷ്ണൻ

Reg. M. 5661 Phone No- 2128 സഹപത്രാധിപർ സി. എൻ ശ്രീകണ്ഠൻനായർ.

കൗമുദി ആഴ്ചപ്പതിപ്പ്

വാല്യം 4 1129 കുംഭം 3 തിങ്കൾ ലക്കം 47

കൗമുദിക്കുറിപ്പുകൾ

പ്രിയപ്പെട്ട നാട്ടുകാരെ,

പ്രിയപ്പെട്ട നാട്ടുകാരെ,

ഒരു തിരഞ്ഞെടുപ്പു മാമാങ്കത്തിന്റെ മുട്ടപിടിച്ച അന്തരീക്ഷത്തിൽ നിന്നുകൊണ്ടാണ് ഞാനിതെഴുതുന്നത്. കൗമുദി നിങ്ങൾക്ക് ഒരു തിരഞ്ഞെടുപ്പു വിശേഷാൽപ്രതി സമർപ്പിക്കുന്നുണ്ട്. ഇടതുപക്ഷമുന്നണിയിലെ സ്ഥാനാർത്ഥികളെപ്പറ്റിയും അവർ പ്രതിനിധാനം ചെയ്യുന്ന പാർപാടികളെപ്പറ്റിയും സാമാന്യമായ ഒരു വിവരണം ഈ വിശേഷാൽപതിപ്പുവഴി നാട്ടുകാക്ക് നൽകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. തിരഞ്ഞെടുപ്പു പ്രചരണപരിപാടികൾക്കിടയിൽ ഏലക്ഷൻ ആഫീസുകളിലും വാഹനങ്ങളിലുമിരുന്ന് സംവിധാനംചെയ്ത ഈ വിശേഷാൽപതിപ്പ് പ്രതീക്ഷിച്ചിടത്തോളം സാരവത്താക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ ഇടതുപക്ഷസ്ഥാനാർത്ഥികളുടേയും ജീവചരിത്രവും പടവും വന്നുചേരാത്തതുകൊണ്ട് അക്കാര്യത്തിലും അപൂർണ്ണത വന്നുപോയിട്ടുണ്ട്. ഇത്രത്തോളമെങ്കിലും ഒരുക്കിയെടുക്കാൻ കഴിഞ്ഞതു് ഒരു നേട്ടമായി ഞങ്ങൾ കരുതുന്നു. ഇതിനുള്ള കാരണങ്ങളേയും കുറവുകളേയും പറ്റി ഞങ്ങളും ബോധവാന്മാരാണ്. ഞങ്ങളുടെ നിസ്സഹായതയിൽ സഹതപിച്ച് പൊറുക്കേണ്ടതു പൊറുക്കണം എന്നു മാത്രമാണ് ഇതു അവതരിപ്പിക്കുമ്പോഴുള്ള അഭ്യർത്ഥന.

ഈ വിശേഷാൽപതിപ്പ് നിങ്ങളെ സമീപിക്കുമ്പോഴേക്ക് തിരഞ്ഞെടുപ്പിനു് ഏതാനും മണിക്കൂറുകൾമാത്രമേ ബാക്കി ഉണ്ടാകയുള്ളൂ. ഒരു നിമിഷനേരത്തിനു് ഒരു വർഷത്തിന്റെ ചരിത്രം ഒരുക്കുവാൻ കഴിയുന്ന ആ സമയം ഐക്യമുന്നണി പ്രവർത്തകരാരും ഈ വിശേഷാൽപ്രതി വായിക്കാനായി ചിലവാക്കുകയില്ല. തിരഞ്ഞെടുപ്പു കഴിഞ്ഞാൽ ഐക്യമുന്നണി പ്രവർത്തകർക്ക് സാവകാശമിരുന്ന് വായിച്ചുതീർക്കുവാനുള്ള കാര്യങ്ങളേ ഇതിനകത്തുള്ളൂ. ഐക്യമുന്നണിക്ക് ലഭിച്ചിട്ടുള്ള സ്ഥാനാർത്ഥികളെ ആരെല്ലാമാണെന്നും ജിജ്ഞാസുക്കളായ നാട്ടുകാരെ അറിയിക്കുകയാണ് ഈ വിശേഷാൽ പതിപ്പിന്റെ പ്രധാനമായ ഉദ്ദേശം. ഇതിനകത്തു് അച്ചടിച്ചിട്ടുള്ള പടങ്ങളിൽ നിങ്ങൾക്ക് നാളത്തെ ഭരണാധികാരികളെയാണ് കാണാൻ കഴിയുക. ഒരു നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ ഒരു ജനതയെ സ്വാതന്ത്ര്യസമരനായിച്ച പാരമ്പര്യവുംപറഞ്ഞു് എക്കാലത്തും ഭരിക്കണമെന്നും സാധുമല്ലെന്നും ഒരു തിരഞ്ഞെടുപ്പിലൂടെ ജനത വിളിച്ചു പറയാൻ പോകുന്നതു് ലോകചരിത്രത്തിൽ ഇതാദ്യമായാണെന്നു തോന്നുന്നു. തിരുകൊച്ചിയിലെ ഈ പരീക്ഷണം ഇരുപതാംനൂറ്റാണ്ടിലെ വൈവിധ്യപൂർണ്ണവും അതീവ സങ്കീർണ്ണവുമായ രാഷ്ട്രീയപ്രശ്നങ്ങളിൽ ഒരു പുതിയ അദ്ധ്യായം കുറിക്കുന്നതായിരിക്കും. സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്ന കഷ്ടക തൊഴിലാളി പാർട്ടികൾ ഒരു തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നതായി ലോകചരിത്രത്തിൽ രേഖയില്ല. തിരുകൊച്ചിയിൽ നാം ആ പരീക്ഷണം നടത്തുകയാണ്. ഈ പരീക്ഷണത്തിൽ നാം വിജയികളായാൽ ഭാരതത്തിന്റെയും ഏഷ്യൻരാഷ്ട്രങ്ങളുടേയും മാത്രമല്ല ലോകത്തിന്റെതന്നെ രാഷ്ട്രീയ ഭൂപടത്തിൽ അതു് ഒരു പുതിയ നിറം ചാർത്തിരിക്കയില്ല. ഒരു പക്ഷേ ഇന്നു പ്രാബല്യത്തിലിരിക്കുന്ന രാഷ്ട്രീയ ചിന്താഗതികൾക്കതന്നെ നൂതനങ്ങളായ പാഠങ്ങൾ പഠിക്കുവാൻ അവസരം നൽകുന്ന ഒരു പരീക്ഷണമായി ഈ തിരഞ്ഞെടുപ്പു മാറിക്കൊടുന്നില്ല. ഈ രാഷ്ട്രീയ പ്രധാനും മറച്ചുവച്ചുകൊണ്ട് തെരുവുപിള്ളേരുടെ ഭാഷയിൽ രാഷ്ട്രീയരംഗത്തുനിന്നു് സംസാരിക്കുന്ന ആളുകൾ ഇന്നു് രംഗത്തുവേണ്ടിടത്തോളമുണ്ട്. ചിന്തിക്കാത്ത ഒരു പക്ഷേ ചിന്തിക്കാനറിഞ്ഞുകൂടാത്ത അക്കൂട്ടരും ഈ നാട്ടുകാരാണ് എന്ന ബോധത്തോടെ നാം അവർക്കുവേണ്ടിയുംകൂടി ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സുകാർക്കു കാണിക്കാവുന്ന നിരുത്തരവാദിത്വമൈകുമുന്നണിക്കു് കാണിക്കുവാൻ നിവർത്തിയില്ല. കോൺഗ്രസുകാർക്ക് കോൺഗ്രസ്സിന്റെ ഭാരം മാത്രമേ താങ്ങേണ്ടതുള്ളൂ. നാം നാട്ടിന്റെ ഭാരമാണേൽക്കാൻ പോകുന്നതു്. മരിക്കാൻ പോകുന്ന രോഗി കാണിക്കുന്ന വെപ്രാളങ്ങളല്ല വിപ്ലവകാരികളുടെയെല്ലാം ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് കാണിക്കാതിരിക്കയില്ല. അവസാനവാരത്തിൽ വോട്ടറന്മാരെ വിലയ്ക്കു വാങ്ങാനായി അനേകലക്ഷം രൂപയുമായി ബോംബേയിൽനിന്നു് കോൺഗ്രസ്സിന്റെ ഒരു പ്രധാനി വരാൻപോകുന്നുണ്ട് എന്നും കേൾക്കുന്നു. അധികാരത്തിന്റെ ഭീഷണി പണക്കൊഴുപ്പിന്റെ ധാരാളിത്തം വകതിരിവില്ലായ്മയുടെ കോമാളിത്തം വിവരമില്ലായ്മയുടെ വിസ്മയാട്ടം ഇതെല്ലാം തിരഞ്ഞെടുപ്പുദിവസം സമീപിക്കുന്തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എങ്ങനെയെങ്കിലും തിരഞ്ഞെടുപ്പിൽ കുറെ കുഴപ്പങ്ങളും ഉണ്ടാക്കണമെന്നാണ് കോൺഗ്രസ്സുകാരുടെ പരിപാടി. ഈ പരിപാടി നേരത്തെ നാം മനസ്സിലാക്കിയിരുന്നില്ല എങ്കിൽ അപകടം വന്നുമറിഞ്ഞിട്ടേ നാം ഉണരുകയുള്ളൂ. പല നിയോജകമണ്ഡലങ്ങളിലും അമിതമായ ശുഭാപ്തിവിശ്വാസം കുഴപ്പങ്ങളും ഉണ്ടാക്കുകയില്ലേ എന്നു ഞങ്ങൾക്കു ഭയമുണ്ട്. ഓരോ വോട്ടിനും എല്ലാ വോട്ടിന്റേയും വില ഉണ്ട് എന്ന ബോധത്തോടെ നാം മുന്നോട്ടു നീങ്ങേണ്ടിയിരിക്കുന്നു.

അണികളുടെ പിന്തുണ സമ്പാദിക്കുക മാത്രമല്ല ആ പിൻതുണ സംഘടിതമായ ഒരു ശക്തിയാക്കി രൂപാന്തരപ്പെടുത്താനും നിലനിർത്താനും നമുക്കു കഴിയണം തിരഞ്ഞെടുപ്പു വിജയിക്കാൻ മാത്രമല്ല ഒരു രാഷ്ട്രീയപാർട്ടി

പത്രാധിപരോട് സംസാരിക്കുക

[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപക്ക് എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അഞ്ചു രൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

വി. ആർ. വിജയരാഘവൻ, ഓച്ചന്തുരുത്തു്.

നിങ്ങൾ പങ്കെടുക്കുന്ന കോൺഗ്രസ്സ് സ്ഥാനാർത്ഥി മി. ദാസു നിങ്ങളുടെ അഭിപ്രായത്തോടു അനുവാദത്തോടു കൂടിയാണു് കാൺഗ്രസ്സ് സ്ഥാനാർത്ഥിയായതെന്നു കേൾക്കുന്നു. പിന്നെ എന്തുകൊണ്ടാണു് നിങ്ങൾ ദാസിനെതിരായി സ്ഥാനാർത്ഥിയായതു്.

തിരഞ്ഞെടുപ്പിനു് നാമനിർദ്ദേശപത്രിക കൊടുക്കുന്നതിനു മുൻപു് ഞാൻ മി. ദാസിനെ കണ്ടിട്ടേയില്ല. കണ്ടിരുന്നാലും ഒരു കാൺഗ്രസ്സ് സ്ഥാനാർത്ഥിയായി നിൽക്കാൻ ഉദ്ദേശിക്കുന്ന ആളെ ഞാനെങ്ങിനെയാണു് പിൻതുണ വാഗ്ദാനം ചെയ്യുക. നിയോജകമണ്ഡലത്തിൽ പല ഭാഗത്തും അവർ ഈ നുണ പരത്തിയിട്ടുള്ളതായി മറ്റു ചിലരിൽനിന്നും എനിക്കറിയാൻ കഴിഞ്ഞു.

സി. യു. ഡി. രാജൻ, വ: പാവൂർ.

കമ്മ്യൂണിസ്റ്റുകാർ റഷ്യൻ ചാരന്മാരാണെന്നും അങ്ങനെയുള്ളവർക്കു വോട്ടുനൽകിയാൽ നിങ്ങളുടെ കഴുത്തിനു കത്തിവെക്കുന്നതിനു തുല്യമാണെന്നും നിങ്ങൾക്കു പിന്നെ ഒരിക്കലും വോട്ടുചെയ്യുണ്ടാവരികയില്ലെന്നും ഇവിടെ നടന്ന പല കാ: തെരഞ്ഞെടുപ്പു പ്രസംഗപീഠങ്ങളിൽനിന്നു് മുഴങ്ങികേൾക്കുന്നു. ഇതു ശരിയാണോ?

തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സുകാരെ എതിർക്കുന്ന പാർട്ടികളുടെ കൂട്ടത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുമുണ്ടു്. കമ്മ്യൂണിസ്റ്റുപാർട്ടി അധികാരത്തിൽ വന്നാൽ പിന്നെ തെരഞ്ഞെടുപ്പുണ്ടായിരിക്കയില്ല എന്നാണു് കാൺഗ്രസ്സുകാരുടെ വാദം. ഇതു് ഒരു നുണയാണു്. കമ്മ്യൂണിസ്റ്റുരാഷ്ട്രങ്ങളിൽ തിരഞ്ഞെടുപ്പുണ്ടു്. ഇവിടത്തേക്കാൾ കൂടുതൽ ശതമാനം ആളുകൾ വോട്ടു ചെയ്യാറുമുണ്ടു്. വോട്ടെല്ലാം ഒരു പാർട്ടിക്കാണു് ചെയ്യുന്നതും ഒരു പാർട്ടിഗവർമ്മെന്റു് പാശ്ചാത്യ ജനാധിപത്യസമ്പ്രദായത്തിനു് വിരുദ്ധമാണു്. പക്ഷേ പാശ്ചാത്യ ജനാധിപത്യത്തിനു് വാഗ്ദാനം ചെയ്യാൻ കഴിയാത്ത ഒരു കാര്യം കമ്മ്യൂണിസ്റ്റുകൾ സ്വാധിപത്യം വാഗ്ദാനം ചെയ്യുന്നുണ്ടു്. പ്രായപൂർത്തിയായവർക്കു് വോട്ടവകാശം മെലികാവകാശമായി പ്രഖ്യാപിച്ചിട്ടുള്ളതുപോലെ ജനിച്ചാൽ ജോലിചെയ്യാനും കൂലി വാങ്ങാനും ജീവിക്കാനുമുള്ള അവകാശം കമ്മ്യൂണിസ്റ്റുസോഷ്യലിസ്റ്റാധിപത്യം രാഷ്ട്രത്തിന്റെ നിയമപരമായ മൗലികാവകാശമായിട്ടുണ്ടു്. അഭിനന്ദനാർഹമായ ഈ നേട്ടത്തിനു് ചില നിയന്ത്രണങ്ങൾ ആവശ്യമായിത്തീരുന്നു എന്നേയുള്ളൂ. വിചാരണചെയ്യാതെ ആരെ വേണമെങ്കിലും തടങ്കലിൽവയ്ക്കുവാൻ നിയമം ഉണ്ടാക്കുന്ന ജനാധിപത്യങ്ങളും ഇതിൽ അപാകതകാണുന്നതിൽ അർത്ഥമില്ല. അതുപോകട്ടെ ഇവിടത്തെ പ്രശ്നം കമ്മ്യൂണിസമായല്ല. ഇടതുപക്ഷങ്ങളും ഇന്നു് വിഭാവന ചെയ്യുന്ന ഭരണക്രമം പാശ്ചാത്യജനാധിപത്യസമ്പ്രദായത്തിനകത്തുള്ള ഒരു പരീക്ഷണമാണു്. എഴുതപ്പെട്ട നിയമങ്ങളിൽ ബന്ധിതമായ ഇന്ത്യയുടെ ഒരു ഭാഗമാണു് തിരു-കൊച്ചി. തിരു-കൊച്ചിയിലെ ഒരു ഗവർമെന്റിനു് ഇന്ത്യൻ ഭരണഘടന ജനങ്ങൾക്കു നൽകിയിട്ടുള്ള സ്വാതന്ത്ര്യങ്ങളും എടുത്തുകളയാനോ നൽകിയിട്ടില്ലാത്ത സ്വാതന്ത്ര്യങ്ങളും നൽകാനോ സാധ്യമല്ല. വിവരമില്ലാത്തവർ തിരഞ്ഞെടുപ്പു പ്രസംഗം നടത്തുന്നുണ്ടെന്നുവരുമ്പോൾ കഥയില്ലായ്മ ഭൂഷണമായി അണിയും.

എൻ. പി. ബലരാമൻ, കലവൂർ.

ഒരേ പരിപാടി, ഒരേ ചിഹ്നം, ഈ തത്ത്വത്തിൽ മുന്നോട്ടു വരുവാൻ ആഹ്വാനം നൽകിയ മി. കെ. സുകുമാരനെ അവഗണിച്ചു് ഒരു ത്രികോണമത്സരം ഒഴിവാക്കുന്നതിനു് അവസരം കാൺഗ്രസ്സിനെ നിലപരാജയപ്പെടുത്തുന്നതിനു് ഇടതുപക്ഷങ്ങൾ തീരുമാനിച്ചതു നിലപാടു് ശരിയായതോ? എന്തുകൊണ്ടു്.

നമ്മുടെ രാഷ്ട്രീയരംഗം അനുക്രമമായി പ്രബുദ്ധതപൂണ്ടു് വളരുകയാണു്. ഇന്ത്യയിൽ ആദ്യമായാണു് ഇവിടെ പി. എസ്. പി. [illegible]

ക്കും വഞ്ചിക്കാൻ സാധ്യമല്ലാത്ത ജനങ്ങളുടേതായ ഒരു പുതിയ സമൂഹശക്തി സൃഷ്ടിക്കാനുംകൂടിയാണു് നാം തിരഞ്ഞെടുപ്പരംഗത്തേക്കു് പടനീക്കം ആരംഭിക്കുന്നതു്. ഈ രാജ്യത്തിന്റെ ചരിത്രത്തിൽ നിർണ്ണായകമായ ഒരു ഘട്ടം നാം ഈ തിരഞ്ഞെടുപ്പിലൂടെ തരണം ചെയ്യാൻ പോകുകയാണു്. ആ ഘട്ടത്തിന്റെ ഗൗരവത്തിനനുസരണമായി ഉയരാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ തിരഞ്ഞെടുപ്പിൽ വിജയിച്ചതുകൊണ്ടും പ്രയോജനമില്ലെന്നാണു് എനിക്കു തോന്നുന്നതു്. നമ്മുടെ ദേശീയ ചിന്താശക്തിയും പ്രബുദ്ധതയും സാമുദായിക സങ്കുചിതത്വത്തിനും പുരോഹിത സൂത്രധാരിത്വത്തിനും കീഴ്വഴങ്ങി കാൺഗ്രസ്സിന്റെ മുഖപ്രീണനമായി കിടക്കുന്ന ഈ സന്ദർഭത്തിൽ കാൺഗ്രസ്സിൽനിന്നു് രാജ്യഭരണത്തെ വിമുക്തമാക്കാനുള്ള പാർട്ടികൾക്കിടയിലുണ്ടായ ഒരു ദേശീയ മുന്നേറ്റമാണു് നാമിന്നു കാണുന്നതു്. ഈ മുന്നേറ്റം തികച്ചും അസംഘടിതമാണു്. അതിനു് സംഘടിതരൂപം നൽകാൻ കഴിഞ്ഞാൽ വിശ്വാസങ്ങളെ മയക്കാൻ മതിയായ അജയ്യമായ ഒരു മനുഷ്യാഭിലാഷശക്തി അതിൽനിന്നുടലെടുക്കും. ഓരോ പൗരനും ഈ നാടു് എന്റേതാണു് ഈ നാടിനെ സൂക്ഷിക്കേണ്ടതു് എന്റെ മുമ്പിലയാണു് ഞാൻ കൂടിയില്ലെങ്കിൽ രാജ്യതാല്പര്യം അപകടത്തിലാണു് എന്ന ബോധത്തോടെ ഈ നാട്ടിലെ പുൽക്കൊടികൾപോലും രാഷ്ട്രീയപ്രബുദ്ധതയിൽ പ്രകമ്പനംകൊണ്ടു് ഒരു പുതിയ പ്രഭാതത്തിന്റെ പിറവിക്കു മുൻപുള്ള സുഖകരമായ കോരിത്തരിപ്പിൽ രോമഹർഷമണിഞ്ഞു് പൂവച്ചക്കുവാളത്തിൽ ആശയുടെ ചെങ്കനൽ പ്രഭ നോക്കിനിൽക്കുമ്പോൾ ഉണർത്തുക ആവേശജനകമായ ഒരു പശ്ചാത്തലം തിരഞ്ഞെടുപ്പുകാലത്തു് ഇവിടെ ഉണ്ടാക്കണം ഇന്നു് ഊതിത്തുടങ്ങിയിരിക്കുന്ന രാഷ്ട്രീയക്കാറ്റാണു് ജനശക്തിയിൽ വേഗതപൂണ്ടു് ഗാംഭീര്യംപൂണ്ടു് ഉഗ്രതരമായി ഈ നാട്ടിൽ വീശിയടിക്കുന്ന പ്രചണ്ഡമായ വഞ്ചനയിൽ കൊടുങ്കാറ്റിൽ മായാനുള്ളതു മായാൻപോവുകയാണു്. തകരാനുള്ളതു് തകരാൻപോവുകയാണു് ഉറയ്ക്കുന്നുള്ളതു് ഉറയ്ക്കാൻപോവുകയാണു്.

ഉഷാർ!

കെ. ബാലകൃഷ്ണൻ.

പി. യും കമ്യൂണിസ്റ്റും യോജിച്ച് ഒരു തിരഞ്ഞെടുപ്പ് മൽസരത്തിൽ പങ്കെടുക്കുന്നതു്. ഇവിടത്തേക്കു മാത്രമല്ല ഇന്ത്യയൊട്ടുക്കു തന്നെ മഹത്തായ ഒരു സന്ദേശമാണ് തിരു: കൊച്ചി ഈ ഐക്യത്തിലൂടെ നൽകുന്നതു്. ഇതു് എണ്ണപ്പെടേണ്ട ഒരു ചുവടുവയ്പാണ്. ആരേയും അവഗണിച്ചുകൊണ്ടല്ല ആരേയും അവഗണിക്കരുതു് എന്നുള്ളതുകൊണ്ടാണ് ഇടതുപക്ഷങ്ങളും ഈ നില സ്വീകരിച്ചതു്.

പി. വി. മത്തായി, പാമ്പാടി

നിഷ്പക്ഷനായ ഞാൻ കോൺഗ്രസ്സ് പ്രചരണത്തിനുവേണ്ടി പണംപിരിക്കൊണ്ടു്, ആത്മാർത്ഥമായി വിശ്വസിക്കുന്ന പ്രതിപക്ഷത്തിനുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്നു. ഇതിനെ നിങ്ങൾ എന്തു പേർ വിളിക്കും?

പേരൊക്കെ തിരഞ്ഞെടുപ്പുകഴിഞ്ഞിട്ടു പറയാം. പ്രവർത്തനം നടത്തുക.

ഗോപി, എറണാകുളം

1954 ഫെബ്രുവരിയിലെ മാതൃഭൂമിയിൽ തിരുവനന്തപുരം ലേഖകന്റെ താഴെ ചേർക്കുന്നതു്:—

ഇടതുപക്ഷകക്ഷികളിൽ കമ്യൂണിസ്റ്റുകാരൊഴിച്ചു് മറ്റെല്ലാവരും ഒരു ഗവർമ്മെൻറുണ്ടാക്കുവാൻ തങ്ങൾക്കുകഴിവില്ലെന്നു തുറന്നു സമ്മതിക്കുന്നുണ്ടു്. ആർ.എസ്.പി. നേതാവു് ശ്രീകണ്ഠൻനായർ എം. പി. ഇവിടെ പഴവങ്ങാടി മൈതാനത്തിൽവച്ചു തന്നെ മറ്റൊരു പരമാർത്ഥവും തുറന്നു പ്രഖ്യാപനം ചെയ്യുകയുണ്ടായി. ഏതെങ്കിലും രീതിയിൽ ഇടതുപക്ഷ കക്ഷികളും ഒരു ഗവർമ്മെൻറുണ്ടാക്കി എന്നു തന്നെ വന്നാൽപോലും ആ ഗവർമ്മെൻറിനു് ഏതാനും ദിവസങ്ങൾ മാത്രമേ ആയുസ്സുള്ളു എന്നു്. പൊതു ലക്ഷ്യത്തിലോ നിയമപരിപാടികളിലോ കമ്മ്യൂണിസ്റ്റുകാരോടു യോജിക്കുവാൻ ഇടതുപക്ഷങ്ങളും ആരും തയ്യാറില്ലെന്നും കമ്മ്യൂണിസ്റ്റുകാർ അവരുടെ കുത്തിത്തിരിപ്പുകൾ കൊണ്ടും കൊടും വഞ്ചനകൊണ്ടും കൂട്ടുപാർട്ടികളെ മുഴുവൻ നശിപ്പിക്കണമെന്നുള്ളതു് അന്തിമലക്ഷ്യമാണെന്നും അതുകൊണ്ടു് കമ്മ്യൂണിസ്റ്റുകാർ ഒരിക്കലും വേണ്ടി. മറ്റുള്ളവർക്കു കൂട്ടുനിൽക്കുകയില്ലെന്നും അരിവാളും ചുറ്റികയുമുള്ള കൊങ്കോടി ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ ശ്രീകണ്ഠൻനായർ എം. പി ഇവിടെ തലസ്ഥാനനഗരിയിൽവച്ചു തിരുകൊച്ചിക്കാർക്കു് ഉറപ്പുകൊടുത്തു ..."

പത്രാധിപരെന്തു പറയുന്നു?

മാതൃഭൂമിയിൽ ഇത്തരം പല റിപ്പോർട്ടുകളും വന്നുകാണാറുണ്ടു് അവരുടെ തിരുവനന്തപുരംലേഖകൻ ഒരു കോൺഗ്രസ്സ്കാരനാണു് സ: ശ്രീകണ്ഠൻനായർ തിരുവനന്തപുരത്തുചെയ്ത എല്ലാ പ്രസംഗങ്ങളും ഞാൻ കേട്ടിട്ടുണ്ടു്. ഇങ്ങനെ അദ്ദേഹം ഒരു സ്ഥലത്തും പറഞ്ഞില്ല. റിപ്പോർട്ടറന്മാർ ആഗ്രഹങ്ങളും വാർത്തകളായി എഴുതിഅയക്കുക കഴിവില്ലായ്മയുടെ ലക്ഷണമാണു്.

പി. കെ. മണി, മുളക്കുളം.

രാഷ്ട്രീയം തുടങ്ങുന്നതു് എവിടെ വച്ചാണു്?

ജനിച്ചുശേഷം ആദ്യത്തെ മുലപ്പാലിനുവേണ്ടി കരഞ്ഞുതുടങ്ങുമ്പോൾമുതൽ മനുഷ്യജീവി രാഷ്ട്രീയത്തിന്റെ സമരം അനുഭവിച്ചുതുടങ്ങും. സമൂഹക്രമത്തിനും സാമ്പത്തികനീതിക്കും താങ്ങും തണലും രോഗകൂടമാണെങ്കിൽ ഭരണകൂടം രാഷ്ട്രീയമാണെങ്കിൽ ആത്മീയോടെ ഉഴുതിയാലും മുലപ്പാൽ ഉഴുതിവരാത്ത അമ്മമാരിലൂടെ ജനിച്ച കുഞ്ഞു് രാഷ്ട്രീയത്തിന്റെ ബാലപാഠങ്ങളും അനുഭവിക്കും. അതറിഞ്ഞുവരാൻ കുറച്ചു കാലതാമസമുണ്ടായേയ്ക്കാം.

കെ. പി. ശ്രീകുമാരി, തിരുവനന്തപുരം.

എപ്പോഴെങ്കിലും നിങ്ങൾ നിങ്ങളല്ലാതായിത്തീർന്നിട്ടുണ്ടോ?

ഞാനെപ്പോഴെങ്കിലും യഥാർത്ഥ ഞാനായി നിന്നിട്ടുണ്ടോ എന്നാ

R. S. P. TIMBER DEPOT,


EAST THAMPANOOR

TRIVANDRUM 1

തേക്ക്, ഈട്ടി, വേങ്ങ, തേമ്പാവു്, മരുതു്, ആഞ്ഞിലി, മുതലായ എല്ലാത്തരം ഉരുപ്പടികളും അതുപോലെ ഉരുപ്പടികളും മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

N. B. ഓർഡർപ്രകാരം ഏതിനം ടൈസസ് ഉരുപ്പടികളും കൃത്യസമയത്തു് അയച്ചുകൊടുക്കുന്നതാണു്,

Phone 2743. Prop: ശങ്കർ, R. ശ്രീധരപ്പണിക്കർ



ഒൻപതാമൽസവം

★

കേരളത്തിൽ വേലായുധൻനായരുടെ ആത്മഗതം:—

ആ പനമ്പിള്ളിയുടെ വാക്കു കേട്ടതേ അബദ്ധമായിപ്പോയി. രണ്ടു തിരഞ്ഞെടുപ്പ് നടത്തിയാൽ കാൺഗ്രസ്സിനു വോട്ടു തുലുവാരാം. അധികാരം നമ്മുടെ കയ്യിലല്ലേ ഇരിക്കുന്നതു്. പള്ളിക്കൂടംവേണോ? പുകവൽ വേണോ? റോഡുവേണോ? പാലംവേണോ? ഉദ്യോഗംവേണോ? പ്രമോഷൻവേണോ? ഇന്നാ പിടിച്ചോ എന്നു പറഞ്ഞാൽ എല്ലാവരും വാലാട്ടിക്കൊണ്ടു പുറകെവരും. അങ്ങനെ വരുത്തുവനെയൊക്കെ പോലീസിനെക്കൊണ്ടു തല്ലിയ്ക്കും— എന്നൊക്കെ വടഗീസ് സാറു പറഞ്ഞതാ. കഷ്ടകാലത്തിനു ശങ്കുണ്ണിപ്പിള്ളയേയും സുകുമാരനെയും പിണക്കി. ശങ്കരൻ മന്നവും ഉള്ള കാലത്തോളവും ഈഴവന്റെയും നായരുടെയും വോട്ടെല്ലാം കാൺഗ്രസ്സിനെന്നാ നിനച്ചേ. കണ്ടില്ലേ ആ പാലായിലെ പാർലമെൻറ തെരഞ്ഞെടുപ്പ് കാരണമായതും ഈഴവരും - എന്തിനു പറയുന്നു, കാരഹിയുപോലും കാൺഗ്രസ്സിനു വോട്ടുചെയ്തില്ല. പട്ടാഴിയും പത്തനാപുരവുമൊന്നും വേണ്ടായിരുന്നു. മണിമലയൊ, പാലായോ ഒരു സീറുകിട്ടിയാൽ മതിയായിരുന്നു. എന്തായാലും ക്രിസ്ത്യാനിയുടെ മന്ത്രിയെന്നു പേരുപിടിച്ച നനച്ചിരുത്തിയാൽ പൂച്ചതന്നെ തീരണം. ഒരു കാര്യം തീർച്ച ഈ തെരഞ്ഞെടുപ്പിൽ ഹിന്ദുക്കളെ എന്നെ തോല്പിച്ചാൽ ഉടൻ മാറ്റം കൂടുകതന്നെ. അതിനും ഉണ്ടല്ലോ വിഷമം ഈ വയസ്സൻ മന്നം തുള്ളിച്ചുന്തു കളയുമെന്നാ പറയുന്നേ. ആകപ്പാടെ കുഴപ്പമായി എന്നാലും പരിപാടികളുണ്ടു് ആസൂത്രണംചെയ്തവച്ചിരിക്കുന്നതു്. കായ്കൊല്ല കൂടി മന്ത്രിയായിരുന്നെങ്കിൽപിന്നെ രാഷ്ട്രീയത്തിൽനിന്നും പാടെ മാറിക്കളയാമായിരുന്നു. ആവിശ്വാസപ്രമേയം അവതരിപ്പിക്കുമ്പോ എന്നു കൊച്ചുകുട്ടനും മാധവനും കാലിൽവീണു പറഞ്ഞതാണു്. എം എൻ ഗോവിന്ദൻനായരെ വെല്ലുവിളിച്ചതേ അബദ്ധം ശങ്കുണ്ണിപ്പിള്ളയെ പിണക്കിയതു് രണ്ടാമത്തെ അബദ്ധം. തലേലെഴുത്തിന്റെ പിടലിയിൽ ചൊറിഞ്ഞാൽ പറമ്പോ വരാനുള്ളതുവരും അപ്പോൾ ഇനിയെന്താ എന്റെ രാഷ്ട്രീയഭാവി? തോറാമന്ത്രിമാരെ ഗവർണ്ണർമാരാക്കുമെന്നുവയ്പ്പ്. അല്ലെങ്കിൽ അംബാസിഡർമാരാക്കുമെങ്കിലും കുറഞ്ഞപക്ഷം ഒരു കൗൺസിലെങ്കിലും ഒരു ജില്ലാ ജഡ്ജിയുദ്യോഗമെങ്കിലും കിട്ടിയാൽ മതിയായിരുന്നു. ആ ദേവസ്വം ബോർഡിൽ ഒന്നു കേറാനൊത്തെങ്കിൽ ഈ മന്ത്രിയുദ്യോഗമൊക്കെ അതിന്റെ മുമ്പിൽ പല്ലാണു്. അതിലും കിടക്കുന്നല്ലോ വിഷം ഈ കിഴവൻ മന്നം അതിനുവേണ്ടി കാലിൽ എണ്ണയുംതേച്ചു നടപ്പാ. മന്നം ദേവസ്വംബോർഡിൽ കേറിയാൽ ബോർഡിന്റെ ലീഗൽ അഡ്വൈസറായി എന്നെത്തന്നെ നിയമിക്കും. അല്ലെങ്കിൽ അടുത്തതെരഞ്ഞെടുപ്പുവരെ. നാലുമുകൊല്ലം അങ്ങനെ മുന്നിക്കേടെന്നാ വരും നമ്മുടെ രാഷ്ട്രീയഭാവി. കാരമാറിവീഴുന്നെങ്കിൽ കമ്മ്യൂണിസ്റ്റാറായിക്കളയാം. ശങ്കുണ്ണിപ്പിള്ളയോടു പകവീട്ടുകയും ചെയ്യാം. സ്വരാജ് മോട്ടോഴ്സും ബോട്ടുസർവീസും ഉടനെ ദേശസാൽക്കരിക്കുമെന്നു പാർട്ടിയിൽ വാദിക്കാം. അപ്പോൾ നമ്മുടെ സമ്പാദ്യമോ? സമ്പാദ്യമൊക്കെ അനന്തരവന്റെ പേരിലാക്കിക്കൊടുക്കുകയും. വല്ലതും ഒരു തുക പാർട്ടിയ്ക്കു സംഭാവനചെയ്യാം. ദേശീയ മുതലാളിമാരെ കമ്മ്യൂണിസ്റ്റാറാക്കുന്ന പാർട്ടിയുടെ പഠനം— ആലോചന ഇതുപോലെ ചിന്തിച്ചപ്പോൾ കളത്തിൽ ആവേശഭരിതനായി എഴുന്നേറ്റുനിന്നു് മുഷ്ടി ചുരുട്ടി ആകാശത്തു ഇടിച്ചുകൊണ്ടു മുദ്രാവാക്യം വിളിയുടങ്ങി— കമ്മ്യൂണിസ്റ്റാറുപാർട്ടി നമ്മുടെ പാർട്ടി — ഇങ്കുപിലാബ്— സിന്ദാബാദ് ശങ്കുണ്ണിപ്പിള്ള തലയുടെ

ശങ്കുണ്ണിപ്പിള്ളയുടെ ആത്മഗതം:—

വലമറന്നെണ്ണതേച്ചവനൊന്നും ഗുണംപിടിച്ചിട്ടില്ല. ഈ വേലായുധൻനായരെ മന്ത്രിയാക്കിയതാരാ? ഈ ഞാനല്ലേ? എന്നിട്ടിപ്പോൾ അവൻ എന്റെ നേരെ തിരിഞ്ഞിരിക്കയാ. ഇട്ടുകൊടുക്കുകടിക്കുന്നവനായ ഇവനൊക്കെ ഹിന്ദുമണ്ഡലവും പൊക്കിപ്പിടിച്ചോണ്ടു നടന്നപ്പോ ദേശബന്ധുവില്ലെങ്കിൽ കുണാമായിരുന്നു മന്നശങ്കരന്മാർപോലും! ആ തൊരു ഇരുതലമൂരിയാ. എല്ലാവരും ഇപ്പോൾ മാപ്പിളയുടെ പുറകെ വാലുമാട്ടി നടക്കയാ. മന്ത്രിയാവണം ദേവസ്വംബോർഡാവണം. കൊക്കേ. കള്ളി കണ്ടറിയാം. ഐക്യകുന്നായും ജയിക്കട്ടു— കാൺഗ്രസ്സും ജയിക്കട്ടു. എന്നാലെ ഇവന്മാർ ഇനിയും തങ്ങടെ അടുത്തുവന്നു പാട്ടുകിടക്കു. രാജ്യം ആണ്ടങ്ങനെ ഭരിക്കട്ടെ—റിസീവർ. ശങ്കുണ്ണിപ്പിള്ളേട്ടു കളിച്ചാൽ അനുവേമിതാ. ഇടതുപക്ഷവും വേണ്ടാ— വലതുപക്ഷവും വേണ്ടാ. തുട്ടർ അടിച്ചു നിന്നുകളയാം. ആ പനമ്പിള്ളി ആണ്പിള്ള ശങ്കരൻ. അവൻ ജയിച്ചുവരണം അവൻതന്നെ പ്രധാനമന്ത്രിയാവണം. പാലക്കടിയിലെ കത്തോലിക്കർ പററിക്കട്ടേ

പനമ്പിള്ളിയുടെ ആത്മഗതം:—

പാലക്കടിയിൽ എത്ര പണമാണിറക്കിയതു് എല്ലാം അവിടുത്തെ പൊതുജനങ്ങൾക്കു വേണ്ടിയല്ലേ? എന്നിട്ടും അവർ എന്നെ ചതിക്കുമോ? തിരുവിതാംകൂറിലെ കത്തോലിക്കാവിഷം ഇപ്പോൾ കൊച്ചിയിലും കൂടി വ്യാപിച്ചിരിക്കുന്നു മൂവാറ്റുപുഴയും മൂത്തേടത്തും പാലക്കടിയിൽ ഇറങ്ങി കത്തോലിക്കരെ പാഞ്ഞിട്ടുകയാ. തോറ്റാലും ഒന്നും വരാനില്ല. സിലോണിലെ ഇന്ത്യാഹൈക്കമ്മീഷണറുദ്യോഗം ഉടനെ ഒഴിവു വരികയാ. നെഹ്റുവിനെ പാ

ണ്ട് എന്റെ സംശയം.

കെ. ദിവാകരൻ, കായംകുളം.

തിരഞ്ഞെടുപ്പിനു നിൽക്കുന്ന സ്ഥാനാർത്ഥികളുടെ ക്വാട്ടത്തിൽ കൊള്ളാവുന്നവരും കൊള്ളരുതാത്തവരും ഉണ്ടു്. വോട്ടർമാർ പാർട്ടിയെ വിഗണിച്ചു് ക്വാട്ടത്തിൽ ജനക്ഷേമം കരുതുമെന്നു ബോധ്യമുള്ളവരെ തിരഞ്ഞെടുക്കുകയല്ലേ നല്ലതു്?

ഈ ചിന്താഗതി അത്ഭുതകരവും അപകടം പിടിച്ചതുമാണു്. കാരോ പാർട്ടിയും നിറുത്തുന്ന സ്ഥാനാർത്ഥികളുടെ ലിസ്റ്റു് അതാതു പാർട്ടിയുടെ നന്മതിന്മതിരിച്ചറിയാൻ പ്രയോജനപ്പെടുത്തുന്നതു് കുറെയൊക്കെ മനസ്സിലാക്കാം. പക്ഷെ തിരഞ്ഞെടുപ്പു റോളർ നീങ്ങിത്തുടങ്ങിയശേഷം പല വള്ളങ്ങളിൽ കാലുകുത്തുന്ന ഏർപ്പാടു് ജനാധിപത്യത്തെ അധഃപതിപ്പിക്കാൻ മാത്രമേ സഹായിച്ചുള്ള.

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം കെ.പി. ശ്രീകുമാരി, തിരുവനന്തപുരത്തിനു നൽകുന്നു.

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിപ്തം, തിരുവനന്തപുരം—1

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "ക്യാഷ്സെക്യൂരിറ്റിയിന്മേൽ"

പുതുതായി വിളിക്കും ഉടനെ ആരംഭിക്കുന്നു

(A)	75	രൂ. 40	മാസം	രൂ. 3000	(E)	17½	രൂ. 40 മാസം രൂ. 700x2
(B)	50	,,	,,	,, 2000	(F)	15	,, ,, ,, 600
(C)	37½	,,	,,	,, 1500	(G)	12½	,, ,, ,, 500x4
(D)	25	,,	,,	,, 1000x2			

ഉടനെ ചിട്ടികൾ ഉടങ്ങുന്നു. ആവശ്യപ്പെട്ടാലുടനെ വയ്യോല അയച്ചുതരുന്നതാകുന്നു

കെ. രാമാദരൻപിള്ള

മാനേജിംഗ് ഡയറക്ടർ

USHA

ട്ടിലാക്കിയാൽ ഒരു അംബാസിഡർ ഉദ്യോഗം തന്നെ കീട്ടിയേക്കും. എന്തായാലും കൊച്ചിക്കാർ ചതിക്കുകയില്ല. കൊച്ചിക്കുവേണ്ടി എന്തെല്ലാം ഞാൻ ചെയ്തു. അല്ലെങ്കിൽ പോട്ടെ. അഞ്ചുകൊല്ലം സുപ്രീംകോടതിയിൽ സന്നതെടുത്തുകൊണ്ട് ഡൽഹിയിൽ പോയി താമസിക്കും. അതിനിടയ്ക്ക് തിരു-കൊച്ചി ഗവണ്മെന്റായിത്തന്നെ മടങ്ങിവരും. അന്ന് എല്ലാവരും വന്ന് എന്റെ അടിപണിയും. എങ്ങനെയും തിരു-കൊച്ചിയിൽ ഒരു പൊതുതെരഞ്ഞെടുപ്പുണ്ടാക്കണം. ജയം നമ്മുടേതു്. തല്ക്കാലം ഐക്യമുന്നണിക്കാർ ഭരിക്കട്ടെ. കാൺഗ്രസ്സിന്റെ ജാതകം പിഴച്ചകണ്ടാൽ ഉള്ളതിൽ നല്ലപാർട്ടിയായ കമ്മ്യൂണിസ്റ്റിൽതന്നെ ചേരാം. ഞാൻ അങ്ങോട്ട പെല്ലാമെന്നു പറഞ്ഞാൽ അവർ അഷ്ടമംഗല്യവുമായി എന്നെ സ്വാഗതംചെയ്യും. ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ജനറൽ സിക്രട്ടറി പദത്തിനു ഞാനൊന്നു കൈനീട്ടിയാൽമതി. 1958-ൽ ഇറാലി കമ്മ്യൂണിസ്റ്റു രാഷ്ട്രമാകും. ജമ്മനിതകരും അങ്ങനെ യൂറോപ്പും ഏഷ്യയും മുഴുവൻ കമ്മ്യൂണിസ്റ്റുകും. അതിനിടയ്ക്ക് ഇന്ത്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ജനറൽ സിക്രട്ടറിയായിക്കൊണ്ട് നെഹ്റുവിന്റെ കസേരയിൽതന്നെ കേറിയിരിക്കാം. അങ്ങു പ്രസംഗം—കമ്മ്യൂണിസത്തിന്റെ മാഹാത്മ്യത്തെപ്പറ്റി ഇ. എം. എസും, ഏ. കെ. ഗോപാലനും അച്യുതമേനവനും എന്റെ പുകെ നടക്കും. പനമ്പിള്ളി ഗോവിന്ദമേനോൻ വാൻസായ്!

ഏ. ജെ. ജോണിന്റെ ആത്മഗതം:—

ആകപ്പാടെ നാശമായി. വിശ്വാസപ്രമേയം അവതരിപ്പിച്ചതേ അബദ്ധം. വരഗീസും പനമ്പിള്ളിയും കളത്തിലും കൂടിയാണ് എന്റെ മന്ത്രിസഭയെ ചീത്തയക്കിയതു്. ആ ചന്ദ്രശേഖരപിള്ളയും കേശവനും കൂടി കുബിനറിൽ വന്നിരുന്നെങ്കിൽ ഒരു കുഴപ്പവും ഉണ്ടാകയില്ലായിരുന്നു. സുകുമാരന്റെ ചീത്തവിളി കേൾക്കാതെ കഴിയാമായിരുന്നു. എനിയ്ക്കിതിനൊന്നിനും മേലാ. ചീഫ്മിനിസ്റ്ററുമാകണ്ടാ—ഏലക്ഷനും വേണ്ടാ. അച്ചമ്മാരു സമ്മതിയ്ക്കുണ്ടോ? അവക്കു പള്ളിക്കൂടംവേണം, സിമിത്തേരിവേണം അതിനെ ഒക്കെ ഞാൻതന്നെ ഇരുന്നേ പറ്റൂന്നു. അച്ചമ്മാരെ പിണക്കിയാൽ മിശിഹാപോലുക്കത്തില്ല. ആ പാങ്ങോട്ടുപള്ളിയിൽ പോയി തപസ്സിരുന്നെങ്കിൽ എത്ര സുഖമായേനെ. അപ്പോഴുണ്ട് ഈ കന്ത്രാണ്ടം വന്നിരിക്കുന്നു—തെരഞ്ഞെടുപ്പ്. പൂഞ്ഞാറിലെ കാര്യമെല്ലാം അച്ചന്മാർ ഏറ്റിരിക്കും. എൻറീശോ. കാൺഗ്രസ്സിനുതന്നെ ഭൂരിപക്ഷം കിട്ടണേ.

കെ. പി. നീലകണ്ഠപിള്ളയുടെ ആത്മഗതം:—

ഈ കാൺഗ്രസ്സിന്റെ പുറകെ പോയതു വലിയ നാണക്കേടായിപ്പോയി. പി. എസ്, പി. ടിക്കറിൽ മൂന്നാം നിയോജകമണ്ഡലത്തിൽ നിന്നിരുന്നെങ്കിൽ പൂവസ്സുപോലെ ജയിക്കാമായിരുന്നു. ജയിച്ചാൽ സ്പീക്കർ-തോറ്റാൽ വൈസ്ചാൻസലർ, ഇപ്പോൾ രണ്ടും കിന്നത്തിലായെന്നാ തോന്നുന്നതു്. ഇവന്മാർതന്നെ അധികാരത്തിൽ വന്നെങ്കിലല്ലേ പറയൂ. ജയിച്ചാലും തോറ്റാലും ഒരു നൊട്ടിയുമില്ല. ഡെൽഹിയിൽപോയി നെഹ്റുവിന്റെ കാൺഗ്രസ്സിൽചേരും. അവിടന്നങ്ങോട്ടുവരും ഗവണ്മെന്റായി. പട്ടംതാണുപിള്ളയുടെ ഭരണം സ്തംഭിപ്പിക്കും. വീണ്ടും തെരഞ്ഞെടുപ്പു വരുമ്പോൾ കെ. പി. യോടുകളിച്ചാൽ അതാ അനുഭവം.

ടി. എം, വരഗീസിന്റെ ആത്മഗതം:—

എഴുമറ്റൂർ വലിയ എതിർപ്പാ, എന്നാലും ഞാൻ ജയിക്കും. അന്നു കഴിക്കാലകുമാർ എതിത്തിട്ടെന്തായി. പുന്നൂസെതിത്തിട്ടെന്തായി. വയലാ ഇടിക്കുള എതിത്തിട്ടെന്തായി—എതിർപ്പുണ്ടെങ്കിലെ രസമുള്ളു. സുകുമാരന്റെ പത്രം എന്നെയൊന്നും ചെയ്യാനില്ല. ഇത്തവണ എന്തായാലും ചീഫ്മിനിസ്റ്ററാകണം. ഇനി നീട്ടിവയ്ക്കാനൊക്കത്തില്ല. ഇനിയെ പറഞ്ഞു നിൽക്കിക്കൊള്ളാം. ഇത്തവണ പൊല്ലാപ്പിനൊന്നും വരുണ്ടാന്നു്. മാമ്മൻമാപ്പിള പോയതൊരു നഷ്ടമായി. പനമ്പിള്ളി ഇത്തവണ തോൽക്കും. ശങ്കറിന്റെ കയ്യും അവതാളത്തിലാ. ശങ്കർ ജയിച്ചുകിൽ അയാളെക്കൊണ്ടു സുകുമാരനെ എണ്ണപ്പാടയിക്കാമായിരുന്നു. എന്റെ കുബിനറിൽ കളത്തിലിറക്കിയും ശങ്കറെയും പിടിക്കണം. രണ്ടും ശ്രദ്ധവിട്ടാൽ ളാ കൊണ്ടാടനും കരഞ്ഞുകളിപ്പിക്കും. അപ്പുഴേ—ഈ പെമ്പിളേരി എഴുമറ്റൂർ നിന്നതെന്താ! ജോസഫ്ചാഴിക്കാടൻ വോട്ടുപിടിയ്ക്കാൻ ഇങ്ങിയിരിക്കുന്നതു പോൽ അതിയാരെ പിടിയ്ക്കാൻ എന്തായാലും? എന്തായാലും നമ്മളൊന്നല്ലേ? എന്തെല്ലാം കാര്യങ്ങൾ കിടക്കുന്നു നമുക്കു ശരിപ്പെടുത്താൻ.

അഖിലേന്ത്യാ

പ്രദർശനം

സ്റ്റാൾ നമ്പർ 283

സന്ദർശിക്കുക



ചന്ദ്രിക REGD. ഒപ്പിയ സോപ്പ്

ചാരണം


തേമൽ, മുഖക്കുരു

പുഴക്കടി മുതലായവയ്ക്ക്




നമ്മുടെ നാടു ഭരിക്കേണ്ടവർ

★



മത്തായി മാഞ്ഞൂരാൻ
ഞാറയ്ക്കൽ

കൊച്ചിയിൽ 1930-ൽ നടന്ന ചരിത്രപ്രസിദ്ധമായ കഷ്കപ്രക്ഷോഭണത്തിൽ പിതാവായ മാത്യു മാഞ്ഞൂരാനുമൊന്നിച്ച് മത്തായി മാഞ്ഞൂരാൻ രാഷ്ട്രീയരംഗത്തേയ്ക്കു വന്നു. കുറെക്കാലം ചില ഇന്ത്യൻ നാട്ടുരാജ്യങ്ങളിൽ പ്രധാന ഉദ്യോഗങ്ങൾ വഹിച്ചിട്ടുണ്ട്. 1942-ലെ സമരത്തിൽ സജീവമായി പങ്കെടുത്തു. സുപ്രസിദ്ധമായ കിഴരിയൂർ ബാംബ്കേസിലെ പ്രതിയാണ് മത്തായി. പ്രജാമണ്ഡലത്തിന്റെ പ്രമുഖ പ്രവർത്തകനായിരുന്ന പല പ്രാവശ്യം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. സ: ശ്രീകണ്ഠൻനായരുമൊത്ത് കെ. എസ്. പി. രൂപീകരിച്ചു. കഴിഞ്ഞതവണ കൗൺസിൽ അഫ് സ്റ്റേറ്റിലേയ്ക്കു തെരഞ്ഞെടുത്തു. സ: മത്തായി കെ. എസ്. പി. യുടെ ശ്വാസകോശമാണ്. അവിവാഹിതനായ ഈ മദ്ധ്യവയസ്കൻ ഒരു യുവാവിന്റെ പ്രസരിപ്പോടെ രാഷ്ട്രീയരംഗത്ത് അക്ഷീണം പ്രവർത്തിക്കുന്നു.



ടി. വി. തോമസ്
ആലപ്പുഴ 2

വിദ്യാർത്ഥിയായിരുന്ന കാലത്തു് ടി. വി. നല്ല ഒരു ഫുഡ്ബാൾ കളിക്കാരനും സ്പോർട്ട്സ്മാനുമായിരുന്നു. ബി എൽ. ബിരുദം നേടിക്കഴിഞ്ഞു് സ: ടി. വി. ആലപ്പുഴ കയർ ഫാക്ടറിവർക്കേഴ്സ് യൂണിയനുമായി ബന്ധപ്പെടുകയും തുടർന്ന് പ്രസ്തുത യൂണിയന്റെ പ്രസിഡണ്ടാവുകയുംചെയ്തു. പലതവണ ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. കഴിഞ്ഞ അസംബ്ളിയിലെ പ്രതിപക്ഷനേതാവായി ഉയർന്ന ടി. വി. ആലപ്പുഴ മുൻസിപ്പൽ ചെയർമാൻകൂടിയാണ് ഹൃദ്യമായ പെരുമാറ്റംകൊണ്ട് ധാരാളം സുഹൃത്തുക്കളെ സമ്പാദിക്കുവാൻ ടി. വി. ക്കു കഴിഞ്ഞിട്ടുണ്ട്.

എം. എൻ. ഗോവിന്ദൻ നായർ
പത്തനാപുരം

കാൺഗ്രസ്സിലെ പഴയ ഒരു പ്രവർത്തകനായിരുന്നു. വാദ്ധ്യായിൽപോയി താമസിച്ചിട്ടുണ്ട്. ഉത്തരവാദഭരണപ്രക്ഷോഭണകാലത്തെ അക്ഷീണമായ പ്രവർത്തനങ്ങൾകൊണ്ട് രോഗബാധിതനായ എം. എൻ. ജീവിതത്തിൽ ഒരു നല്ല പങ്ക് ഒളിവിലും ജയിലിലുമാണ് കഴിച്ചുകൂട്ടിയിട്ടുള്ളതു്. ടി. കെ. മന്ത്രിസഭയുടെ കാലത്തു് അദ്ദേഹം തടവുചാടിപ്പോയി ഒളിപ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. സ: എം. എൻ. കമ്മ്യൂ: പാർട്ടിയുടെ തിരു-കൊച്ചി കമ്മിറ്റിസെക്രട്ടറിയും, അഖിലേന്ത്യാ കമ്മിറ്റിയംഗവുമാണ്. സ: എം. എൻ., കെ. എം. പണിക്കരുടെ പുത്രി ദേവകിയെയാണ് വിവാഹം കഴിച്ചിരിക്കുന്നതു്.






കാട്ടായിക്കോണം ശ്രീധരൻ
ഉള്ളൂർ ജനറൽ

യൗവ്വനം മുതൽക്കേ പൊതുക്കാര്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്ന

ഒരു നല്ലപ്രവർത്തകനാണ് സ: കാട്ടായിക്കോണം ശ്രീധരൻ. 113 അവസാനം അദ്ദേഹം സ്റ്റേറ്റ് കോൺഗ്രസ്സിൽ അംഗമായിചേർന്ന സ്റ്റേറ്റ് കോൺഗ്രസ്സിന്റെ രണ്ടാംപ്രത്യക്ഷ സമരപരിപാടി കോൺ: നേതൃത്വം മാറിവച്ചതിന്റെയും മറ്റും ഫലമായി ശ്രീധരനും കോൺഗ്രസ്സിലെ ഇടതുപക്ഷ ഗ്രൂപ്പിലേക്ക് മാറി. ആദ്യമായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൽനിന്നും രാജിവച്ചവരുടെ കൂട്ടത്തിൽ സ: ശ്രീധരനും ഉൾപ്പെട്ടിരുന്നുണ്ട്. 123-ൽ ആദ്യത്തെ തെരഞ്ഞെടുപ്പിൽ ശ്രീധരൻ കമ്മ്യൂ: സ്ഥാനാർത്ഥിയായി മൽസരിച്ചു. കോൺഗ്രസ്സ് അധികാരത്തിൽ വന്നശേഷം മൂന്നരവർഷക്കാലം സ: ശ്രീധരൻ ഒളിവിലായിരുന്നു. 3 വർഷത്തോളം ജയിലിലും കഴിഞ്ഞുകൂടി. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പ് സമയത്തും ജയിൽ വാസിയായിരുന്ന സ: ശ്രീധരൻ വമ്പിച്ച ഭൂരിപക്ഷത്തോടെയാണ് തെരഞ്ഞെടുക്കപ്പെട്ടതു്.



പി. കുഞ്ഞൻ
ഉള്ളൂർ റിസർവേഷൻ

1095 ൽ മുരുംപുഴ ഗ്രാമത്തിൽ സ: കുഞ്ഞൻ ജനിച്ചു. സ്കൂൾഫൈനൽ ക്ലാസ്സുവരെ പഠിച്ചശേഷം സാങ്കേതികവും തൊഴിൽ പരവുമായ വിദ്യാഭ്യാസത്തിനായി സ്കൂൾ ഓഫ് ആർട്ട്സിൽ ചേർന്നു പഠിച്ചു സ്ഥായിഫ് പരീക്ഷ (മദ്രാസ് യൂണി: പാസ്സായി. 1945 Distress relief institute എന്ന പേരിൽ ഒരു കുടിൽ വ്യവസായകേന്ദ്രം തിരുവനന്തപുരത്തു് സ്ഥാപിച്ചു. അച്ചു് സ: കുഞ്ഞു് അറസ്റ്റുചെയ്യപ്പെട്ടു. കഴിഞ്ഞ 12 വർഷക്കാലമായി സ: കെ. വി. പരമേശ്വർ സിറ്റി കാർപ്പറേഷൻ കൗൺസിലറാണ്. സ: കെ. വി പരമേശ്വർ ഇപ്പോഴും തിരുവനന്തപുരം കെ. എസ്. പി. കമ്മിറ്റി സെക്രട്ടറിയാണ്.




കെ. വി. പരമേശ്വർ
കോതകുളങ്ങര

1106-ൽ നിരോധനലംഘന കുറ്റത്തിനു് ഇദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടു. കഴിഞ്ഞ 12 വർഷക്കാലമായി സ: കെ. വി. പരമേശ്വർ സിറ്റി കാർപ്പറേഷൻ കൗൺസിലറാണ്. സ: കെ. വി പരമേശ്വർ ഇപ്പോഴും തിരുവനന്തപുരം കെ. എസ്. പി. കമ്മിറ്റി സെക്രട്ടറിയാണ്.

പി. കെ. കുഞ്ഞു്
കുറ്റൂർപുറം

ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്താണ് സ: പി. കെ. കുഞ്ഞു് വൈയ്ക്കം സത്യഗ്രഹസമരത്തിൽ ഒരു ധർമ്മഭടനായി പങ്കെടുത്തതു്. കായംകുളം കോൺ: കമ്മിറ്റി സെക്രട്ടറി, നാട്ടുരാജ്യപ്രജാസഭയിലെ പ്രധാന പ്രവർത്തകൻ, ഓവർസീയർ ലേബർ അസോസിയേഷൻ പ്രസിഡന്റ് എന്നീ നിലകളിൽ 35 വർഷങ്ങൾക്കു മുമ്പുമുതൽ പി. കെ. കുഞ്ഞു് കോൺഗ്രസ്സിലെ ഒരു സജീവപ്രവർത്തകനായിരുന്നു. തൊഴിലാളി പ്രക്ഷോഭണം സംബന്ധിച്ചു് സ: കുഞ്ഞു് അറസ്റ്റുചെയ്യപ്പെട്ടിട്ടുണ്ട്. സാമുദായികാടിസ്ഥാനത്തിൽ തിരുവിതാംകൂറിൽ പ്രത്യേക നിയോജകമണ്ഡലം പാടില്ലെന്നു് വാദിച്ചു സ: പി. കെ. കുഞ്ഞു് അതിനു് വേണ്ടിയുള്ള പ്രക്ഷോഭണത്തിനു് സർ ഹബീബുള്ളായുടെ കാലത്തു് നേതൃത്വം നൽകിയിട്ടുണ്ട്. നാലു വർഷക്കാലം അദ്ദേഹം ഈ രാജ്യത്തെ ഈഴവ ക്രൈസ്തവ മുസ്ലീം സമുദായങ്ങളുടെ പൊരാവകാശവാദങ്ങൾക്കുവേണ്ടി രൂപം എടുത്തിട്ടുള്ള സംയുക്ത രാഷ്ട്രീയസഭാ ജായിന്റ് സെക്രട്ടറിയായിരുന്നു. 114-ൽ സ്റ്റേറ്റ് കോൺഗ്രസ്സ് പാർലമെന്ററി ചീഫ്വിപ്പ് സ: പി. കെ കുഞ്ഞായിരുന്നു. അറസ്റ്റുകളിൽ സ്റ്റേറ്റ് കോൺഗ്രസ്സ് സമരത്തോടനുബന്ധിച്ചു് അറസ്റ്റുചെയ്യപ്പെട്ടിട്ടുണ്ട്. അമ്പലപ്പുഴ—ചേർത്തല, കൊല്ലം—കൊട്ടാരക്കര, കരുനാഗപ്പള്ളി എന്നീ നിയോജകമണ്ഡലങ്ങളിൽ നിന്നദ്ദേഹം നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറിയും പ്രസിഡന്റുമായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കോൺഗ്രസ്സിലെ ടി. എം. വർഗീസും ഗ്രൂപ്പുമായുണ്ടായ അഭിപ്രായവ്യത്യാസം മൂലം കോൺഗ്രസ്സ് പ്രവർത്തകസമതിയിൽനിന്നദ്ദേഹം രാജിവച്ചു. പൊതുകാര്യ ജീവിതത്തിൽ നിന്നും ഒട്ടധികം ത്യാഗങ്ങളും ദുരിതങ്ങളും അനുഭവിച്ച സ: പി. കെ. കുഞ്ഞു് ഇന്ന് പ്രജാസോഷ്യലിസ്റ്റുപാർട്ടിയുടെ ഒരു പ്രമുഖ പ്രവർത്തകനാണ്.





വി. ഏ. അഗസ്റ്റിൻ
വഴുതനപ്പള്ളി, തൊടുപുഴ.

തൊടുപുഴ താലൂക്കിലെ ഒരു സജീവ കോൺഗ്രസ്സ് പ്രവർത്തകനായിരുന്നു. തൊടുപുഴ താലൂക്കിലെ കോൺഗ്രസ്സ് സംഘാടകനുമാണ്. കോൺഗ്രസ്സ് സമരത്തെ തുടർന്ന് രണ്ടു പ്രാവശ്യം അറസ്റ്റു ചെയ്യപ്പെട്ടു. ശ്രീ. പട്ടം താണുപിള്ളയ്ക്കെതിരായി മേപ്രാ സമ്മേളനം ചെയ്ത ഗൂഢാലോചനയെ തുടർന്ന് കോൺഗ്രസ്സിൽ നിന്നും രാജിവച്ചു. രാജിയെ തുടർന്ന് കോൺഗ്രസ്സ്ശവമെൻറിന്റെ കീഴിൽ ഒരു കള്ളക്കേസ്സിന്മേൽ 3 മാസം 27 ദിവസം തടവിൽ പാർക്കേണ്ടിവന്നു. 1952-ൽ കോൺഗ്രസ്സിനെതിരായി തൊടുപുഴ താലൂക്കിൽ മത്സരിച്ചു. ഇപ്പോൾ ഇദ്ദേഹത്തിനു് 37 വയസ്സ് പ്രായമുണ്ട്.



കെ. ആർ. ഗൗരി
ചേർത്തല

ഈഴവസമുദായത്തിലെയും ചേർത്തല ബാറിലെയും ആദ്യത്തെ വ

നിതാ അഡ്വക്കേറ്റ് സ: കെ. ആർ. ഗൗരിയാണ്. 123 മുതൽ കമ്മ്യൂണിസ്റ്റുപാർട്ടിൽ ചേർന്ന് പ്രവർത്തിച്ചുതുടങ്ങി. 123-ൽ ചേർത്ത നിയോജകമണ്ഡലത്തിൽ നിന്ന് മൽസരിച്ചു. 123 കർക്കടകത്തിൽ അസ്റ്റുചെയ്ത് ശിക്ഷിക്കപ്പെട്ടു. ശിക്ഷതീർന്ന 17-ാംദിവസം ഡെറാഡൂൺ ജയിലിൽ പ്രവേശിച്ചു. 127 ൽ തിരഞ്ഞെടുപ്പിനെപ്പറ്റി ആലോചിക്കുവാൻ ആലപ്പുഴവച്ചുകൂടിയ കൺവെൻഷനിൽവച്ച് വീണ്ടും അറസ്റ്റുചെയ്യപ്പെട്ടു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ റിട്ടേണിംഗ് ആഫീസരുടെ മുമ്പിൽവച്ച് ഒളിവിലായിരുന്ന സ: ഗൗരി അറസ്റ്റുചെയ്യപ്പെട്ടു. തുറവൂർ നിയോജകമണ്ഡലത്തിൽനിന്നും വമ്പിച്ച ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ട സ: കെ. ആർ. ഗൗരി നിയമസഭയിലെ ഏകവനിതാമെമ്പറായിരുന്നു.



ബി. ബി. പണ്ടാരത്തിൽ

കൊട്ടാരക്കര

1940 മുതൽ ഇദ്ദേഹം വിദ്യാർത്ഥി കോൺഗ്രസ്സിലെ ഒരു സജീവപ്രവർത്തകനായിരുന്നു. ഡിറൻൻസ് സമരകാലത്തും സ: പണ്ടാരത്തിൽ വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ മുന്നണിയിൽതന്നെ നിന്നിട്ടുണ്ട്. 1952-53-ൽ എറണാകുളം ലാക്കാളേജിൽ ഒരു വിദ്യാർത്ഥിയായിരുന്നു. ഇപ്പോഴും ചില പാർട്ടികം പഠിച്ചുകൊണ്ടിരിക്കുകയാണ്. 29 വയസ്സുമാത്രം പ്രായമുള്ള ഇദ്ദേഹം കൊട്ടാരക്കര കുളക്കട നമ്പിമഠത്തിലാണ് ജനിച്ചത്.



സി. അച്യുതമേനോൻ

പുത്തുക്കാട്.


1088 ധനുമാസത്തിൽ ചേലാട്ട് ഒരു ചെറിയ ശവ: ഉദ്യോഗസ്ഥന്റെ പുത്രനായി ജനിച്ചു. ഒരു സമർത്ഥനായ വിദ്യാർത്ഥിയായിരുന്ന സ: അച്യുതമേനോൻ തിരുവനന്തപുരം ലാകാളേജിൽനിന്നാണ് നിയമബിരുദം നേടിയത്. തൃശ്ശൂർ ഡി. കോടതിയിൽ അദ്ദേഹം പ്രാക്ടീസ് തുടങ്ങി. കൊച്ചിയിലെ ക്ഷേത്രപ്രവേശന ജാഥയുടെ നേതൃത്വം വഹിച്ചുകൊണ്ട് ഷൊറണ്ണൂർ മുതൽ എറണാകുളം വരെ ഇദ്ദേഹം കാൽനടയായി സഞ്ചരിച്ചു. കൊച്ചിൻ കോൺഗ്രസ്സിന്റെ ജനറൽസെക്രട്ടറിയായിരുന്നു. 1939-ൽ ഒരു യുദ്ധവിരോധപ്രസംഗത്തിന്ന് അറസ്റ്റുചെയ്യപ്പെട്ട് ഒരു കൊല്ലം കഠിനതടവനുഭവിച്ചു. 1941-ൽ കമ്മ്യൂ: പാർട്ടിയിൽ അംഗമായി ചേർന്നു. 1943 മുതൽ കൊച്ചിയിലെ കമ്മ്യൂ: പാർട്ടിസെക്രട്ടറിയായിരുന്നു. 1945-ൽ കൊച്ചിയിൽ തൃശ്ശൂർ പട്ടണത്തിൽ കമ്മ്യൂ: പാർട്ടിസ്ഥാനാർത്ഥിയായിനിന്നും മത്സരിച്ചു. 1947 നവമ്പറിൽ ഒളിവിൽപോയ സി. അച്യുതമേനോൻ 1952 ഫെബ്രുവരിയിലാണ് പുറത്തുവന്നത്.



ടി. ഏ. മണിയൻ

കുന്നത്തുനാട് റിസർവ്വേഷൻ

1091 ഇടവം 8-ാംതീയതി പറവൂർ ഒരു സാധുപുലയകുടുംബത്തിൽ ജനിച്ചു. ഒട്ടേറെ കഷ്ടതകൾക്കും ഇല്ലായ്മകൾക്കും നടുവിൽ സ്വപരിശ്രമത്താൽമാത്രം സ്സ്കൂൾഫൈനൽ പരീക്ഷ പാസ്സാകാൻ മണിയന് സാധിച്ചു. 1942 മുതൽ 5 വർഷക്കാലം ഒരു മിലിട്ടറിഓഫീസിൽ യുദ്ധസേവനം നടത്തി. പറവൂർ പുലയമഹാജനസഭയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട സ: മണിയൻ ഒരു സാമുദായികപ്രവർത്തകനായിരുന്നു. 1123-ൽ മണിയനെ കമ്മ്യൂണിസ്റ്റുകാർ മുദ്രയടിച്ച് അറസ്റ്റുചെയ്തിട്ടുണ്ട്. 127-ൽ അദ്ദേഹം ടി. ടി. കേശവൻ കോസ്മിക്കെതിരായി തെരഞ്ഞെടുപ്പിൽ മൽസരിച്ചു. തിരു-കൊച്ചി പുലയമഹാജനസഭാ ശ്രീകരൻതമ്പിൽ സ: മണിയൻ നല്ലൊരു പങ്കു വഹിച്ചിട്ടുണ്ട്. അതിന്റെ ആദ്യത്തെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മണിയൻ 1949-ൽ ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടിയിൽ ചേർന്നു. അന്നുമുതൽ അദ്ദേഹം ഒരു സോഷ്യലിസ്റ്റ് പ്രവർത്തകനാണ്.



കെ. ടി ജേക്കബ്

മൂവാറ്റുപുഴ

സ്റ്റേറ്റ്കോൺഗ്രസ്സിന്റെ ആരംഭം മുതൽ അതിന്റെ ഒരു സജീവപ്രവർത്തകനായിരുന്നു. കോൺഗ്രസ്സിന്റെ നിയമലംഘന പരിപാടികളിലെല്ലാം സജീവമായി പങ്കെടുത്തിട്ടുണ്ട്. 114-നും 122-നും ഇടയ്ക്ക് 4 പ്രാവശ്യം അറസ്റ്റുചെയ്യപ്പെട്ടിട്ടുണ്ട് 6 വർഷക്കാലം സ്റ്റേറ്റ്കോൺഗ്രസ്സ് കമ്മിറ്റി മെമ്പറായിരുന്നു. 1941 ൽ സ: കെ. ടി. ജേക്കബ് കമ്മ്യൂ: പാർട്ടിയിൽ ചേർന്നു. കോൺഗ്രസ്സ് ഗവർമ്മെൻറിന്റെ കീഴിൽ മൂന്നരവർഷക്കാലം ഇദ്ദേഹത്തെ വിചാരണ കൂടാതെ തടങ്കലിൽവച്ചിരുന്നു. 1948-ൽ ആദ്യത്തെ തെരഞ്ഞെടുപ്പിൽ മൽസരിച്ചു. പക്ഷേ അന്ന് പരാജയമടയുകയാണുണ്ടായത്. ഇത്തവണ സ: കെ. ടി. ജേക്കബ് മൂവാറ്റുപുഴയിൽ മൽസരിക്കുന്നു.

(ശേഷം പതിനഞ്ചാംപേജിൽ)

ഇംഗ്ലീഷ വ്യാകരണപ്രവേശിക

ഇംഗ്ലീഷവ്യാകരണം മലയാളത്തിൽ

ഇംഗ്ലീഷ്വ്യാകരണം പഠിക്കാൻ ഒരേ ഒരു പുസ്തകം. തെറ്റുകൂടാതെ ഭാഷ കൈകാര്യം ചെയ്യാൻ പഠിക്കാം. വില രൂപാ രണ്ടര. തപാൾകൂലി 10 അണ.

ഇംഗ്ലീഷ് മലയാളനിഘണ്ടു പദങ്ങളും, ശൈലികളും, പ്രയോഗവിശേഷങ്ങളും എന്നിവയുടെ നാനാർത്ഥത്തോടുകൂടിയതും അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും തർജ്ജമക്കാർക്കും എന്നുവേണ്ട ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്ന എല്ലാ മലയാളികൾക്കും അത്യാവശ്യമായ ഒരു ഗ്രന്ഥം, 600 പുറം മുഴുകാലിക്കോ ബൈൻഡ് വില രൂപാ 6 തപാൾകൂലി രൂപാ 1.

വിദ്യാധിരാജൻ ബുക്ക്ഡിപ്പോ

പഴവങ്ങാടി (K. W)

തിരുവനന്തപുരം—1

USHA

തിരമാലകൾ

ആലപ്പുഴ പി. എ റഷീദ്

എനിക്ക് കരയുവാൻ കഴിഞ്ഞില്ല. കരയുവാൻ കഴിയാത്ത ഒരവസ്ഥ മനുഷ്യ മനസ്സിനുണ്ട്. കരച്ചിലിനപ്പുറം, നെടുവീർപ്പിനുമപ്പുറം, അവന്റെ ഹൃദയം വിങ്ങുകയാണ്, നീറുകയല്ല; നുറുങ്ങുകയാണ്.

എന്റെ നയനങ്ങൾ വീണ്ടും കണ്ണീരണിഞ്ഞു. നിശ്ചലമായി മരിച്ചിട്ടും ആ മുഖത്തിനു് ഒരു തിളക്കമുണ്ട്. ജീവനില്ലെന്നു് തോന്നുകയില്ല ഉറങ്ങുകയാണെന്നേ തോന്നൂ.

ചുക്കിച്ചുളിഞ്ഞ ആ ശരീരം നിലത്തു് തഴപ്പായിൽ കിടക്കുകയാണു്. ഒരു വെള്ളവസ്ത്രത്താൽ കഴുത്തറ്റം മറച്ചിട്ടുണ്ട്. ചുളിവുകൾ വീണ മുഖം സാമാന്യം ഉയർന്ന നാസിക, അങ്ങിങ്ങു് നരച്ചുതുടങ്ങിയ പുരികങ്ങൾ, അടയ്ക്കപ്പെട്ട നയനങ്ങൾക്കു ചുറ്റും കരുത്ത വലയങ്ങൾ, ശിരസ്സിനെ മൂടിയിരിക്കുന്ന കഞ്ഞിയിൽനിന്നും നെറ്റിയിലേക്കു ഇഴഞ്ഞുകിടക്കുന്ന വെളുത്ത തലമുടി, ഇടത്തേ അധരമൂലയോടു ചേർന്നു മകളിലായി ഒരു മറുക്; ആ വദനം ചുണ്ടുകൾ ആ ജീവിതത്തിന്റെ ദൃഢനിശ്ചയംപോലെ ബലമായി അടയ്ക്കപ്പെട്ടിരിക്കുന്നു.

കേവലം വിഷാദകലുഷമായിരുന്നില്ല ആ മുഖം; ഇടവിടാതെ മാന്തി പുണ്ണാക്കിയതും, പറിച്ചുമാറ്റിയതുമായ കുറെ താടിരോമങ്ങൾ; തല്ലിത്തകർക്കപ്പെട്ട സാമൂഹ്യഘടനയുടെ നേർക്കു് ഉയർത്തപ്പെട്ടിരിക്കുന്ന പുച്ഛരസവുമല്ല; എല്ലാം ഉള്ളവന്റെ മുമ്പിൽ ഒന്നും ഇല്ലാത്തവന്റെ യാചനാഭാവവുമല്ല; അതിൽനിന്നുമെല്ലാം തികച്ചും വ്യത്യസ്തമായ ആ വികാരം.....എല്ലാം ദഹിപ്പിക്കുന്ന ആ ഭാവം! എന്താണതിനു പറയുക?.....

ആ മുഖത്തുനിന്നും കണ്ണു പറിക്കുവാൻ എനിക്കു് കഴിഞ്ഞില്ല. അങ്ങിനെ നോക്കിനി�ൽക്കുമ്പോൾ ആ കവിളുകൾ വലിയുന്നതായും ചുണ്ടിണകൾ ചലിക്കുന്നതായും അവർ എന്തോ പറയുവാൻ ഭാവിക്കുന്നതുപോലെയും തോന്നിപ്പോകുന്നു.

മരിച്ചിട്ടും എന്തൊരു പൈതന്യമാണു് ആ മുഖത്തിനു്?.....

ചില മണിക്കൂറുകൾക്കു മുമ്പു് അവർക്കും ജീവനുണ്ടായിരുന്നു. മറ്റു് ഏവരെപ്പോലെ അവരും ലോകത്തോടു് ചിലതു് അവകാശപ്പെട്ടിരുന്നു. ഈ ലോകം അവരുടേതുകൂടിയായിരുന്നു. ഇനി ചില മണിക്കൂറുകൾകൂടി കഴിഞ്ഞാൽ?.....

ഒരു സ്മരണ!

വെറും ഒരു സ്മരണ!

ആലിയുടെ മാതാവു് മരിച്ചു. അല്ല, ഞങ്ങളുടെ ഗ്രാമത്തിന്റെ ഉണർവ്വും ജീവനും വിശ്രുതിയുമായ സെൽമാ മരിച്ചു.

എന്റെ നയനങ്ങൾ ആ ഗ്രഹത്തിനുള്ളിലേക്കു് പാഞ്ഞു. രണ്ടു മുറികളും അടുക്കളയും മാത്രമുള്ള ഒരു കൊച്ചുവീടു്. അതിൽ തെരുത്തുവച്ചിരിക്കുന്ന ചില പായ്, മുറിയുടെ മൂലയിൽ അടച്ചുവച്ചിരിക്കുന്ന ഒരു വഞ്ഞപ്പെട്ടി, അടുക്കളയിൽ അടുക്കിവച്ചിരിക്കുന്ന കുറെ ചട്ടിയും കലങ്ങളും; തീർന്നു ആ ഏറോപകരണങ്ങൾ.

അയൽവാസിയായ ഹമീദിന്റെ ഉമ്മാ തീക്കനൽ നിറച്ച ഒരു ചട്ടിയിലേക്കു് കുറെ സാമ്പ്രാണി വാരിയിട്ടു. അതു പുകഞ്ഞുതുടങ്ങി. ആരോ നാലുതുള്ളി ചന്ദനത്തിരികളും കൊളുത്തി.

സുഗന്ധധൂമം ഉയരുകയാണു്. ജീവിതത്തിന്റെ കെട്ടുപിണഞ്ഞ ചിന്തകൾക്കൊപ്പം കുതിച്ചുയരുകയാണു്.

ഗ്രഹത്തിനുള്ളിലും പുറത്തും ഏതൊരു തിരക്കാണു്. മുറികളിൽ സ്ത്രീകളും, വെളിയിൽ പുരുഷന്മാരും.

ആ ഗ്രാമത്തിന്റെ ചേതനയുണർത്തുന്ന കരങ്ങൾ! അഹമ്മദു് എന്നും അയിഷ എന്നും പേരുള്ള മുസ്ലീം മാതൃമല്ല, ഔസേപ്പും അന്നമ്മയും രാഘവനും നാരായണിയും, തേവനും നീലിയും ആ ഗ്രാമത്തിലെ പണിയെടുക്കുന്ന കരങ്ങൾ: ഗ്രാമത്തിന്റെ ആത്മാക്കൾ മുഴുവൻ!.....

രാഘവൻ വിഷാദഭാരത്തോടെ എന്റെ മുഖത്തേയ്ക്കു നോക്കുന്നു. ആ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. മുഖം വിളറിയും പാണ്ഡുരവുമായിരിക്കുന്നു. ജോസഫ് ഏങ്ങലടിക്കുകയാണു്. അന്നമ്മ കണ്ണീർ കവിണിത്തുമ്പുകൊണ്ടു് തുടക്കുന്നു. നീലി നാലുവീട്ടു നിലവിളിക്കുന്നു. കാസിം ഒരു കൊച്ചു കുഞ്ഞിനെപ്പോലെ തേങ്ങുന്നു; വിങ്ങുന്ന കല്യാണി കണ്ണുകൾ പൊത്തി കുമ്പിട്ടു നിൽക്കുന്നു....

കണ്ണീരിന്റെ ചിത്രം!

ഗ്രാമം കരയുകയാണു്! ഗ്രാമത്തിന്റെ ആത്മാവായ ആ നല്ലവളായ അമ്മയുടെ മുമ്പിൽ മക്കളെല്ലാം ഒന്നു ചേർന്നു കണ്ണീർ വാർക്കുകയാണു്.

എനിക്കു് കരയുവാൻ കഴിഞ്ഞില്ല. കരയുവാൻ വയ്യായിരുന്നു. കരയുന്നതിനപ്പുറമായിരുന്നു എന്റെ ഹൃത്തടം. ഞാൻ അവിടെനിന്നും നടന്നു് തെക്കുവശമായുള്ള തൈമാവിൻ ചുവട്ടിലെത്തി.

മേഘച്ചുന്നമായ ആകാശം. കുറെ മുമ്പു് ഉഗ്രമായി തീ കോരിച്ചൊരിഞ്ഞുകൊണ്ടിരുന്ന സൂര്യബിംബം കാൺമാനില്ല. ഒരു കരിയിലപോലും അനങ്ങുന്നില്ല. പ്രകൃതി വീർപ്പടക്കി നിൽക്കുകയാണു്.

ആലിയുടെ ഉമ്മ മരിച്ചു. ഞങ്ങളുടെ ഉണർവിന്റെ ഉറവിടം ഞങ്ങളിൽനിന്നും വേർപെട്ട. ആ മണിപ്രദീപം പൊലിഞ്ഞു.

ഞാൻ കാണുകയാണു്. ആ ജീവിത ചിത്രങ്ങൾ! മായാത്ത ഉണർവുറ്റ ആ ജീവിതചിത്രങ്ങൾ!

അവർ ആരാണു്? ഒരു ഗ്രാമം മുഴുവനും കണ്ണീരൊഴുക്കുവാൻ മാത്രം ആ ജീർണ്ണിച്ച കുടിലിൽ കുടിയിരുന്ന ജീവിതം എന്തുചെയ്തു? എന്തായിരുന്നു ആ ജീവിതം? ഒരു നിമിഷം — ഞാൻ ഒന്നോർക്കട്ടേ.....

II

ആലിയുടെ ഉമ്മാ!

ഒരു രോമഹർഷത്തോടുകൂടിയല്ലാതെ ആ നാമം ഉച്ചരിക്കുവാൻ എനിക്കു് സാധ്യമല്ല അവരെക്കുറിച്ചു് ഓർക്കുമ്പോൾ.....

ചുറുചുറുക്കുള്ള ഒരു കൊച്ചുപെൺകൊടിയായിരുന്നു ആലി. ഞങ്ങൾ സഹപാഠികളായിരുന്ന കാലത്തെ പ്രായത്തിൽതന്നെ അവളുടെ പിതാവു് മരണമടഞ്ഞു. ആലിയുടെ ഉമ്മാ തൊണ്ടുതല്ലിയും കയറു പിരിച്ചും മറ്റുമാണു് അവരെ വളർത്തിക്കൊണ്ടുവന്നതു്. ആലിയെ പഠിപ്പിച്ചു മിടുക്കിയാക്കണമെന്നതായിരുന്നു അവരുടെ ആഗ്രഹം. എന്നാൽ അതു നിറവേറ്റുവാൻ അവർക്കു കഴിഞ്ഞില്ല. ആലിയുടെ ബാല്യകാലത്തിന്റെ കനകകിരണങ്ങൾ വലിഞ്ഞുതൊടങ്ങി.

ഹൈസ്കൂളിന്റെ പടിവാതുക്കലെത്തിയപ്പോൾ അവൾ പഠിത്തം നിറുത്തേണ്ടതായിവന്നു. വിശപ്പു് എന്ന ചെന്നായു് ആ ഗ്രഹത്തിനു് വട്ടമിട്ടു. അതിന്റെ തീക്ഷ്ണനയനപാതങ്ങളോടു് അവർ ചുളുങ്ങിച്ചുളുങ്ങി. പതിമൂന്നാമത്തെ വയസ്സിൽ അവൾ ഒരു ഫാക്ടറി തൊഴിലാളിയായി. നാളുകൾ കടന്നു പൊയ്ക്കൊണ്ടിരുന്നു.

* * * *

ചരിത്രത്തിലെ ആ ചുവന്ന അദ്ധ്യായം! മനുഷ്യത്വമംസവും ഉരുക്കുമായുള്ള ആ ഭീകരമായ സംഘട്ടനം! ചെങ്കാറ്റു് കൊടുങ്കാറ്റായി. തീപ്പൊരി കാട്ടുതീയ്യായി.

നാടും നഗരവും ഉണർന്നു. നൂറുങ്ങുകളായി തങ്ങളെ ബന്ധിച്ചിരുന്ന അടിമത്തശൃംഖലകളെ പൊട്ടിച്ചെറിയുവാനുള്ള സമരാവേശം മർദ്ദിതന്റെ കാരോമുഖത്തും രോളംവെട്ടി. അവമാനിതമായ മനുഷ്യത്വം, തലയുയർത്തുകളിൽ തുടരപ്പെട്ടിരുന്ന നിയമത്തിന്റെ നിശിത ഖഡ്ഗത്തെ നിസ്സങ്കോചം തട്ടിത്തെറിപ്പിച്ചുകൊണ്ടു്, അനീതിയുടെ കടയ്ക്കൽ ഒരു കൊടുങ്കാറ്റായി ആഞ്ഞടിച്ചു. തീമഴയുടെ വട്ടംകൂട്ടി!.....

.....ഐതിഹാസികമായ ആ സമരം ഒരു മൂകനൂ അലുയയം ചരിത്രത്തിൽ തുന്നിച്ചേർത്തു.....

തൊഴിലാളി സംഘടനയിലെ ഒരു സജീവ പ്രവർത്തകനായ ആലി കുടിവിലായി. രഹസ്യപ്പോലീസ് ഞങ്ങളുടെ ഗ്രാമത്തിൽ റോന്തു ചുറ്റി. നായാട്ടു നായ്ക്കളെപ്പോലെ പാഞ്ഞ

നടന്നു. കൂടിവിലുള്ളവരുടെ രഹസ്യ സങ്കേതങ്ങളെക്കുറിച്ച് അറിവു നൽകുന്നവർക്ക് വമ്പിച്ച തുകകൊടുക്കുന്നതിനും അധികാരിവർഗ്ഗം വാഗ്ദാനം ചെയ്തു. മാസങ്ങൾ നിശ്ശബ്ദമായി ഇഴഞ്ഞുപോയി.

ആലി ആ മണ്ണിൽതന്നെ ഉണ്ടായിരുന്നു. ഒരു വിപ്ലവകാരിയുടെ സമരവീര്യത്തോടും, നയതന്ത്രജ്ഞതയോടും, അവൻ രഹസ്യയോഗങ്ങൾ സംഘടിപ്പിച്ചു. ഉശിരും ഉണർവ്വുമുള്ള പ്രവർത്തനങ്ങൾക്ക് കളമൊരുക്കി.

ആലിയുടെ വീട്ടിൽ പലപ്പോഴും പോലീസ് വന്നു പരിശോധിച്ചു. ആലിയുടെ മാതാവിൽനിന്നും യാതൊന്നും അവർക്ക് അറിയുവാൻ കഴിഞ്ഞില്ല. ആ മുഖം ശാന്തഗംഭീരവും, അധരങ്ങൾ മൗനമുദ്രിതവുമായിരുന്നു.

III

ഒരു നിശീഥിനിയിൽ ഞാൻ മുറിക്കുള്ളിൽ ഇരുന്നു് ഏതോ എഴുതിക്കൊണ്ടിരിക്കുകയാണു്. പെട്ടെന്നു്: വാതിലിൽ കനത്തക്കം.

"ടക്ക്"!

നിശ്ശബ്ദത

"ടക്ക്! ടക്ക്!"

വീണ്ടും അതേ ശബ്ദം. ഞാൻ കടലാസിൽനിന്നും തല ഉയർത്തി ശ്രദ്ധിച്ചു.

"ടക്ക്...ടക്ക്....ടക്ക്"!

ആരോ മുട്ടിവിളിക്കുന്നു. ആരായിരിക്കും?

ഞാൻ വാതിൽ തുറന്നു. ആ ഇരുളിൽ ഒരു മനുഷ്യരൂപം നിൽക്കുന്നു. ഒരു കറുത്ത വസ്ത്രത്താൽ മൂടിപ്പുതച്ചിട്ടുണ്ടു്. എന്റെ കണ്ണുകൾ ആ മുഖത്തു് തറച്ചു.

"മോ....നേ...."

ആ സ്വരം!....ആലിയുടെ ഉമ്മ! ഞാൻ അത്ഭുതപ്പെട്ടു.

"എന്താണുമ്മാ?"

ഇടറുന്ന കണ്ഠത്തോടെ ഞാൻ ചോദിച്ചു.

"വരൂ"

അവർ എന്റെ കൈയ്യിൽ പിടിച്ചുകൊണ്ടു് ശബ്ദമുണ്ടാക്കാതെ നടന്നു. കുറച്ചകലെ ഒരു സ്ഥലത്തെത്തിയപ്പോൾ അവർ നിന്നു. പരിഭ്രമമല്ല; ദൃഢനിശ്ചയവും, കർമ്മനിരതയുമായ ഒരു ഭാവം അവരിലപ്പോൾ പ്രകടമായിരുന്നു.

"മോനേ"

"എന്താണുമ്മാ"

അവർ എന്റെ മുഖത്തു് ദൃഷ്ടികളുറപ്പിച്ചുകൊണ്ടു് തുടർന്നു:—

"മോൻ ധൈര്യമായി കരിടത്തു് പോയിവരണം ഒട്ടും മടിക്കരുതു്"

അവർ കാര്യം വിവരിച്ചു.

ആലിയുടെ കുടുംബാവസ്ഥയും അധികാരിവർഗ്ഗം മനസ്സിലാക്കിയിരുന്നു. ഒരു വലയിടുകയാണു് പ്രഭാതത്തിനുമുമ്പു് അവർ ഏർപ്പെടുത്തുവാൻ ഇടയുണ്ടു്. ആ സങ്കേതത്തിൽ അവൻ മാത്രമല്ല, പല പ്രധാന പ്രവർത്തകരുമുണ്ടു്. അതുകൊണ്ടു് മോൻ ഉടനെ അവിടെ എത്തണം. ഒരു നിമിഷം താമസിച്ചുകൂടാ.

"മോനേ...."

അവർ തുടർന്നു പറയുകയാണു്.

"ആലിയെ കാർത്തല്ല. ഇപ്പോൾ കണ്ടുപിടിച്ചാൽ എല്ലാം കഴിയും. പ്രവർത്തനം നിലയ്ക്കും...."

ഞാൻ നടന്നു. അവർ എന്നെ പിൻവിളിച്ചു. കാര്യം അപകടപൂർണ്ണമാണു്. എങ്കിലും, പോകാതെ തരമുണ്ടോ? അവരുടെ ഊഹം ശരിയെങ്കിൽ ഞങ്ങളുടെ ഗ്രാമത്തിലെ പ്രവർത്തനം നിലച്ചുപോകുന്നതുതന്നെ. ആ റാവിനെക്കൊണ്ടു് എത്തുപെട്ടാൽ കാര്യം ജയിച്ചു.

വഴിയിൽവെച്ചു് ഞങ്ങൾ അധികമായി സംസാരിച്ചില്ല. ഞങ്ങൾ നടന്നു് ആറിൻകരയിലെത്തി.

"മോൻ ഇനി പോയിട്ടുവാ.... ഞാൻ ഇവിടെ കാണും...."

ആറിൻകരയിൽ വളർന്നുനിന്നിരുന്ന കരിമ്പിൻതോട്ടത്തിലേക്കു് കൈചൂണ്ടിക്കൊണ്ടിച്ചുകൊണ്ടു് അവർ പറഞ്ഞു.

ഞാൻ നിശബ്ദനായി കടത്തുകടന്നു.

പ്രഭാതം മൊട്ടിട്ടു. ആലിയുടെ മാതാവിന്റെ ഊഹം പിഴച്ചില്ല. അന്വേഷണം ആ കരയിലേക്കും പടർന്നുപിടിച്ച ഓരോ വീടും പരിശോധിക്കപ്പെട്ടു. ഞാൻ അൽഭുതാധീനനായി. അവർ എങ്ങിനെ അറിഞ്ഞു?

ഭൂമിക്കടിയിൽ നിന്നെന്നവണ്ണം അൽഭുതം ജനിപ്പിക്കുമാറു് പലപ്പോഴും ഞങ്ങളുടെ ഗ്രാമത്തിൽ ആലി ആവിർഭവിക്കുകയും, ഒരു മിന്നൽ പിണരുകണക്കെ മറയുകയുംചെയ്തുകൊണ്ടിരുന്നു.

ആലിയുടെ മാതാവിനു് ആദ്യമാദ്യം ചില പരിഭ്രമങ്ങൾ കാണുമായിരുന്നു; മകന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഉൽക്കണ്ഠയും ആശകയും. എങ്കിലും, കരയുന്ന കണ്ണുകളോടും, വിഷാദഭരിതമായ മുഖത്തോടും ഒരിയ്ക്കലും ഞാൻ അവരെ കണ്ടിട്ടില്ല.

കാർമേഘങ്ങൾ ആകാശം ഇടയ്ക്കിടെ പല്ലിളിക്കുകയും മുരമുരക്കുകയും ചെയ്തുകൊണ്ടിരുന്നു.

ആറിൻകരയിൽനിന്നും ഞാൻ ഗ്രഹത്തിലേക്കു് പോരുകയായിരുന്നു. നാലുപാടും നോട്ടമെത്താത്തദൂരത്തിൽ കതിർക്കറ്റകൾ നിൽക്കുന്നതുകൊണ്ടു്. ഞാൻ വയലിനെ പിളർന്നുപോകുന്ന വരമ്പിലൂടെ ഇറങ്ങി നടന്നു. ആരോ എതിർവശത്തുനിന്നും അപ്പോൾ വരുന്നുണ്ടായിരുന്നു. ഇരുളിൽവീണ്ടുടക്കിയതിനാൽ അതാരാണെന്നു് വ്യക്തമായി കാണുവാൻ കഴിയുമായിരുന്നില്ല ഞങ്ങൾ വളരെ അടുത്തു.

ആലിയുടെ ഉമ്മാ!

ചുകന്ന ഒരു കൺമുനയും കണ്ണുവരെ എത്തുന്ന ഒരു കൂപ്പായവും അവർ ധരിച്ചിട്ടുണ്ടു്. അങ്ങിങ്ങു് ചില കീറലുകളുള്ള ഒരു മുഷിഞ്ഞ കവിണി അവർ പുതച്ചിരുന്നു.

എന്നെക്കണ്ടപ്പോൾ അവർ പെട്ടെന്നു നിന്നു. ഒരു നിമിഷം ആ കണ്ണുകൾ എന്റെ മുഖത്തു തറച്ചു. ആ കഴിഞ്ഞെതാണകണ്ണുകളിൽ ദീനതയുമായ സ്നേഹത്തിന്റെ വെള്ളിവെളിച്ചം നിറഞ്ഞു. വരണ്ട ആ ചുണ്ടുകൾ അകന്നു. പല്ലുകൾകൊഴിഞ്ഞ മോണ വെളിയിൽ കാട്ടി അവർ മന്ദഹസിച്ചു.

"ആലിയുടെ ഉമ്മാ എവിടെപ്പോണു?" ഞാൻ വിനയത്തോടെ ചോദിച്ചു. അവർ ചുറ്റും സൂക്ഷ്മമായി കണ്ണോടിച്ചുകൊണ്ടു് പറയുകയാണു്.

"കുഞ്ഞുമില്ല മക്കളെ!....പിന്നെ മോനെ കണ്ടതു നന്നായി."

അവർ പുതച്ചിരുന്ന കമ്പിളിയുള്ളിൽനിന്നും നാലഞ്ചു ചെറുപുസ്തകങ്ങൾ വെളിയിലെടുത്തു എന്റെ നേർക്കുനീട്ടി.

സമരമാർഗ്ഗത്തിലേക്കുള്ള വിപ്ലവകൃതികൾ!

അവർ പറയുകയാണു്?

"മോൻ ഇതു്.....കൊടുക്കണം. ഇന്നുതന്നെ....മറക്കരുതു്....."

അവർ അവിടെനിന്നും വേഗം നടന്നു, ഞാൻ ആ രൂപത്തെ തെല്ലുനേരം ഇമപൂട്ടാതെ തുറിച്ചുനോക്കി.

അവർ എങ്ങിനെ ഇത്രവേഗം വിപ്ലവപ്രസ്ഥാനത്തിലേക്കു് വന്നു? അന്ധവരെ ബന്ധിച്ചുനിർത്തിയ, തലമുറതലമുറയായി വിശ്വസിച്ചുപോരുന്ന നിയമസംഹിതകൾ—അനുഷ്ഠിച്ചുപോരുന്ന ആചാരമര്യാദകൾ—ആ അഗ്നിവലയങ്ങളിൽ നിന്നെല്ലാം അവർ എങ്ങിനെ ചാടി? വിപ്ലവകരമായ ചിന്താഗതികൾ അവരെ കീഴ്പ്പെടുത്തിയിട്ടുണ്ടോ? കണ്ണും കഴിയും സൃഷ്ടിക്കുന്നു—എല്ലാം ഉള്ളവനെന്നും ഒന്നും ഇല്ലാത്തവനെന്നും—രണ്ടു വിഭിന്ന വർഗ്ഗത്തെ നിലനിർത്തിപ്പോരുന്ന ഉച്ചനീചത്വമായ ഇന്നത്തെ സാമൂഹ്യനീതിയുടെ വഞ്ചനാത്മകമായ സ്വഭാവം അവർ തികച്ചും മനസ്സിരുത്തി മനസ്സിലാക്കിയിട്ടുണ്ടോ? അല്ല, മകന്റെ മാർഗ്ഗം അമ്മയും സ്വീകരിച്ചുവെന്നുമാത്രമോ? മകനോടുള്ള അളവറ്റ സ്നേഹം മകന്റെ പ്രവർത്തനങ്ങളോടടുപ്പിച്ചുവെന്നുമാത്രമോ? വ്യക്തമായും ശാസ്ത്രീയമായും ഈ ഉച്ചനീചത്വത്തിയുടെ കാര്യകാരണബന്ധങ്ങൾ അപഗ്രഥിച്ചറിയുവാൻ അക്ഷരജ്ഞാനമില്ലാത്ത ആ നരച്ച തലയ്ക്കു കഴിയുമോ?.....

ഒട്ടിയവയറും പണപ്പെട്ടിയുമായുള്ള ഒരു സംഘട്ടനം! അതായിരുന്നു തെരഞ്ഞെടുപ്പു്, ഞങ്ങളുടെ ഗ്രാമം ഉണർന്നു ദിനംതോറും മീറ്റിംഗ്ഘോഷയാത്രയും. അധികാരത്തിന്റെ കുപ്പായമിട്ട എതിർകക്ഷി അതിനേതായ എല്ലാ ചൊറത്തരങ്ങളുമായി ജനങ്ങളോടടുത്തു. വീടുകൾതോറും ഖദറിട്ട വാളന്റിയർമാർ കയറിയിറങ്ങി.

ഒരുവശത്തു് പണസഞ്ചിയും ഉയർത്തി വാഗ്ദാനങ്ങളുമായി നിലകൊള്ളുന്ന കരപ്രമാണികൾ, മറുവശത്തു് വിശ്വാസത്തിന്റെ മാറാല ഉയർത്തിനിൽക്കുന്ന പള്ളിയും അമ്പലവും മസ്ജിദും! ഇവയുടെ നടുവിൽ ജീവിതാവകാശങ്ങൾ നിഷേധിക്കപ്പെട്ട ബഹുജനങ്ങൾ!

സ്വർഗ്ഗത്തിന്റെ കാവൽക്കാരും, ആത്മാവിന്റെ കുത്തകാവകാശികളും, അധികാരിവർഗ്ഗത്തിന്റെ ചട്ടുകങ്ങളുമായ പുരോഹിതന്മാർ, വിശ്വാസത്തിന്റെ മായികവലയിൽ അജ്ഞരായ മനുഷ്യമൃഗങ്ങളെ വീശിപ്പിടിക്കുവാൻ എന്തൊരു വെമ്പലായിരുന്നുവെന്നോ!

വെറും രണ്ടാഴ്ചകൊണ്ടുമാത്രം ശമിപ്പിക്കാം

സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം മുതലായ ഇന്ദ്രിയസ്ഖലനരോഗങ്ങളാൽ പിടി പെട്ടകഷ്ടപ്പെടുന്നവർ ഇനി ഒരിയ്ക്കലും ഖേദിയ്ക്കേണ്ടതില്ല. അവ ലജ്ജകൊണ്ടു മൂടിപ്പൊതിഞ്ഞു വയ്ക്കുകയാൽ വളരെ വർദ്ധിച്ചതോ യാതൊരു പ്രതിവിധിയും ചെയ്യായ്കയാൽ വഴകിപ്പോയതോ ആയിക്കൊള്ളട്ടെ എന്നല്ല നിരവധി ചികിൽസകരും ചെയ്തിട്ടും പല പല ഔഷധങ്ങളും കഴിച്ചിട്ടും കത്തിവെയ്പുകളും കൊണ്ടു തന്നെയും ഭേദമാകാത്ത നിലയിൽ എത്തിയതോ ആയിക്കൊള്ളട്ടെ അതിനും ഞങ്ങളുടെ സുപ്രസിദ്ധമായ

★ സ്ഖലന നിവാരണി ★

എന്ന സിദ്ധൗഷധം വെറും രണ്ടേ രണ്ടാഴ്ച മാത്രം തുടർച്ചയായി സേവിയ്ക്കുക അതുകൊണ്ടുതന്നെ അൽഭുതകരമായി രോഗശാന്തി വരുത്താമെന്നു് ഇതിനകം സിദ്ധിച്ച പരസഹസ്രം അനുഭവ സാക്ഷ്യത്തിന്റെ പേരിൽ ഞങ്ങൾ ഇതാ ഉത്തരവാദിത്വത്തോടെ ഉറപ്പുതരുന്നു.

സ്വപ്നം കണ്ടോ കാണാതെയോ, ഉറക്കത്തിൽ അറിഞ്ഞോ അറിയാതെയോ, മൂത്രത്തിനു മുമ്പോ പിമ്പോ ആലുപോലെയോ ഇന്ദ്രിയം പോകുക, മൂത്രത്തിൽ കലർന്നു് അരിമാവു കലക്കിയ പ്രതീതിയോ മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുക നിമിത്തമോ, ശുക്ലം വാർന്നുപോകുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്നു് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ നാനാതരത്തിലുണ്ടാകുന്ന ഏതുവിധ ഇന്ദ്രിയസ്ഖലന രോഗങ്ങളായാലും ശരി 15 ദിവസത്തെ "സ്ഖലനനിവാരണി"യുടെ ഉപയോഗത്താൽ നിശ്ചയമായും നിങ്ങൾ തീർത്തും രോഗവിമുക്തരാകുമെന്നു് വീണ്ടും ഞങ്ങൾ വാക്തത്തം ചെയ്തുകൊള്ളുന്നു.

രണ്ടാഴ്ചത്തേയ്ക്കുള്ള ഡപ്പി I-ക്കു് 5 ക. 8 ണ. പാക്കിംഗ് & പോസ്റ്റേജ് 1 ക. 2 ണ.

മാനേജർ,

S. D. ഫാർമസി, ആലപ്പി P. O., T. C. tate5

ബ്രാഞ്ച് 95 റോയപ്പേട്ട ഹൈറോഡ്, മൈലാപ്പൂർ, മദ്രാസ്--4.

എന്നിട്ടും ഞങ്ങളുടെ ഗ്രാമത്തിന്റെ ഉണർവ്വ് ഉലഞ്ഞില്ല.

സായുധസൈന്യമാകുന്ന ബോധവൃക്ഷത്തണലിൽ നിന്നുകൊണ്ടു് അഹിംസയുടെയും ഭ്രാതൃസ്നേഹത്തിന്റെയും പല്ലവികളും പണപ്പെട്ടികളുടെ കാവൽനായ്ക്കളും ആലപിച്ചു. തേനോലും സ്വരത്തിൽ വീണ്ടും വീണ്ടും ആലപിച്ചു. ആക്രമണകാരികളെ പഴിച്ചു. അട്ടിമറിക്കാരെ ഭീഷണിപ്പെടുത്തി.

പാലും തേനും ഒഴുകുന്ന അഹിംസയിൽ പട്ടത്തു, സുന്ദരവും എന്നാൽ വ്യാമോഹത്തിന്റേതുമായ ആകാശസൗധം അവർ വായുവിൽ വരച്ചുകാണിച്ചു. ആ സൈനികവലയത്തിൽ നിന്നുകൊണ്ടു് ഭാരം ചുമക്കുന്നവന്റെയും വിയർപ്പു ചിന്തുന്നവന്റെയും നേക്കു് സൗഹാർദ്ദഹസ്തം നീട്ടി അവർ വിളിച്ചുപറഞ്ഞു:—

'പാടത്തുപണിയെടുക്കുന്ന കഷ്കാ! നീ രാഷ്ട്രത്തിന്റെ നട്ടെല്ലാണു്. നീ രാഷ്ട്രത്തിന്റെ അഭിമാനമാണു്. നിന്റെ രക്ഷയാണു ഞങ്ങളുടെ മഹത്തായ ഭാഗ്യം. ഫാക്ടറിയിൽ വിയർപ്പു ചിന്തുന്ന തൊഴിലാളിസഹോദരാ! നീ ആക്രമണകാരികളുടെ ചട്ടുവാക്കുകളിൽ മയങ്ങാതിരിക്കുക. നീ മഹത്തായ നമ്മുടെ രാഷ്ട്രത്തിന്റെ ജീവനും ജീവന്റെ ജീവനുമാണു്. അതാ, നിന്നെ നോക്കി നക്ഷത്രങ്ങളും കണ്ണുചിമ്മുന്നു. ചന്ദ്രൻ പുനിലാവു് പൊഴിക്കുന്നു. നിനക്കു് ഞങ്ങളും ഇതാ സർവ്വസംരക്ഷണങ്ങളും വാഗ്ദത്തംചെയ്യുന്നു. നിന്റെ ശത്രുവായി തൊഴിലാളിക്കുന്ന ജന്മിയും മുതലാളിയും കരുണയേറിയ നിങ്ങളുടെ ആട്ടിടയന്മാർ മാത്രമാണു്. ഏ ദ യം കൊണ്ടു് നിങ്ങളെ സ്നേഹിക്കുകയും, നിങ്ങളുടെ ആത്മാക്കളും സ്വർഗ്ഗസ്ഥമായി കാണുവാൻ അതിയായി ആഗ്രഹിക്കുകയും ചെയ്യുന്ന കാരുണ്യവാന്മാരായ നിങ്ങളുടെ ആട്ടിടയന്മാർ! നിങ്ങളും അനുസരണയുള്ള നല്ല ആട്ടിൻകുട്ടികളായി കഴിയുമെങ്കിൽ രാഷ്ട്രം നിങ്ങളുടേതായിരിക്കും; അതിലെ മുഴുവൻ വിഭവങ്ങളും! സഹോദരന്മാരെ! നിങ്ങളും വെറുക്കുകയും, നശിച്ചുകാണുവാൻ കൊതിക്കുകയും ചെയ്യുന്ന ജന്മിയും മുതലാളിയും നിങ്ങളുടെ ചൂഷകരും മാത്രമാണെന്നുള്ള വസ്തുത ഒരിക്കലും മറക്കരുതു്. വെറും സൂക്ഷിപ്പുകാർ.....''

ശബ്ദഘോഷങ്ങളിരമ്പിയിരുന്ന ആ പ്രസംഗം വാനിൻ ഒരു നിമിഷാർദ്ധം മഴവില്ലുപോലെ മിന്നി. കണ്ണുകളിൽ മാരിവില്ലുകൊണ്ടു.

തെല്ല കഴിഞ്ഞപ്പോഴും ശബ്ദം വായുവിൽ ലയിച്ചു. മഴവില്ലു് അന്തരീക്ഷത്തിൽ അലിഞ്ഞു; ശൂന്യമായി.

ചോരയും കണ്ണീരും നിറഞ്ഞ 'ഇന്നലെ'യുടേയും 'ഇന്നി'ന്റേയും ചിത്രങ്ങളും എന്റെ മനോദർപ്പണത്തിൽ തെളിഞ്ഞു. ചോര കുടിക്കുന്ന ചെന്നായ് വേഷാന്തം പ്രസംഗിക്കുക; അഹിംസാ സിദ്ധാന്തം പ്രവചിക്കുക; സൗഹാർദ്ദഹസ്തം നീട്ടുക!

''മക്കളെ, കശാപ്പു കത്തി നീട്ടിക്കൊണ്ടുള്ളവന്റെ 'ആയത്തു'പൊല്ലല കേട്ടോ....''

മീറ്റിംഗ് കഴിഞ്ഞ് പോരുമ്പോൾ ആലിയുടെ ഉമ്മാ ആവേശത്തോടെ പറയുകയാണു്. തികഞ്ഞ വെറുപ്പ് ജീവിതാവശ്യങ്ങളുടെ ഉഴവുചാലുകൾവീണ ആ മുഖത്തു് ദൃശ്യമായിരുന്നു. അവർ തുടർന്നു:—

''ഓ.....അവന്റെ വായ് ചുവന്നിരിക്കുന്നതു് മറക്കിയിട്ടല്ല, പോര കുടിച്ചിട്ടാ.....പണക്കാരനെ വിശ്വസിച്ചോളണംപോലും.''

എന്താ മോനെ അവന്മാരെ പറേണതു്?.....''

''ടസ്റ്റിറി സൂക്ഷിപ്പുകാരൻ''

''അൻറൊയൊക്കെ തട്ടിപ്പ് കേട്ടാ കറങ്ങുന്ന കറെ വാക്കുകൾ.....മക്കളെ! മുതലാളി മുതലാളിയും തൊഴിലാളി തൊഴിലാളിയുമാ.....ഞാൻ പറയാമല്ലോ.....''

ചില നിമിഷങ്ങളോളം ഏതോ ഓർത്തു നിന്നശേഷം തുടർന്നു അവർ പറയുകയാണു്:—

''ഒരു ഫാക്ടറിയിൽ തൊഴിലാളിയും മുതലാളിയും വഴക്കുകൂടാതെ കഴിയാനൊക്കുമെന്നാണോ കരുതുന്നേ?....അതു നടക്കാത്ത കാര്യമാ മക്കളേ....'

''അതെന്താ ഉമ്മാക്കത്തേ? ശരിയായിട്ടു് കൂലിതന്നാൽ വഴക്കുണ്ടാക്കണതിനാ ഉണ്ടാക്കണതു്?''

കാളവണ്ടിക്കാരനായ അഹമ്മദ് സംശയത്തോടു് ചോദിച്ചു.

''അതുള്ളതാ മടിക്കാതെ കാര്യത്തിനാ വഴക്കെന്തിനാ? പൊക്കുംകിക്കാരനായ കേശവനും ചായപ്പീടികക്കാരനായ വറീതിനും ഒരു സംശയം.

ഞങ്ങൾ പാടം പിന്നിട്ടപ്പോൾ ആലിയുടെ വീട്ടിനെ സമീപിച്ചുകഴിഞ്ഞിരുന്നു. വീട്ടുമുറ്റത്തു് തഴച്ചുവളർന്നുനിന്നിരുന്ന പ്ലാവിൻ ചുവട്ടിൽ ഞങ്ങൾ വട്ടമിട്ടിരുന്നു.

''അപ്പഴ് ഞാനൊന്നു ചോദിക്കട്ടേ.....''

അവർ അവരുടേതായ ഗ്രാമീണഭാഷയിൽ ചോദ്യത്തിനു് മുപടി പറയുവാൻ തുടങ്ങി. ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. അവക്കെങ്ങിനെ ആ ചോദ്യങ്ങൾക്കു് ഇത്ര സമർത്ഥമായി മുപടി പറയുവാൻ കഴിഞ്ഞു. അവർ പറയുകയാണു്:—

''നിങ്ങളു് ശ്രദ്ധിച്ചോ, ഒരു ഫാക്ടറി ഒരുപാടു് കൂലിക്കാർ. മുതലാളി പണംമുടക്കുന്നു. നിങ്ങളു് ജോലിചെയ്യുന്നു. ഇല്ലേ? നിങ്ങളെന്തിനാ ജോലിചെയ്യുന്നേ?''

അവരുടെ ചോദ്യം.

''കൂലിക്കു്''

വറീതിന്റെ മുപടി.

''അപ്പഴ് കൂലിക്കുവേണ്ടി നിങ്ങളു് വേല ചെയ്യുന്നു. മുതലാളി എന്തിനാ പണം മുടക്കുന്നേ? വലിയ പണംമുടക്കി വേല ചെയ്യിക്കുന്നേ?''

അവിടെ ഒരു നിശ്ശബ്ദത വലംവെച്ചു.

''ലാഭത്തിനു്''

അഹമ്മദിന്റെ മുപടി.

''അപ്പഴ് നിങ്ങളു് വേല ചെയ്യു

ന്നതും പണത്തിനാ മുതലാളി വേല ചെയ്യിക്കുന്നതും പണത്തിനാ. അല്ലേ പണമാണവശ്യം?''

''അതെ''

''എങ്കിലും നിങ്ങൾക്ക് എങ്ങിനെയോ ജീവിക്കാനൊക്കും?..... നിങ്ങടെ ആഗ്രഹം കൂടുതൽ കൂലിവാങ്ങുക, പണംമുടക്കുന്നവന്റെ ആഗ്രഹം പണപ്പെട്ടി കൂടുതൽ വീർപ്പിക്കുക. അപ്പഴ് നിങ്ങക്ക് എങ്ങിനെ യോജിക്കാനൊക്കും?''

ആരുമാരും മിണ്ടിയില്ല ഒരു നിശ്ശബ്ദത!

ആലിയുടെ ഉമ്മാ ഞങ്ങളുടെ മുഖത്തു് ദൃഷ്ടികളേറ്റുപ്പിച്ചുകൊണ്ട് തുടർന്നു:—

''നിങ്ങടെ രണ്ടുകൂട്ടരുടേയും ആഗ്രഹം നേർവിപരീതമാകുമ്പോഴാ, നിങ്ങക്ക് തരുന്നതിന്നു് കൂടുതൽ വാങ്ങാൻ അയാളും, കൂടുതൽ വാങ്ങാൻ നിങ്ങളും ശ്രമിക്കുകയില്ലേ?.....''

ഉത്തരമില്ല.

നിശ്ലേഷനിശ്ശബ്ദത!

കേശവൻ നിസ്സഹായതയോടെ വഴിതിനെ നോക്കി. കേശവന്റേയും വഴിതിന്റെയും മിഴികളും അഹമ്മദിലും, അവിടെനിന്നും ആലിയുടെ ഉമ്മായിലും പതിച്ചു. അവരുടെ സ്വരം വീണ്ടും ഉയർന്നു:—

''അങ്ങിനെയിരിക്കുമ്പം എങ്ങിനെയോജിക്കാനൊക്കും? സ്വരുമയോടെ കഴിക്കാനാ മക്കളെ! അതു് നടക്കത്തില്ല. നിങ്ങളു് ഈ വയലിലേക്ക് തന്നെ നോക്കിക്കേ. പാട്ടം കൂട്ടാൻ ഓരോ കൊല്ലവും ജന്മിമാര് ചെയ്യുന്നതെറിവില്ലായ്മകൊണ്ടാ....''

അവർ ഫാക്ടറിയിൽനിന്നും പാടത്തിലേക്ക് ഞങ്ങളുടെ ശ്രദ്ധയെ തിരിച്ചു. കർഷകന്റെ മുമ്പിൽ അവന്റെ ജീവിതം തുറന്നുവെച്ചു. കർഷകന്റെ ഇരുളുനിറഞ്ഞ ജീവിതത്തിലേക്ക് അവർ പ്രകാശത്തിന്റെ കൈത്തിരിവീശുണ്ടി. ചോരയൊലിക്കുന്ന കർഷക ജീവിതത്തെ അതിന്റെ പൂർണ്ണ നഗ്നതയോടെ പകൽവെളിച്ചത്തിൽ അവർ നിവർത്തിവച്ചു. എന്നിട്ട് അപഗ്രഥിക്കുവാൻ തുടങ്ങി.

അതോടുകൂടി വഴിതിന്റെയും അഹമ്മദിന്റെയും സംശയം നീങ്ങി. കേശവൻ പറയുകയാണു്:

''ആലിയുടെ ഉമ്മാ പറേണതു് നേരാ. ഞങ്ങടെ ഗോവിന്ദംതന്നാനും മൂന്നുകൊല്ലത്തിനുമുമ്പു കൊടുത്തതിന്റെ ഇരട്ടിയാ ഇപ്പം ഞാൻ പാട്ടം കൊടുക്കണതു്.''

സംശയങ്ങളും നീങ്ങി ആ ഹൃദയങ്ങളുമായി ദൃഢസമരംതുടങ്ങുമെടുക്കുന്ന രൂപം നേരിയതായിട്ടെങ്കിലും അവരുടെ കണ്ണിൽപെട്ടു് മുതലാളിയും തൊഴിലാളിയും, ജന്മിയും കർഷകനും തമ്മിലുള്ള ബന്ധത്തിന്റെ വിശ്വരൂപം നയനങ്ങൾക്കുമുമ്പിൽ നിഴലിട്ടു. ആ വിശ്വരൂപ ബന്ധത്തിന്റെ വിശ്വരൂപം!....

ഞാൻ ആലിയുടെ ഉമ്മായുടെ മുഖത്തേയ്ക്കു് അതിശയത്തോടെ നോക്കി. അവർ എങ്ങിനെ ഇതെല്ലാം മനസ്സിലാക്കുന്നു? ഇന്നു് അന്ധമായ ഒരു വിശ്വാസമല്ല അവരുടേതു്. അവർ കാര്യകാരണ ബന്ധങ്ങൾ തിരിച്ചറിയുന്നു. കണ്ണുമടച്ചു് വിശ്വസിക്കുകയല്ല. അനുഭവിക്കുകയല്ല വിളിച്ചുകേട്ട പൊള്ളയായ കരേറാകൾ ഛർദ്ദിക്കുകയുമല്ല, അവർ ജീവിതം അതിന്റെ തനിരൂപത്തിൽ കാണുന്നു. പഠിക്കുന്നു. ഉപദേശിക്കുന്നു.

VI

ആലിയുടെ ഉമ്മാ അറസ്റ്റുചെയ്യപ്പെട്ട. ഈ വാർത്ത കേട്ടുകൊണ്ടാണു് ഞാനുണർന്നതു്! എനിക്കതു് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ അസത്യമായിരുന്നില്ല ആ വാർത്ത അതും സംഭവിച്ചു.

ഒളിവിൽ കഴിഞ്ഞിരുന്ന ആലിയ്ക്ക് ചോരകൊടുത്ത എന്നതായിരുന്നു ചാർജ്ജു്. അറസ്റ്റുചെയ്യപ്പെട്ട അവരെ പട്ടണത്തിലുള്ള ഒരു ലാക്കപ്പിലേക്കു് കൊണ്ടുപോയി കേസുവിചാരണ കുറേനാൾ നീണ്ടു. മകന്റെ അഭയകേന്ദ്രം അറിയിക്കുകയാണെങ്കിൽ വിമോചിപ്പിക്കാമെന്നു് അധികാരരാജ്യതന്ത്രം അവരുടെ കണ്ണുകളിൽ പലവുരു മന്ത്രിച്ചു. അവർ പൊവിക്കൊണ്ടില്ല. കാഞ്ചനവും കൽത്തുറുങ്കും അവരെ ഉലച്ചില്ല. കോപിച്ചുവിരണ്ട അധികാരിവർഗ്ഗം ഭീഷണിയും അതിനുപിമ്പേ മർദ്ദനവും അഴിച്ചുവിട്ടു. അവർ ആടിപ്പോയില്ല. ആ മനഃശക്തി അചഞ്ചലമായിരുന്നു

മകനു് ചോരകൊടുത്ത എന്ന കുറ്റത്തിനു മാത്രം ശിക്ഷിക്കപ്പെട്ടു. ആറുമാസം കഠിനതടവിനു്.

ആലിയുടെ പ്രവർത്തനങ്ങൾ ഗ്രാമങ്ങളിലേക്കു തുടർന്നുകൊണ്ടിരുന്നു. രഹസ്യയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു.

അങ്ങിനെ മാസങ്ങൾ നാലു കടന്നുപോയി.

ആലി അറസ്റ്റുചെയ്യപ്പെട്ടു. ഞങ്ങളുടെ ഗ്രാമത്തിൽ തന്നെയുള്ള ഒരു കർഷകഗൃഹത്തിൽവച്ചു്. അവനെ നഗരത്തിലെ കുപ്രസിദ്ധമായ ലാക്കോപ്പകളിലേക്കു മാറ്റിമാറ്റി എറിഞ്ഞ ഒരുമാസം തികയുന്നതിനു മുൻപു് അവൻ മരിച്ചു.

എങ്ങിനെ?

ആക്രമിഞ്ഞുകൂടാ

രോഗിയായിരുന്നോ?

അല്ല.

പിന്നെ?

രഹസ്യങ്ങൾ!

തുറന്നതെങ്കിലും അടഞ്ഞ വാതിൽ!

അങ്ങനെ അഹിംസയുടെ ആട്ടിൻതോലിട്ട പെന്നായ്ക്കൂടം ആലിയുടെ രക്തവും ആത്മയോടെ ഒരു മോന്തുമോന്തി. അസ്ഥികൂടം ചവച്ചുതുപ്പി. മാംസം പിച്ചിപിഴിന്ത്.....

.....

ലി ഞങ്ങളുടെ ഗ്രാമത്തിലെ ആദ്യത്തെ രക്തസാക്ഷിയായി.

* * * *

ആലി മരിച്ചു് ഒരു മാസം കഴിഞ്ഞപ്പോഴാ ആ മാതാവു് ജയിൽ വിമുക്തയായി.

ആലിയുടെ ഉമ്മാ!

ഒരു വീരനേതാവു് ജീവദാനം ചെയ്ത ആലിയുടെ ഉമ്മാ!

മരണത്തിന്റെ മുഖത്തു് മുഷ്ടിചുരുട്ടി ഇടിച്ച ഒരു രക്തസാക്ഷിയുടെ ധീരമാതാവു്!

ഗ്രാമം രോമാഞ്ചമണിഞ്ഞു. ആലിയുടെ മാതാവു് ഗ്രാമത്തിന്റെ മുഴുവനും മാതാവായി. ആലിയെപ്പോലെയുള്ള ആയിരമായിരം മണ്ണിന്റെ മക്കളുടെ മാതാവു്! ജയിൽ ജീവിതം അവരുടെ ആരോഗ്യത്തെ താറുമാറാക്കിയിരുന്നു. മകന്റെ മരണം, അതിനെക്കുറിച്ചു് അവർ ഒരിക്കലും മിണ്ടിയിട്ടില്ല ജയിൽ വിമുക്തയായ അവർ ആലിയുടെ പ്രവർത്തനം ഏറ്റെടുത്തു അടങ്ങാത്ത ആവേശത്തോടെ കർഷകസംഘം കെട്ടിപ്പടുക്കുന്നതിൽ ബദ്ധശ്രദ്ധയായി. അവരുടെ ജീവൻ കർഷകസംഘവും.

VII

മയും കൂട്ടിപ്പിച്ചു് 'കഥ' പൊതിയുവാൻ തുടങ്ങി. ചന്ദനത്തിരിയും സാമ്പ്രാണിയും അപ്പോഴും പുകയുന്നുണ്ടു്. സംസ്മരണത്തിനുള്ള സമയം അടുത്തു.

കേശവനും വഴിതും വാവിട്ടു നിലവിളിക്കുന്നു. അഹമ്മദും നിലയും..... ഗ്രാമംമുഴുവൻ!....

'പള്ളിയിൽ അടക്കുവാൻ ഒക്കുകയില്ലെന്നു്. 'മുക്കിറി' വാരത്തില്ലെന്നു്.....''

പള്ളിയിൽനിന്നും ഓടി കിതച്ചെത്തിയ കാസിം വിങ്ങിപ്പൊട്ടിക്കൊണ്ടു് ശ്വാസം അടക്കിപ്പിടിച്ചുകൊണ്ടു് പറഞ്ഞു:—

സമ്മതിക്കുവാൻ ഒക്കത്തില്ലെന്നു്. ചുടുകാട്ടിലേക്കുകൊണ്ടുപോകാൻ, കത്തീബും മുത്തവല്ലിയും ഒരേ നിർബന്ധം''

ഒരു നിശ്ശബ്ദത അവിടെ പരന്നു. ശവക്കല്ലറയ്ക്കുള്ളിലെ മാരക നിശ്ശബ്ദത!

കഴുകന്മാർ ശവം ഭക്ഷിക്കാതെ അടങ്ങുകയില്ലെന്നു് എനിക്കു് തോന്നി. മയ്യം മറവു ചെയ്യുവാൻ സാദ്ധ്യമല്ലെന്നോ;

ഗ്രാമത്തിന്റെ നിലവിളി നിലച്ചു് ഓരോരുത്തരും അന്യോന്യം നോക്കി. ആ നോട്ടം അത്യന്തർഭേദമായിരുന്നു. വിഷാദഭരിതമായിരുന്ന ആ വദനങ്ങളും വികാര പൂർണ്ണമായി. ആത്മാവിൽനിന്നും ഉയരുന്ന ആവേശം ആ കണ്ണുകളിൽ ആളിക്കൊളുത്തി. ആ നയനങ്ങളും ദീപ്തിമത്തായി.

നിറഞ്ഞുനിന്ന നിശ്ശബ്ദതയെ വെട്ടിപിളർന്നുകൊണ്ടു് ഇടിമുഴക്കംപോലെ അഹമ്മദിന്റെ സ്വരം ഉയർന്നു:—

''വല്ല കേശവാ, അതൊന്നും കാണണം, കാസിമേ, എട്ടുകെട്ടയ്യത്തു് സഹിക്കുവേണ്ടാ, കട്ടിലിൽതന്നെ ആകട്ടേ.....ആരെങ്കിലും നമ്മുടെ ഉമ്മായെ തൊട്ടാൽ....''

ആലോചിക്കുവാൻ ആർക്കും ഒന്നും ഇല്ലായിരുന്നു. ഒരു കട്ടിലിൽ ആ മയ്യം ഉയർത്തപ്പെട്ടു. അഹമ്മദും കാസിമും വഴിതും ജോസഫും ശങ്കരനും ഉൾപ്പെടെ ആ ഘോഷയാത്ര നിശ്ശബ്ദം മുന്നോട്ടനീങ്ങി

മൗനമുദ്രിതമായിരുന്ന ആമുഖങ്ങളോരോന്നും ഗൗരവപൂർണ്ണമായിരുന്നു. നിശ്ചയിച്ചുറച്ച തീരുമാനത്തോടെ ആ ഗ്രാമത്തിന്റെ മക്കളും ഒന്നടങ്കം മുന്നോട്ടനീങ്ങി. ആശയത്തിൽ അടിയുറച്ച ജീവിതത്തിന്റെ മഹിമാവിശേഷം നടത്തെല്ല വളയാത്ത അവരിൽ നിറഞ്ഞുനിന്നിരുന്നു.

ഖബറാത്ത പാടങ്ങളോടെ അവർ മുന്നോട്ടനീങ്ങി. മുന്നോട്ടു്.....

....ആ കാൽവെയ്പുകൾക്കു് എങ്ങുനിന്നെന്നില്ലാതെ അപ്പോൾ ഒരു പട്ടാളച്ചിട്ടയുണ്ടായിരുന്നു.

———

ഒളിവിൽ

ശങ്കരനാരായണൻതമ്പി

മാവേലിക്കര

1911-സെപ്തംബർ 31-ാംതീയതി ഒരു പുരാതനനായർ തറവാട്ടിൽ ജനിച്ചു. അമ്മ കാത്തികപ്പള്ളി താലൂക്കിൽ തൃക്കുന്നപ്പുഴ പകുതിയിൽ പല്ലന പാണ്ഡവത്തുവീട്ടിൽ തങ്കമ്മ ഒക്കെട്ടിലമ്മ. അച്ഛൻ എണ്ണയ്ക്കാട്ട കൊട്ടാരത്തിൽ മൂലംനാൾ രാമവർമ്മരാജാ. മദ്ധ്യതിരുവിതാംകൂറിലെ ഒരു ജന്മികുടുംബവും രാജകുടുംബത്തിന്റെ വംശവുമാണ് അച്ഛന്റെ തറവാട്.

വിദ്യാഭ്യാസകാലം മുതലേ രാഷ്ട്രീയമായ വാസനകൾ പ്രദർശിപ്പിച്ചുപോന്നു. കോളേജ് വിദ്യാഭ്യാസകാലത്ത് ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ പ്രവർത്തകനും മെംബറും ആയിരുന്നു. മഹാത്മജിയുടെ ഹരിജനസേവാസംഘം പ്രവർത്തകനായി അക്കാലത്തു പ്രവർത്തിച്ചിരുന്നു. വളരെ നാമമാത്രമായിമാത്രം നടന്നിരുന്നഇന്ത്യൻനാഷണൽകോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളിൽ കോളേജ് വിദ്യാഭ്യാസകാലത്തു് സജീവമായി പങ്കെടുത്തിരുന്നു.

അഖിലതിരുവിതാംകൂർ യൂത്തു് ലീഗിന്റെ വർക്കിംഗ്കമ്മിറ്റി മെംബറായിരുന്നു. 1937-ൽ ഡാക്ടർ പട്ടാഭിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യൂത്തു്ലീഗ് വാർഷികയോഗത്തിൽ ഉത്തരവാദഭരണപ്രമേയം ഹാജരാക്കി 1938-ൽ ട്രേറ് കോൺഗ്രസ്സിന്റെ സജീവപ്രവർത്തകനായി. യൂത്തു്ലീഗ് തുടങ്ങിയ പ്രക്ഷോഭണത്തിൽ 114 ചിങ്ങം8-ാംതീയതി സഖാവ് എൻ. ശ്രീകണ്ഠൻനായർ, കെ. ദാമോദരൻ, എൻ. പി. കുഞ്ഞമ്പു, പൊന്നറ ജി. ശ്രീധർ തുടങ്ങി 8 യൂത്തു്ലീഗ് പ്രവർത്തകരെ അറസ്റ്റുചെയ്തകൂട്ടത്തിൽ ഒരാളായിരുന്നു. അറുമാസത്തേക്കു ശിക്ഷിച്ചു, തുലാം 7-ാംതീയതി വിട്ടയയ്ക്കപ്പെട്ടു.

അതിനുശേഷം തിരുവിതാംകൂർ വിട്ട 2-ാംലോകമഹായുദ്ധത്തിന്റെ ആദ്യഘട്ടത്തിൽ മലബാറിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റുപാർട്ടിയുടെ പ്രവർത്തകനായി. യുദ്ധവിരോധപ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് ഒളിവിൽ പ്രവർത്തിച്ചു. രോഗിയായി വീട്ടിലേക്കു മടങ്ങി.

117-ൽ മാവേലിക്കര അഡ്വാക്കേറ്റായി പ്രാക്റ്റീസ്തുടങ്ങി. 119-ൽ കാർത്തികപ്പള്ളി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പൊതുസീറ്റിൽ കോൺഗ്രസ്സ് ടിക്കറ്റിൽ വിജയിയായി. അസംബ്ളി പ്രവർത്തനത്തിൽ കോൺഗ്രസ്സ് ബഞ്ചിലെ നിർഭയനും തന്റേടത്തോടുകൂടി സി. പി. ഗവർമ്മെന്റിനെ വിമർശിക്കുന്നവനുമായ ഒരു മെംബറായിരുന്നു. അലപ്പുഴയിലേക്കു പ്രാക്റ്റീസുമാറ്റി. തൊഴിലാളിയോഗങ്ങളിലും മറ്റും സജീവമായി പങ്കെടുത്തു തുടങ്ങി. 120-ലെ കയർ ഫാക്റ്ററി വർക്കേഴ്സ് യൂണിയന്റെ വൈസ്പ്രസിഡന്റന്മാരിലൊരാളായും മറ്റുപല തൊഴിലാളി സംഘടനകളിലെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. 121-ൽ പൂന്നപ്രയിൽ എസ്സ്. എൻ. ഡി. പി, ശാഖകളുടെ ഒരു സംയുക്ത യോഗത്തിൽവച്ചു ചെയ്ത ഒരു പ്രസംഗത്തെ ആധാരമാക്കി അറസ്റ്റുചെയ്ത് രണ്ടുകൊല്ലം കഠിനതടവും ആയിരം രൂപാ പിഴയും വിധിക്കുകയും തടവിലാക്കി. 123-ലെ വിളംബരത്തെ തുടർന്നു പുറത്തുവന്നു. പൂന്നപ്ര-വയലാർ കേസ്സിന്റെ ഡിഫൻസും റിലീഫും സംഘടിപ്പിച്ചു. സ്റ്റേറ്റുകോൺഗ്രസ്സുമായുള്ള തന്റെ ബന്ധങ്ങളും മിക്കവാറും ഉപേക്ഷിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കല്ക്കത്താ കോൺഗ്രസ്സ് കഴിഞ്ഞതോടുകൂടി ക്രമത്തോടെ കമ്മ്യൂണിസ്റ്റ് പ്രവർത്തകരേ അറസ്റ്റുചെയ്യുവാൻ തുടങ്ങിയപ്പോൾ ഒളിവു പ്രവർത്തനങ്ങളിലേക്കു നീങ്ങി. മദ്ധ്യതിരുവിതാംകൂറിലെ പാർട്ടി സംഘാടകനായി ഒളിവിൽ പ്രവർത്തിച്ചു. മാവേലിക്കര, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, ഈ താലൂക്കുകളിലെ പാർട്ടി സംഘടനകെട്ടിപ്പടുക്കുന്നതിലും, ജനാധിപത്യശക്തികളെ ഇളക്കിവിടുന്നതിലും സാരമായ ഒരു പങ്കുവഹിച്ചിട്ടുണ്ട്. കട്ടത്ത പോലീസ് തേർവാഴ്ചയുടെ കാലത്തും ജനങ്ങളുടെ ഇടയിൽതന്നെനിന്നുകൊണ്ട് പ്രവർത്തിച്ചു. പോലീസിന്റെ സർവ്വകഴിവുകളും പ്രയോഗിച്ചിട്ടും പിടികൊടുക്കുവാൻ കഴിയാത്തതിനാൽ പലേ യക്ഷികഥകളും തന്നെക്കുറിച്ചുണ്ടാക്കിവിട്ടു. ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ പ്രചാരത്തിലിരിപ്പുണ്ട്. ഇദ്ദേഹത്തിന്റെ തലക്കു് റവന്യൂ. കെ. നാരായണപിള്ളയുടെ മന്ത്രിസഭ 1000 രൂപാ വില പറഞ്ഞിട്ടുണ്ട്. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ മൂന്നാം സമ്മേളനത്തോടനുബന്ധിച്ചു കൊല്ലത്തുവച്ചു നടന്ന കോൺഫറൻസിൽ തിരു-കൊച്ചി സ്റ്റേറ്റുകമ്മറ്റിയുടെ ഒരു മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടു. മാവേലിക്കര നിയോജകമണ്ഡലത്തിൽ ഒരു മു., പി. എസ്സ്. പി സഖ്യത്തിലെ കമ്മ്യൂണിസ്റ്റ്പാർട്ടി സ്ഥാനാർത്ഥിയായി. തന്റെ ഭാര്യയുടെ ജ്യേഷ്ഠസഹോദരിയുടെ ഭർത്താവായ കൊച്ചീക്കൽ ബാലകൃഷ്ണൻതമ്പിക്കെതിരായി മത്സരിക്കുന്നു.

[ഇപ്പോഴും ഒളിവിൽ കഴിയുന്ന സ: തമ്പിയുടെ ഫോട്ടോ ഞങ്ങൾ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നില്ല. സ: തമ്പിക്ക് ആസന്നഭാവിയിൽ തന്നെ ഒളിവിൽനിന്നു് പുറത്തുവരുവാൻ കഴിയുമെന്നു് ആശിക്കുകയും അന്നു് അദ്ദേഹത്തിന്റെ ഛായാപടം ഈ പംക്തികളിൽ പ്രസിദ്ധപ്പെടുത്താമെന്നു് ഉറപ്പുതരുകയും ചെയ്യുന്നു പത്രാധിപർ]



കെ. ജോസ്തോമസ്

കുഞ്ഞിപ്പള്ളി

ഇന്റർമീഡിയറേറ്റ് ബർക്കുമാൻസ് കോളേജിലും ബി. ഏയ്ക്കും ആർട്ട്സ് കോളേജിലും പഠിച്ചു. 1936-ൽ ബി. ഏ. പാസായി. സ്റ്റേറ്റുകോൺഗ്രസ്സിന്റെ ആരംഭംമുതൽ സ്റ്റേറ്റുകോൺഗ്രസ്സിൽ പ്രവർത്തിക്കുകയും നാലു പ്രാവശ്യമായി രണ്ടു വർഷക്കാലത്തോളം ജയിൽവാസം അനുഭവിക്കുകയുംചെയ്തു. ശ്രീ. പട്ടം താണുപിള്ള കോൺഗ്രസ്സ് വിട്ടതോടുകൂടി കോൺഗ്രസ്സിൽനിന്നും പിരിയുകയുണ്ടായി. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ ഒരു വമ്പിച്ച ധനികനായ കോൺഗ്രസ്സ് സ്ഥാനാർത്ഥിക്കെതിരായി സ്വതന്ത്രനായിനിന്നു് മത്സരിച്ചു് ജയിച്ചു. ഇത്തവണ പി. എസ്സ്. പി. സ്ഥാനാർത്ഥിയായി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽനിന്നു് മത്സരിക്കുന്നു. ശ്രീ. തോമസ്സ് മുണ്ടക്കാട്ടാണ് താമസിക്കുന്നതു്. അദ്ദേഹത്തിനു് രണ്ടു ആൺകുട്ടികളും രണ്ടു പെൺകുട്ടികളുമുണ്ട്.



കെ. നാരായണക്കുറുപ്പ്

വാഴൂർ


1925 ഒക്ടോബർ 23-ാംതീയതി ഒരു പുരാതന കുടുംബമായ സമ്പൻകര കൊട്ടാരത്തിൽവീട്ടിൽ ജനിച്ചു. ശ്രീമൂലംപ്രജാസഭാമെമ്പറായിരുന്നു് പ്രസിദ്ധനായ ഇരവിക്കുറുപ്പിന്റെ അനന്തരവനാണു് നാരായണക്കുറുപ്പ്. സ്വദേശം എൻ. എസ്. എസ്. സ്കൂളിലും ചങ്ങനാശേരി, തൃശൂർ, പൂനാ എന്നിവടങ്ങളിലെ കോളേജുകളിലും പഠിച്ചു്, ബോംബെ സർവകലാശാലയിൽനിന്നും എം. എ. എൽ. എൽ. ബി. ബിരുദങ്ങളോടെ. വിദ്യാർത്ഥിയായിരുന്നകാലത്തെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ സജീവമായ താൽ

പ്പും പ്രദർശിപ്പിച്ചിരുന്നു. 1950-ൽ ഹൈക്കോടതിയിൽ എൻറോൾ ചെയ്യുകയും ചങ്ങനാശേരി മുൻസിഫ്കോർട്ടിൽ പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു. അടുത്തകാലം വരെ നായർസർവീസ് സൊസൈറ്റിയുടെ ഒരു കൗൺസിൽമെമ്പറായിരുന്ന ശ്രീ കറപ്പ് കഴിഞ്ഞ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ സ്വതന്ത്രസ്ഥാനാർത്ഥിയായിനിന്നു മത്സരിച്ചു ജയിച്ചു.



സി. കെ വിശ്വനാഥൻ വയസ്സ് 2

ഒരു ചെത്തുതൊഴിലാളിയുടെ മകനായി ജനിച്ചു. മലയാളം മൂന്നാം ക്ലാസുവരെമാത്രമേ പഠിപ്പിക്കുവാൻ കഴിഞ്ഞുള്ളൂ. നന്നേ ചെറുപ്പത്തിൽത്തന്നെ തിപ്പെട്ടിക്മ്പനികളിലും മറ്റും പണിയെടുക്കേണ്ടിവന്നു. സ്വന്തം പരിശ്രമത്തിലൂടെയും പാർട്ടിപ്രവർത്തനങ്ങളിലൂടെയും മലയാളത്തിലും ഇംഗ്ലീഷിലും സാമാന്യജ്ഞാനം സമ്പാദിച്ചു. കേവലം ബാലനായിരുന്ന കാലത്തേ രാഷ്ട്രീയകാര്യങ്ങളിൽ താല്പര്യം പ്രദർശിപ്പിച്ചുതുടങ്ങി. 1914-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു. 1945-ൽ അറസ്റ്റു ചെയ്യപ്പെട്ടു. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ഐക്യമുന്നണിസ്ഥാനാർത്ഥിയായി മൽസരിച്ചു ജയിച്ചു. ഇരുപത്തിരണ്ടുവയസ്സുള്ള ഈ യുവാവു് ആരോഗ്യമന്ത്രി ശ്രീ. വി. മാധവനെയാണു് ഒറ്റയ്ക്കു നിയോജകമണ്ഡലത്തിൽ മൽസരിക്കുന്നതു്.



ടി. എ. മൈതീൻകുഞ്ഞു് കരുനാഗപ്പള്ളി

അറബിക്കു് പഠിക്കുവാനല്ലാതെ യാതൊരു വിദ്യാഭ്യാസസൗകര്യവും ലഭിച്ചിട്ടില്ല. സ്വന്തം പരിശ്രമംകൊണ്ടു് മലയാളം, തമിഴു്, ഹിന്ദി ഇംഗ്ലീഷു് എന്നീ ഭാഷകളും എഴുതാനും വായിക്കാനും പ്രസംഗിക്കുവാനും വശമുണ്ടു്. മലയാളരാജ്യത്തിന്റെ കായംകുളം ഏജൻറായി ജീവിതമാരംഭിച്ച ഈ യുവാവു് "നാവികൻ" "സുഹൃത്തു്" എന്നീ വാരികകളുടെ പ്രധാന പത്രാധിപതുല്യം വരെ ഉയർന്നു. ബാലനായിരുന്ന കാലത്തേ പൊതുക്കാര്യങ്ങളിൽ സജീവമായി ഇടപെട്ടു. സി. വി. രാമസ്വാമി അയ്യരുടെ ഭരണകാലത്തു് ഒന്നിലധികം പ്രാവശ്യം അറസ്റ്റുവരിക്കയും ആറുമാസത്തിൽപരം വിട്ടു തടങ്കലിൽ കഴിഞ്ഞുകൂടേണ്ടതായും വന്നിട്ടുണ്ടു്. കാൺഗ്രസ്സിന്റെ കായംകുളം ടൗൺ കമ്മിറ്റി പ്രസിഡൻറായിരുന്ന ശ്രീ മൈതീൻകുഞ്ഞു് ആ സംഘടനയിൽനിന്നും രാജിവച്ചു് ആദ്യത്തെ പൊതുതിരഞ്ഞെടുപ്പിൽ സ്വതന്ത്രസ്ഥാനാർത്ഥിയായി കാൺഗ്രസ്സിനെ എതിർത്തു. കാൺഗ്രസ്സിന്റെ മുഖ്യ പ്രതിപക്ഷത്തെ എതിർത്ത ആദ്യത്തെ പ്രതിപക്ഷ നിയമസഭാംഗം ശ്രീ. മൈതീൻകുഞ്ഞു മാത്രമായിരുന്നു. കേരള സമാധാനപ്രസ്ഥാനത്തിന്റെ പ്രസിഡണ്ടായും അഖില തിരുവിതാംകൂർ ജനാധിപത്യയുവജനസംഘടനയുടെ പ്രൈസ് പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ടു്. ഉടൻതന്നെ ശ്രീ. മൈതീൻകുഞ്ഞു് ട്രേഡ്യൂണിയൻ രംഗത്തിൽ ശ്രദ്ധപതിപ്പിച്ചുതുടങ്ങുകയും അഖിലതിരുവിതാംകൂർ നാവിക തൊഴിലാളിയൂണിയന്റെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു.




പി. എസ് നടരാജപിള്ള തിരുവനന്തപുരം 1

1871-ൽ തിരുവനന്തപുരം ആർട്ട്സുകോളേജ് പ്രൊഫസർ ശ്രീ. സുന്ദരൻപിള്ളയുടെ പുത്രനായി ജനിച്ചു. 1916-ൽ തിരുവനന്തപുരം നിയോജകമണ്ഡലത്തിൽ നിന്നും ശ്രീ മൂലം അസംബ്ളിയിലേക്കു് തിരഞ്ഞെടുക്കപ്പെട്ടു. പിപ്പിൾസ് വിക്കിലി എന്ന ഇംഗ്ലീഷ്വാരികയും വഞ്ചികേസരി എന്ന തമിഴ് വാരികയും ആരംഭിച്ചു് ജനസേവനം അനുഷ്ഠിച്ചു. 1922 ൽ ഇന്ത്യൻ നാഷണൽ കാൺഗ്രസ്സിൽ ചേർന്നു. ട്രേഡ്കാൺഗ്രസ്സിന്റെ ആദ്യത്തെ പ്രവർത്തകസമിതിയിൽ ഒരംഗമായി 1938-ൽ തിരഞ്ഞെടുക്കപ്പെട്ടു. 1943-ൽ വീണ്ടും ലെജിസ്ലേറ്റീവ് അസംബ്ളിയിലേയ്ക്കു് തിരഞ്ഞെടുക്കപ്പെട്ടു. റിഫാംസ്കമ്മിറ്റിയിലെ അംഗമായി സേവനമനുഷ്ഠിക്കുകയും തിരുവിതാംകൂർ കാൺസ്റ്റിറ്റ്യൂവെൻറ് അസംബ്ളിയിലേയ്ക്കു് തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1953 ഒക്ടോബറിൽ നിയമസഭാപരിരിച്ചുവിടുന്നതുവരെ ഒരു നിയമസഭാ സമാജികനെന്ന നിലയിൽ പ്രശസ്തമായി രാജ്യസേവനം നിർവഹിക്കുകയുണ്ടായി.



ശിവരാമഭാരതി നെന്മാറ

1942-ലെ സമരകാലത്തു് ഒരു വിദ്യാർത്ഥിയായിരുന്ന ശിവരാമഭാരതി രാഷ്ട്രീയരംഗത്തേയ്ക്കു് പ്രവേശിച്ചു. സ്റ്റഡിഫൈനൽ പാസ്സായതിനുശേഷം തന്റെ മുഴുവൻ സമയവും പ്രജാമണ്ഡലത്തിനുവേണ്ടി ചിലവഴിക്കുകയാണുണ്ടായതു്. അങ്ങനെ 1948-വരെ കാൺഗ്രസ്സിലും പിന്നീടു് സോഷ്യലിസ്റ്റു പാർട്ടിയിലും പ്രവർത്തിച്ചു. കർഷകതാല്പര്യങ്ങൾക്കും തൊഴിലാളികളുടെ താല്പര്യങ്ങൾക്കും വേണ്ടി ശിവരാമഭാരതി എല്ലാക്കാലവും ശബ്ദമുയർത്തിട്ടുണ്ടു്. ചക്കര ചെത്തു് അനുവദിച്ചുകിട്ടേണ്ട കാര്യത്തിൽ ചെത്തു തൊഴിലാളികൾക്കു് സജീവനേതൃത്വം നൽകിയിട്ടുള്ളതും ശിവരാമഭാരതിയാണു്. ചിറ്റൂർ താലൂക്കിലെ ഭ്രൂരിപക്ഷം ചക്കര സൊസൈറ്റികളും സ്ഥാപിക്കുന്ന കാര്യത്തിൽ അദ്ദേഹം മുൻകൈ എടുത്തിട്ടുണ്ടു്. കഴിഞ്ഞ രണ്ടുകൊല്ലമായി ഒരു ട്രേഡ്യൂണിയൻ പ്രവർത്തകൻ എന്ന നിലയിലും പ്രത്യേകിച്ചും മലപ്പുറം തോട്ടം തൊഴിലാളി യൂണിയൻ പ്രസിഡണ്ടെന്ന നിലയിലും പ്രവർത്തിച്ചുവരുന്നു. എക്സ്പ്രസ്സു്, ദിനബന്ധു എന്നീ പത്രങ്ങളുടെ സ്ഥാനം പ്രതിനിധിയുമായിരുന്നിട്ടുണ്ടു്.



സി. കെ. രാമചന്ദ്രൻനായർ

ചെങ്ങന്നൂർ ജനറൽ


ചെങ്ങന്നൂരിൽ കുടുംബത്തിൽ 1903 ഏപ്രിൽ 9-ാംതീയതി ജനിച്ചു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽചേർന്ന് ഖാദിപ്രചരണം അയിത്തോച്ചാടനം, ഹരിജനോദ്ധാരണം എന്നീ പരിപാടികളിൽ ഏർപ്പെട്ടു പ്രവർത്തിച്ചു. മഹാത്മാഗാന്ധിയുടെ കാലത്തു നടന്ന വിദ്യാർത്ഥിപ്രക്ഷോഭണത്തിലും ഹരിജനപ്രസ്ഥാനത്തിലും മറ്റും സജീവമായി പങ്കെടുത്തിട്ടുണ്ട്. കുറെക്കാലം കേരള കർഷകസംഘത്തിന്റെ സംഘടനാപ്രവർത്തകനായിരുന്നു. 1929-ൽ ബി. ഏ. ബി. ടി. പരീക്ഷ വിജയിച്ചു. കോൺഗ്രസ്സിന്റെ ആരംഭകാലംമുതൽ ഒരു സജീവപ്രവർത്തകനായിരുന്നു. തത്ഫലമായി ടീച്ചിംഗ് ലൈസൻസ് തടയപ്പെട്ടു. ചെങ്ങന്നൂർ വെടിവയ്പ്പ് നടന്ന കാലഘട്ടങ്ങളിൽ താലൂക്ക് കോൺഗ്രസ് പ്രസിഡന്റും ഡിക്റ്റേഷൻ കമ്മിറ്റി പ്രസിഡണ്ടും ഏ. റ്റി. സി. സി. മെമ്പറുമായിരുന്നു. ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്തു കോൺഗ്രസ്സിൽനിന്നും രാജിവച്ചു. ഒരു ഹൈസ്കൂൾ ടീച്ചറാണ്. ഇപ്പോൾ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പി. എസ്സ്. പി. സ്ഥാനാർത്ഥിയായി മത്സരിക്കുന്നു.



പി. കെ. കുഞ്ഞച്ചൻ

ചെങ്ങന്നൂർ റിസർവ്വേഷൻ

എഴുമറ്റൂരുള്ള ഒരു തൊഴിലാളി കുടുംബത്തിൽ ജനിച്ചു. ജൂനിയർ ഇൻറർമീഡിയറ്റുവരെ പഠിച്ചശേഷം പല തൊഴിലുകളിൽ ഏർപ്പെട്ടു. ട്രാൻസ്പോർട്ട് കണ്ടക്ടറായിരുന്നപ്പോൾ സ: കെ. ബാലകൃഷ്ണന്റെ നേതൃത്വത്തിൽ യൂണിയൻ പ്രവർത്തനം ആരംഭിക്കുകയും 1943 മുതൽ സജീവരാഷ്ട്രീയരംഗത്തു പ്രവേശിക്കുകയും ചെയ്തു. 1947-മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഒരു മുഴുവൻ സമയപ്രവർത്തകനാണ്. പല പ്രാവശ്യവും അറസ്റ്റുചെയ്യപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.



ആർ. ബാലകൃഷ്ണപിള്ള

കരുകുളം

തൊണ്ണൂറിരുമ്പുതു കർക്കടകം 28-ാംതീയതി ജനിച്ചു. അച്ഛൻ ഒരു പട്ടാളക്കാരനായിരുന്നു. 1114-ലെ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണത്തെ തുടർന്ന് സ്കൂളിൽനിന്നും പുറത്തുപോകേണ്ടിവന്നു. കുറെനാൾ വൈദ്യവൃത്തി പരിശീലിച്ചുനോക്കി. രണ്ടരക്കൊല്ലം പട്ടാളത്തിൽ ജോലിനോക്കി 1119-ൽബന്ധുജനങ്ങളുടെ എതിർപ്പുകൾ അവഗണിച്ചുകൊണ്ട് ശാരദയെന്ന ഒരു പെൺകുട്ടിയുമായി പ്രേമബന്ധത്തിലേർപ്പെടുകയും ആ ബന്ധം വിവാഹത്തിൽ മംഗളമായി കലാശിക്കുകയും ചെയ്തു. ബാലകൃഷ്ണപിള്ളയ്ക്ക് മൂന്ന് ആൺസന്താനങ്ങളുണ്ട്. ഒരു പത്രലേഖകനായും പ്രക്ഷോഭണങ്ങളുടെ നേതാവായും ബാലകൃഷ്ണപിള്ള അറിയപ്പെട്ടു. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ ആയുനാട്ടനാണ് മത്സരിച്ചു. 124 നു ശേഷം 33 കേസുകളും ബാലകൃഷ്ണപിള്ളയുടെ പേരിൽ ചാർജ്ജ്ചെയ്തിട്ടുണ്ട്. സ്വപ്രയത്നംകൊണ്ട് ഇംഗ്ലീഷിലും ഹിന്ദിയിലും സാമാന്യം നല്ല പരിജ്ഞാനം സമ്പാദിച്ചിട്ടുണ്ട്.



ചെങ്ങാരപ്പള്ളി നാരായണൻപോറ്റി

അമ്പലപ്പുഴ

1093 ധനുവിൽ ഹരിപ്പാട്ട് ജനിച്ചു 1116-ൽ തിരുവനന്തപുരം ആർട്ട്സ് കോളേജിൽനിന്നും മലയാളം ഐച്ഛികമായെടുത്തു തിരു: യൂണിവേഴ്സിറ്റിയിലെആദ്യത്തെ ബി. ഏ. ആണേഴ്സ് പരീക്ഷയിൽ ഒന്നാമനായി ജയിച്ചു. കാളേജ് വിദ്യാഭ്യാസകാലം മുതൽ കാൺഗ്രസ്സ് അംഗവും പ്രവർത്തകനുമായിരുന്നു. ഒന്നിലധികം തവണ തിരു: ആർട്ട്സ് കോളേജിലും യൂണിവേഴ്സിറ്റികോളേജിലും ലക്ചറായി ജോലിനോക്കിയിട്ടുണ്ട്. സ്വതന്ത്രതിരുവിതാംകൂർ പ്രക്ഷോഭണകാലത്തു 1122-ൽ ചില കള്ളക്കേസുകളിൽ അകപ്പെട്ടുകയും ജയിൽവാസം വരിക്കുകയുംചെയ്തു. കാൺഗ്രസ്സ്ഗവർമ്മെൻറ് അധികാരത്തിൽവന്ന 1123 മീനമാസത്തിനുമുമ്പുതന്നെ കാൺഗ്രസ്സുമായുള്ള ബന്ധങ്ങളെല്ലാം അവസാനിപ്പിക്കുകയും ഇടതുപക്ഷപ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുക്കുകയുംചെയ്തു.


1949-ൽ കല്ലൂട്ടായിൽ യശഃശരീരനായ ശരച്ചന്ദ്രബോസ് വിളിച്ചുകൂട്ടിയ യു. എസ്. ഓ. യിൽ (United Socialist Organisation) സ: കെ. ബാലകൃഷ്ണനും ഒരുമിച്ച് കെ. എസ്. പി. യുടെ സെഹാർദ്ദ പ്രതിനിധിയായി പങ്കെടുക്കുകയും ഉത്തരേന്ത്യയിൽ പ്രവർത്തനം നടത്തുന്ന വിവിധ ഇടതുപക്ഷ ഗ്രൂപ്പുകളുമായി സമ്പർക്കംപുലർത്തുകയുംചെയ്തു. 1950-ൽ കേരളത്തിൽ സജീവപ്രവർത്തനങ്ങളാരംഭിച്ച റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിക്ക് (ആർ. എസ്. പി.) ഇവിടെ രൂപംകൊടുത്തകാര്യത്തിൽ സ: ബാലകൃഷ്ണനും, സ: ചെങ്ങാരപ്പള്ളിയും പ്രേരണചെലുത്തിയിട്ടുണ്ട്. 1951-52 ലെ പൊതുതെരഞ്ഞെടുപ്പിൽതന്നെ ഏതിർത്തുനിന്ന സ്ഥാനാർത്ഥികൾക്കും കിട്ടിയ പൊതുവോട്ടുകളേക്കാൾ കൂടുതൽ ലഭിച്ച സ: പോറ്റി രണ്ടുകൊല്ലക്കാലം അഭിമാനകരമായ വിധത്തിൽ നിയമസഭാഗ്രാജ്യസേവനം നിർവഹിക്കുകയും, ആ കാലാവധിയും തീരുംകൊച്ചി ഐക്യമുന്നണി പാർലമെൻറ റി പാർട്ടിയുടെ സെക്രട്ടറിയായി എല്ലാ ഘടകപാർട്ടികളുടേയും സമ്പൂർണ്ണയോഗ്യതയുള്ള വിധേയനായി വർത്തിക്കുകയും ചെയ്തിട്ടുണ്ട്.

1953-ൽ ആലപ്പുഴ, കെ. എസ്. ജി. ഫാക്ടറിയിലെ തൊഴിൽതർക്കംസംബന്ധിച്ച് പിക്കറിംഗ്നടത്തിയ സ: ചെങ്ങാരപ്പള്ളി അറസ്റ്റുവരിച്ചു ശിക്ഷയ്ക്കു വിധേയനായി. ഇന്ന് അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ശ്രീ. പാണ്ഡവത്തു ശങ്കരപ്പിള്ള (കോൺഗ്രസ്സ്) യെ എതിർക്കുന്നു. രാഷ്ട്രീയപ്രവർത്തകനെന്നതിനു പുറമെ ശ്രീ. പോറ്റി ഒരു നല്ല സാഹിത്യകാരനും മലയാളപണ്ഡിതനുമാണ്.



കെ. കെ. കൃഷ്ണപിള്ള
കുമാരമംഗലം

നാലുകൊല്ലംമുമ്പ് കാൺഗ്രസ്സിൽനിന്നും പുറത്തുപോന്നു. കഴിഞ്ഞ പഞ്ചായത്തുതെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുപാർട്ടി പിന്തുണയോടുകൂടി സ്വതന്ത്രനായി മൽസരിച്ച് ജയിച്ചു. കഴമുടി ലേഖനങ്ങൾവഴി മാർക്സിസ്റ്റു ലനിനിസ്റ്റു ചിന്താഗതികളുമായി ബന്ധപ്പെടുവാൻ സാധിക്കുകയും ക്രമേണ ആർ. എസ്. പി അനുഭാവിയായി മാറുകയുംചെയ്തു. കുമാരമംഗലം നിയോജകമണ്ഡലത്തിൽ ഐക്യമുന്നണി സ്ഥാനാർത്ഥിയായി ആർ. എസ്. പി. ടിക്കറ്റിൽനിന്നും മൽസരിക്കുന്നു



ഡാ: പി. കെ. സുകുമാരൻ
ഇരവിപുരം.

കാൺഗ്രസ്സ് പ്രവർത്തകനായിരുന്നു. ഒകാല്ലം സമ്മേളനത്തെ തുടർന്നു കാൺഗ്രസ്സിൽനിന്നും പുറത്തുപോന്നു. 1949 മുതൽ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ഒരു സജീവ പ്രവർത്തകനായി. ഒന്നിലധികം പ്രാവശ്യം അറസ്റ്റുചെയ്യപ്പെട്ടു. പല തൊഴിലാളി സംഘടനകളുടേയും നേതാവാണ്. ഡാ: സുകുമാരൻ ഒരു റജിസ്റ്റേർഡ് മെഡിക്കൽ പ്രാക്റ്റീഷണറാണെങ്കിലും, കൃത്യാന്തര ബാഹുല്യത്തിനിടയിൽ ഡിസ്പെൻസറി തുറന്നു വാരം രോഗികളെ ചികിത്സിക്കാനും അദ്ദേഹത്തിന് സാധിക്കുന്നില്ല.



അഡ്വ. ചാത്തന്നൂർ
അപ്പുക്കുട്ടൻ

1114-2തൽ 1946-വരെ കാൺഗ്രസ്സിൽ സജീവമായി പ്രവർത്തിച്ചു. ചേർത്തല താലൂക്ക് കാൺഗ്രസ്സ് പ്രസിഡണ്ടായിരുന്നു. സ: ശ്രീകണ്ഠൻനായരുടെ നിർദ്ദേശപ്രകാരം 1945-ൽ അദ്ദേഹവുമൊരുമിച്ച് പോലീസ് സ്ഥാനവസ്തുക്കളെ ഭേദിച്ചുകൊണ്ട് ചേർത്തലയ്ക്കുവച്ച് പാർലമെന്ററി ഡലിഗേഷനെ തടഞ്ഞുനിർത്തി കാൺഗ്രസ്സിന്റെ മെമ്മോറാണ്ടം സമർപ്പിക്കുകയും തിരു-കൊച്ചി സ്ഥിതിഗതികളെപ്പറ്റി ധരിപ്പിക്കുകയുംചെയ്തു. 51-നു ശേഷംകേരളസമാധാനകൗൺസിലിന്റെ ഖജാൻജിയായി പ്രവർത്തനം നടത്തുകയാണ്. 1952-ൽ കാൺഗ്രസ്സിനെതിരായി ഐക്യമുന്നണിയുടെ സഹായത്തോടുകൂടി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.



സി. എൽ. സെബാസ്റ്റ്യൻ
ഇരിങ്ങാലക്കുട


1917-ൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ വിവാഹിതനാവുകയും തുടർന്ന് ഉദ്യോഗാർത്ഥം നാടുവിടുകയും ചെയ്തു. മൈസൂരിലെ ചരിത്രപ്രസിദ്ധമായ വിദുരാശ്രമത്തിൽ വെടിവയ്പിനെ തുടർന്ന് ടിപ്പൂർ, നരസിപ്പൂർ, ബാങ്കൂർ സമരങ്ങളിൽ സ: സി. എൽ. ഒരു മുന്നണിയോദ്ധാവായി പ്രവർത്തിച്ചു. നാട്ടിൽ മടങ്ങിയെത്തിയതിനു ശേഷം 1949-വരെ പ്രജാമണ്ഡലത്തിന്റെയും കാൺഗ്രസ്സിന്റെയും സജീവപ്രവർത്തകനായിരുന്നു. തുടർന്ന് സോഷ്യലിസ്റ്റുപാർട്ടിയിൽചേർന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സ: സെബാസ്റ്റ്യൻ കൊട്ടങ്ങല്ലൂർ പാർലമെന്റ് സീറ്റിൽ മൽസരിക്കുകയുണ്ടായി ഒരു പത്രപ്രവർത്തകൻ ക്രടിയായ സി. എൽ-ന് ഭാര്യയും നാലുകുഞ്ഞുങ്ങളും സാമ്പത്തിക ഭദ്രതയില്ലാത്ത ഒരു കുടുംബജീവിതവുമാണുള്ളതു്.

ജി. എസ്. മണി
വിളവംകോട്

1114 മുതൽ ഒരു പ്രസ്സ്തൊഴിലാളിയായി ജി. എസ്. മണി പ്രവർത്തിച്ചുവന്നു. 1942-ൽ കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേർന്നു. പല പ്രാവശ്യം അറസ്റ്റുചെയ്യപ്പെട്ടു. പോലീസ് കസ്റ്റഡിയിൽനിന്നു രക്ഷപ്പെട്ട് രണ്ടുകൊല്ലം ഒളിവിൽ കഴിഞ്ഞുകൂട്ടുകയുണ്ടായി. ഒടുവിൽ 124-ൽ പോലീസ്സിന്റെ പിടിയിൽപ്പെട്ടുകയും മൃഗീയമായ മർദ്ദനം സഹിക്കുകയും ചെയ്തു. വീണ്ടും മോചിതനാവുകയും വീണ്ടും



സെൻട്രൽ ജയിൽ, പീഠഭൂമി ജയിൽ അറസ്റ്റുചെയ്യപ്പെടുകയും ചെയ്തു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മൽസരിക്കുകയുണ്ടായി



തോപ്പിൽ ഭാസ്കരൻപിള്ള
ഭരണിക്കാവ് ജനാൽ

42 മുതൽ കാൺഗ്രസ്സിലെ സജീവപ്രവർത്തകനാണ്. രണ്ടു പ്രാവശ്യം തടങ്കലിൽ കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥി കാൺഗ്രസ്സിലെ ഒരു പ്രവർത്തകനായിരുന്നു. തിരുവനന്തപുരം ആയുർവേദ കോളേജിൽപഠിച്ചു. വൈദ്യകലാനിധി പാസ്സായി.


49-ൽ കാൺഗ്രസ്സുവിട്ടു. 49 ൽ കമ്മ്യൂ: പാർട്ടിയിൽചേർന്നു. നാലാംകൊല്ലം ഗൂരനാട്ടു കേസും മറ്റു 9 കേസുകളും കാരണം ഒളിവിൽ കഴിഞ്ഞു. ഒരു കൊല്ലത്തിനുമുമ്പ് അ

റസ്റ്റുചെയ്യപ്പെട്ടു. 6 മാസം തടവിൽകഴിഞ്ഞു. ഇപ്പോഴും ശ്രീനാട്ട കേസിൽ സ: ഭാസി നിർദ്ദോഷിയെന്ന വിധിയുണ്ടായിട്ടുണ്ട്. ഒളിവിലിരുന്ന കാലത്തു് സ: ഭാസിയുടെ അച്ഛനമ്മപ്പെടെ വീട്ടിലുള്ള വരെയെല്ലാം അറസ്റ്റുചെയ്യുകയും മർദ്ദിക്കുകയും തടങ്കലിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്. വീട്ടിലുള്ളതെല്ലാം ജപ്തിചെയ്തു. വീടുതന്നെ പോലീസ് കൈവശപ്പെടുത്തിയിരുന്നു. സ: ഭാസിയെ പിടിച്ചുകൊടുക്കുന്നവർക്ക് 1000 രൂപാ ഗവൺമെൻറ് പ്രതിഫലം കൊടുക്കാമെന്നു പരസ്യപ്പെടുത്തിയിരുന്നു. മുപ്പതുവയസ്സുള്ള സ: ഭാസി കമ്മ്യൂ: പാർട്ടിയിലെ ഒരു മുഴുവൻസമയപ്രവർത്തകനും തൊഴിലാളിപ്രവർത്തകനും വള്ളിക്കുന്നു പഞ്ചായത്തുപ്രസിഡൻറുമാണ്.



എൻ. ചന്ദ്രശേഖരൻനായർ പാലോട്ട്

"ഒരു അഭിഭാഷകനും പൊതുക്കാര്യപ്രവർത്തകനും തൊഴിലാളിപ്രവർത്തകനുമായ സ: എൻ. ചന്ദ്രശേഖരൻനായർ തിരു-കൊച്ചി ഏജ്രേറ്റ് വക്കേഴ്സ് യൂണിയൻറെയും നെടുമങ്ങാട് സഹകരണബാങ്കിൻറെയും പ്രസിഡൻറാണ്. പി. എസ്. പി. സ്ഥാനാർത്ഥിയായി ശ്രീ. ചന്ദ്രശേഖരൻനായർ പാലോട്ട് നിയോജകമണ്ഡലത്തിൽനിന്നും മത്സരിക്കുന്നു.



ടി. പി. ഉലഹന്നാൻ മീനച്ചൽ

28 വയസ്സുള്ള ശ്രീ. ഉലഹന്നൻ മദ്രാസ് ലയോള കാളേജിലെ ഒരു അദ്ധ്യാപകനാണ്. പാലാ ഹൈസ്കൂളിലും തേവരകാളേജിലും തുടർന്നു പ്രസിഡൻസി കാളേജിലും അദ്ധ്യയനം നടത്തുകയും 1952-ൽ എക്കണാമിക്സ് എം. എ. ബിരുദംനേടുകയുംചെയ്തു. പി. എസ്. പി സ്ഥാനാർത്ഥിയായി മീനച്ചൽ നിയോജകമണ്ഡലത്തിൽനിന്നു മൽസരിക്കുന്നു.



ടി. കെ. കൃഷ്ണൻ കുന്നംകുളം

1922 ഡിസംബറിൽ ജനിച്ചു. എറണാകുളം മഹാരാജാസ്കാളേജിലും മദ്രാസ് ലാക്കാളേജിലും അദ്ധ്യയനം നടത്തി. വളരെക്കാലം ഒരു എസ്. എൻ. ഡി. പി. പ്രവർത്തകനായിരുന്നു. അഖില കൊച്ചി വിദ്യാർത്ഥി ഫെഡറേഷൻറെ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കുറെക്കാലം ബാംബെയിൽ പി. ടി. ഐ. യുടെ സബ് എഡിറ്ററായിരുന്നിട്ടുണ്ട്.



യു നീലകണ്ഠൻ ചിറയിൻകീഴ്

1090-ൽ ജനിച്ചു. കഠിനംകുളം സെൻറുമൈക്കൻസ് ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ അദ്ധ്യാപകനായിരിക്കുമ്പോൾതന്നെ അദ്ധ്യാപകന്മാരുടെ അവശതകൾക്കായി മാനേജ്മെൻറുമായി പ്രക്ഷോഭണം നടത്തുകയും ഒടുവിൽ അദ്ധ്യാപകവൃത്തി അവസാനിക്കുകയുംചെയ്തു. ഒരു സ്റ്റേറ്റുകാൺഗ്രസ് പ്രവർത്തകനായിരിക്കുമ്പോൾതന്നെ കടയ്ക്കാവൂർ എസ്. എൻ. ഡി പി. യോഗം സിക്രട്ടറിക്കുടിയായിരുന്നു. സ്റ്റേറ്റുകാൺഗ്രസ്സിൻെറ അവസാനസമരകാലത്തു് എസ്. എൻ. ഡി. പി. യോഗം അവലംബിച്ച നയത്തിൽ പ്രതിഷേധിച്ചു് അതുമായി സിക്രട്ടറിസ്ഥാനം രാജിവച്ചു. പലതവണ ജയിൽവാസം അനുഭവിച്ചു. ഉത്തരവാദഭരണ പ്രഖ്യാപനത്തിനുശേഷം കെ. എസ്. പി. യിൽ ചേർന്നു. സ: നീലകണ്ഠൻ ഒരു സാഹിത്യപ്രവർത്തകനും തൊഴിലാളിപ്രവർത്തകനുംകൂടെയാണ്. പലപ്പോഴും മൂലധനമായ മർദ്ദനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്.

ഒരു പെൺകുട്ടിയുടേയും മൂന്നു ആൺകുട്ടികളുടേയും പിതാവു് കൂടിയാണ് സ: യു. നീലകണ്ഠൻ.



പി. വിശ്വംഭരൻ നേമം

ഇരുപത്തിഎട്ട് വയസ്സുള്ള സ: വിശ്വംഭരൻ ഇൻറർമീഡിയേറ്റ് വിദ്യാർത്ഥിയായിരിക്കുമ്പോൾ, 194[illegible]ലെ കപിറ്റുലേഷൻ സമരത്തിൽ[illegible] കെടുത്തു 1945-ൽ ബി. എ. [illegible] ദ്യാർത്ഥിയായിരുന്ന കാലത്തു് അഖില തിരുവിതാംകൂർ വിദ്യാർത്ഥി കാൺഗ്രസ്സ് സംഘടിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിച്ചു ബി. എ. പാസ്സായതിനുശേഷം പത്രപ്രവർത്തനവും സ്റ്റേറ്റ്കാൺഗ്രസ് പ്രവർത്തനവും ഒരുമിച്ചു നടത്തിവന്നു. [illegible] റെക്കാലം സ്റ്റേറ്റ്കാൺഗ്രസ്സെക്രട്ടോഫീസിലെ മാനേജരായിരുന്നു. സോഷ്യലിസ്റ്റുകാർ കാൺഗ്രസ്സുവിട്ട പുറത്തുപോന്നതുമുതൽ സോഷ്യലിസ്റ്റ്പാർട്ടിയിൽ (പി. എസ്. പി. ചേർന്നു പ്രവർത്തിച്ചുവരികയാണ്. നെയ്യാറ്റിൻകര താലൂക്കു് കരിങ്കൽ തൊഴിലാളി യൂണിയൻ, ഭക്ഷിണ തിരുവിതാംകൂർ കർഷകത്തൊഴിലാളി യൂണിയൻ, ഭക്ഷിണ തിരുവിതാംകൂർ കർഷക തൊഴിലാളി യൂണിയൻ എന്നിവയുടെ പ്രസിഡൻറും, തിരു: കൊച്ചി ക്ലർക്കിംഗ് ജർണലിസ്റ്റ്സ് അസ്സോസിയേഷൻറെ പ്രഥമ ജനറൽ സിക്രട്ടറിയും ഇന്ത്യൻ വർക്കിംഗ് ജർണലിസ്റ്റ്സ് ഫെഡറേഷൻ ട്രേഡ് വാഷ്കിസമ്മേളനത്തിൻെറ സ്വാഗതസംഘം സിക്രട്ടറിയുമായിരുന്നു. ഇപ്പോഴും അഖിലേന്ത്യാ വർക്കിംഗ് ജർണലിസ്റ്റ്സ് ഫെഡറേഷൻറെ എക്സിക്യൂട്ടീവ് [illegible]

സ്. അവനം. രണ്ടുവട്ടം അറസ്റ്റുചെയ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ദേശബന്ധുവിന്റേയും യുണൈറ്റഡ് പ്രസ്സ് ആഫ് ഇന്ത്യായുടേയും തിരുവനന്തപുരം ലേഖകനാണ്.



പി. കെ. യശോധരൻ

പത്തിയൂർ

1104 ചിങ്ങമാസത്തിൽ ജനിച്ചു. വിദ്യാർത്ഥി ആയിരുന്നപ്പോൾതന്നെ സജീവ രാഷ്ട്രീയരംഗത്തേക്കു പ്രവേശിച്ചു. വിദ്യാർത്ഥി കാൺഗ്രസ്സിലും കെ. എസ്. പി. യിലും പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ എസ്. എൻ. കോളേജിൽനിന്നും ബഹിഷ്ക്കരിച്ചു. വിദ്യാർത്ഥി രംഗത്തുനിന്നും തൊഴിലാളിരംഗത്തേയ്ക്കു പ്രവേശിച്ച സ. യശോധരൻ പല പ്രാവശ്യവും പോലീസിൽനിന്നും മർദ്ദനം സഹിക്കേണ്ടിവന്നിട്ടുണ്ട്. പല തവണ അറസ്റ്റുചെയ്യപ്പെട്ടിട്ടുണ്ട്. ആർ. എസ്. പി. യുടെ സജീവപ്രവർത്തകരിലൊരാളായ സ: യശോധരന്റെ പേരിൽ ഇപ്പോഴും ഏഴു കേസുകൾ നിലവിലുണ്ട്.

റോസമ്മപുന്നൂസ്

മണിമല

114-ൽ ട്ടോറകാൺഗ്രസ്സിൽ ചേർന്നു. വട്ടിയൂക്കാവുസമ്മേളനം സംബന്ധിച്ചു് അറസ്റ്റുചെയ്യുകയും 8 മാസക്കാലം ജയിൽജീവിതമനുഭവിക്കുകയുംചെയ്ത ചരിത്രപ്രസിദ്ധമായ കരുനാഗപ്പള്ളി സമ്മേളനത്തിൽ വാളൻറിയർ ക്യാപ്റ്റനായി സേവനം അനുഷ്ഠിച്ചു. വീണ്ടും



അറസ്റ്റുചെയ്യപ്പെട്ടു. 1945-ൽ കാൺഗ്രസ്സിൽനിന്നു രാജിവച്ചു് ഇടതുപക്ഷ ചിന്താഗതിയോടുകൂടി രാഷ്ട്രീയരംഗത്തു പ്രവർത്തനം തുടങ്ങി. 1946-ൽ സ: പി. റ്റി. പുന്നൂസുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു. ഇപ്പോൾ ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയുമുണ്ട്.

സ: റോസമ്മ തോട്ടംതൊഴിലാളികളുടെയിടയിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.



ജോസഫ് കള്ളുവേലിൽ

പൂഞ്ഞാർ


കള്ളുവേലിൽ കുടുംബത്തിൽ 1925-ൽ സ. ജോസഫ് ജനിച്ചു. പൂഞ്ഞാർ ഹൈസ്കൂളിലും ചങ്ങനാശേരി കോളേജിലും തേവരകോളേജിലും അദ്ധ്യയനംനടത്തി ബി. എ. ബിരുദം നേടിയിട്ടുണ്ട്. വിദ്യാഭ്യാസകാലം മുതൽ ഒരു സജീവരാഷ്ട്രീയപ്രവർത്തകനായിരുന്നു. ഇപ്പോൾ ഇദ്ദേഹം പി. എസ്. പി. യിലെ ഒരു സജീവപ്രവർത്തകനും സ്ഥലത്തെ കാൺഗ്രസ്സേതരപഞ്ചായത്തു മെമ്പറുമാണ്. പൂഞ്ഞാർനിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രി ഏ. ജെ. ജോണിനെയാണ് സ: ജോസഫ് മൽസരിക്കുന്നതു്.



മലയാറ്റൂർ രാമകൃഷ്ണൻ

പെരുമ്പാവൂർ

ഇരുപത്താറുവയസ്സുള്ള രാമകൃഷ്ണൻ ഒരു യുവഅഭിഭാഷകനും, സാഹിത്യകാരനും, കാർട്ടൂണിസ്റ്റുമാണ്. 1942-ൽ ആലുവാ യു. സി. കോളേജിൽ ഇൻറർമീഡിയറിനു പഠിക്കുന്ന കാലത്താണ് രാമകൃഷ്ണൻ രാഷ്ട്രീയപ്രവർത്തനങ്ങളിൽ ആദ്യം ഏർപ്പെട്ടുന്നതു്. ആഗസ്റ്റ് ഒമ്പതിലെ വിദ്യാർത്ഥിസമരത്തിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. ബി. എൽ. പാസാകുന്നതുവരെ രാമകൃഷ്ണൻ സ്റ്റുഡൻസ് ഫെഡറേഷനിലെ ഒരു സജീവപ്രവർത്തകനായിരുന്നു. കഴിഞ്ഞ മൂന്നു കൊല്ലക്കാലമായി അഭിഭാഷകവൃത്തി നടത്തുന്ന ഇദ്ദേഹം, ഒരുപാർട്ടിയിലും പെടാത്തയാളാണെങ്കിലും ഒരു തികഞ്ഞ ഇടതുപക്ഷക്കാരനായാണ് അറിയപ്പെടുന്നു. 1950-ൽ "ഇടതുപക്ഷം" എന്ന വാരികയും 1953-ൽ "വിശ്വരൂപം" എന്ന ഹാസ്യ മാസികയും നടത്തുകയുണ്ടായി. 'കൗമുദി' വായനക്കാർ രാമകൃഷ്ണനെ ഒരു ചെറുകഥാകൃത്തെന്ന നിലയിലും, കാർട്ടൂണിസ്റ്റെന്ന നിലയിലുമായിരിക്കും കൂടുതലായറിയുന്നതു്.



ഡോക്ടർ. സുഗതൻ

മാരാരിക്കുളം

1078 ധനുമാസത്തിൽ ക്രിസ്തുമസ്സ്ദിനത്തിൽ ജനിച്ചു. ആലപ്പുഴ മലയാളം സ്കൂളിൽപഠിച്ചു. പതിനഞ്ചാമത്തെ വയസ്സിൽ എട്ടുകെട്ടപരീക്ഷപാസ്സായി. തുടർന്നു് ഒരു മാസം ഒരു പകരം അദ്ധ്യാപകനായി ആസ്കൂളിൽ ജോലിനോക്കുകയും അനന്തരം ആലപ്പുഴ വോളൻറിയർ ബ്രേഴ്സിൽ മുടിമാടൽ തൊഴിലാളിയായി രണ്ടു കൊല്ലം പണിയെടുക്കുകയുംചെയ്തു. പതിനേഴു വയസ്സുമുതൽ മുപ്പത്തിനാലു വയസ്സുവരെ കാഞ്ഞിരം ചിറയിലെ ഒരു പ്രൈവറ്റ് പ്രൈമറിസ്കൂളിൽ നാലാംക്ലാസ്സുവാദ്ധ്യാരായി പട്ടിണിപ്പണിനോക്കി. ജോലികഴിഞ്ഞുള്ള സമയം മുഴുവൻ സാഹിത്യസമ്മേളനങ്ങളിലും സാമുദായിക പ്രവർത്തനങ്ങളിലും തൊഴിലാളികളെ സംഘടിപ്പിക്കുന്ന ജോലിയിലും ഏർപ്പെട്ടു. 112 മുതൽ മുഴുവൻസമയം തൊഴിലാളി പ്രവർത്തകനായി. തിരു-കൊച്ചി കയർ ഫാക്ടറിവർക്കേഴ്സ് യൂണിയൻ ജനറൽസെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. വൈയ്ക്കം സത്യഗ്രഹം ഖാദി പ്രചരണം, നിവർത്തന പ്രക്ഷോഭണം എന്നിവയിലെല്ലാം പങ്കെടുത്തു. സി. കേശവനെ കോഴഞ്ചേരിക്കേസ്സിൽ അറസ്റ്റുചെയ്തതിനെ തുടർന്ന് ഉദ്യോഗം രാജിവച്ചു. സ്റ്റേറ്റ്കാൺഗ്രസ്സിൽ സജീവമായി

പ്രവർത്തിച്ചു. ജീവിതത്തിലാകെ എട്ടരക്കൊല്ലം ജയിലിൽ കഴിച്ചു. 119 മുതൽ 123 വരെ അഖില തിരുവിതാംകൂർ ടേഡ്‌യൂണിയൻ കോൺഗ്രസ്സ് സെക്രട്ടറിയായിരുന്നു. ഉത്തരവാദഭരണപ്രക്ഷോഭണം, വയലാർ-പുന്നപ്രസമരം, കോൺഗ്രസ്സ് ഭരണത്തിനെതിരായ പ്രക്ഷോഭണങ്ങൾ ഇതിലെല്ലാം സജീവമായി പങ്കെടുത്തു. 119-മുതൽ ഇന്നുവരെ കമ്മ്യൂണിസ്റ്റുപാർട്ടി അംഗമാണ്. കഴിഞ്ഞതവണ മുഹമ്മ നിയോജകമണ്ഡലത്തിൽനിന്നും മൽസരിച്ചു ജയിച്ചു. 51 വയസ്സുള്ള സ: സുഗതൻ കേരളത്തിലെ ഏറ്റവും പഴയ തൊഴിലാളിപ്രവർത്തകരിൽ ഒരാളാണ്. "സുഗതൻസാർ" ഒരു സാഹിത്യകാരനാണ്. "നേരം കിട്ടാഞ്ഞതുകൊണ്ട്" ഇതുവരെ വിവാഹം കഴിച്ചിട്ടില്ല.



പി. ജ്ഞാനപ്രകാശ്
കോതമംഗലം

1091 വൃശ്ചികം 27-ാംതിയതി ജനിച്ചു. 1110 കന്നിമാസം 28-ാം തീയതി മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ വക്കിലായി സനദ് എടുത്തു പ്രാക്ടീസു തുടങ്ങി. ഇടക്കാലത്തു ഇൻഡ്യാ കാഫി ബോർഡിന്റെ കളക്ടിംഗ് ഏജന്റായും ജോസ്റ്റാബാങ്ക് എൽ. റ്റി. ഡി. കൊച്ചിൻ ഏജന്റായും ഇരുന്നിട്ടുണ്ട്. കച്ചവടത്തിലും വ്യവസായത്തിലും പരിചയ സമ്പന്നനുണ്ട്.

1123-നുശേഷം കോൺഗ്രസ്സുമായി ബന്ധം മുഴുവൻ ഉപേക്ഷിച്ചു. മൂവാറ്റുപുഴ കോൺഗ്രസ്സിനെതിരായി നടത്തിട്ടുള്ള എല്ലാ സംരംഭങ്ങളിലും സജീവമായ പങ്കുണ്ടായിരുന്നു.

മൂവാറ്റുപുഴയിലെ തൊഴിലാളി സംഘടനകളുടെ പലതിന്റെയും പല കൊല്ലങ്ങളായി പ്രസിഡന്റാണ്. മൂവാറ്റുപുഴ താലൂക്ക് സമാധാന കമ്മിറ്റി പ്രസിഡന്റുമാണ്. കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പിൽ എൻ. പി. വർഗീസിനെ എതിർത്തു. മൂവാറ്റുപുഴ പഞ്ചായത്തു മെമ്പറാണ്.



ഡി. വിവേകാനന്ദൻ
കോട്ടുകാൽ

27 വയസ്സുള്ള സ: ഡി. വിവേകാനന്ദൻ 1942 മുതൽ രാഷ്ട്രീയകാര്യങ്ങളിൽ സജീവമായ ശ്രദ്ധപതിപ്പിച്ചുവരുന്നു. വിദ്യാർത്ഥികോൺഗ്രസ്സിന്റെ വൈസ് പ്രസിഡന്റും അഖി: പ്രസിഡന്റുമായിരുന്നിട്ടുണ്ട്. ബി. എസ്സ്സി. ബിരുദം നേടികഴിഞ്ഞ് അല്പകാലം അദ്ധ്യാപകവൃത്തിയിലേർപ്പെട്ടു. 1947-നുശേഷം കോൺഗ്രസ്സിൽനിന്നും പുറത്തുപോരികയും കെ. എസ്. പി. യിലും തൊഴിലാളിരംഗത്തും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. എറണാകുളം ലാക്കാളേജിൽ പഠിക്കുമ്പോഴും നിയമബിരുദം നേടിക്കഴിഞ്ഞും, ഒരു രോഗിയായി മാറിക്കഴിഞ്ഞിരുന്ന വിവേകാനന്ദൻ രാഷ്ട്രീയരംഗത്തു സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിലും കോട്ടുകാൽനിന്നും വിവേകാനന്ദൻ മൽസരിച്ചു.



കെ. ബാലകൃഷ്ണൻ
തിരുവനന്തപുരം 3

1101 മീനമാസത്തിൽ ആയില്യം നക്ഷത്രത്തിൽ ജനിച്ചു. 1942 ആഗസ്റ്റു സമരത്തെ തുടർന്നു കോളേജ് വിദ്യാർത്ഥിയായിരുന്ന കെ ബാലകൃഷ്ണൻ അറസ്റ്റുചെയ്യപ്പെടുകയും ഉടമ്പാറ റിസർവ്വ് കാമ്പിൽ രണ്ടുമാസം തടവുകാരനായി കഴിയുകയും ചെയ്തു. മധുര അമേരിക്കൻകോളേജിൽ ബി. എ. യ്ക്കു പഠിക്കുന്ന കാലത്താണ് ബാലകൃഷ്ണൻ പ്രസംഗകലയിൽ പരിചയം ലഭിച്ചതു്. അഖിലേന്ത്യാ പ്രസംഗമൽസരത്തിൽ അമേരിക്കൻ കോളേജിനെ പ്രതിനിധീകരിച്ചു് ബാലകൃഷ്ണൻ സമ്മാനം കരസ്ഥമാക്കി. തിരുവനന്തപുരത്തു് ലാക്കാളേജിൽ പഠിക്കുമ്പോൾ ബാലകൃഷ്ണൻ യൂണി: യൂണിയൻ പ്രസിഡന്റായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. കോളേജിൽനിന്നും ബഹിഷ്കൃതനായ ബാലകൃഷ്ണനെ വിദ്യാർത്ഥിസമരത്തിന്റെ ഫലമായി കോളേജിൽ പ്രവേശിപ്പിച്ചെങ്കിലും മൂന്നുമാസത്തിനകം വീണ്ടും അധികാരികൾ ബഹിഷ്കരിക്കുകയുണ്ടായി. വിദ്യാഭ്യാസം അതോടുകൂടി അവസാനിപ്പിച്ചു് സജീവ രാഷ്ട്രീയരംഗത്തേയ്ക്കും തൊഴിലാളിപ്രവർത്തനരംഗത്തേയ്ക്കും ബാലകൃഷ്ണൻ പ്രവേശിച്ചു. കൊല്ലത്തു് വിവിധ ടെക്സ്റ്റൈൽ യൂണിയനുകളുടെ ഔദ്യോഗിക ഭാരവാഹിയായും കോൺഗ്രസ്സിന്റെ സംഘടനാപ്രവർത്തകനായും പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ബാലകൃഷ്ണൻ അറസ്റ്റുചെയ്യപ്പെടുകയും എട്ടുമാസംകഴിഞ്ഞു് ജയിൽ വിമുക്തനാകുകയുംചെയ്തു. കെ. എസ്. പി. യുടെ തിരുവിതാംകൂർ കമ്മിറ്റി സെക്രട്ടറിയായി പ്രവർത്തിച്ചുവരവേ വിദ്യാർത്ഥി സമരത്തോടനുബന്ധിച്ചു് സ: ശ്രീകണ്ഠൻനായരോടൊപ്പം ബാലകൃഷ്ണനും അറസ്റ്റുചെയ്യപ്പെട്ടു. ടി. കെ. മന്ത്രിസഭവന്നപ്പോൾ ഇവർ മോചിതരായെങ്കിലും പി. ഡബ്ല്യു. ഡി. തൊഴിലാളിസമരത്തെ തുടർന്നു് ബാലകൃഷ്ണൻ വീണ്ടും അറസ്റ്റുചെയ്യപ്പെട്ടു. ഇടതടവില്ലാത്ത രാഷ്ട്രീയ പ്രവർത്തനംമൂലം ബാലകൃഷ്ണൻ ഒരു രോഗിയായി മാറുകയും സജീവരാഷ്ട്രീയരംഗത്തുനിന്നും ഒഴിഞ്ഞുനില്ക്കാൻ നിർബന്ധിതനാവുകയുംചെയ്തു. 90 റാത്തൽ ഭാരമുള്ള ഈ കൊച്ചുമനുഷ്യൻ ഒരു പത്രപ്രവർത്തകനും സാഹിത്യകാരനുംകൂടിയാണ്. ശ്രീ. സി. കേശവന്റെ പുത്രനായ സ: കെ. ബാലകൃഷ്ണൻ രണ്ടു് ആൺസന്താനങ്ങളുടെ പിതാവുമാണ്.

"കുട്ടനാടൻ കിളി"

ഏഴു ചെറുകഥകളുടെ സമാഹാരം.

1954-ലെ ഏറ്റവും പുതിയ പ്രസിദ്ധീകരണം

ആർട്ടിസ്റ്റ് കെ. സത്യവ്രതൻ (മുരുക്കുംപുഴ) എഴുതിയ ഹൃദയാവർജ്ജകമായ മുഖചിത്രത്തോടുകൂടിയതു്.


ഗ്രന്ഥകർത്താവ്: കിളിമാന്തൂർ വിശ്വംഭരൻ

ആകെ 96 പേജ്—10 പേജ് ആർട്ടുപേപ്പറിൽത്തന്നെ.

ഏഴു കഥകൾ. വില പന്ത്രണ്ടണമാത്രം.

ഒറ്റപ്രതി ആവശ്യമുള്ളവർ 12 ണ മണിയോർഡർ ചെയ്യുക:

കിളിമാന്തൂർ വിശ്വംഭരൻ,
തോപ്പിൽ, കിളിമാന്തൂർ P. O.
T. C State



ളിൽ ശ്രദ്ധിച്ചിരുന്നു. 35 വയസ്സുള്ള ഈ ഹരിജനസ്ത്രീവ് വക്കല റിസർവേഷൻ സീറ്റിൽ പി. എസ്. പി. സ്ഥാനാർത്ഥിയായി മൽസരിക്കുന്നു.




ഏ. അച്യുതൻ
കാർത്തികപ്പള്ളി


1902-ൽ ജനിച്ചു. ഹരിപ്പാട്ട്, മാവേലിക്കര എന്നിവടങ്ങളിലെ സ്കൂളുകളിലും മധുര അമേരിക്കൻ കാളേജിലും തിരുവനന്തപുരം മഹാരാജാസ് കാളേജിലും ലാക്കാളേജിലും അദ്ധ്യയനംനടത്തി. ബി. ഏ. ബീരുദവും നിയമബിരുദവും കരസ്ഥമാക്കി. തിരുവനന്തപുരത്തുതന്നെ അഭിഭാഷകവൃത്തിയിലേർപ്പെട്ടു. താലൂക്ക് കമ്മിറ്റി പ്രസിഡൻറ്, ഡിവിഷൻ കമ്മിറ്റി പ്രസിഡൻറ്. വർക്കിംഗ് കമ്മിറ്റി അംഗം, ജനറൽ സെക്രട്ടറി, പ്രസിഡൻറ് എന്നീ വിവിധ നിലകളിൽ കോൺഗ്രസ്സിൽ പ്രവർത്തിച്ചിട്ടുണ്ട്. നിയമസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന്, കോൺഗ്രസ്സ് ലജിസ്ലേറ്റീവ് പാർട്ടിയുടെ പ്രഥമസെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അതിലെ മന്ത്രിസഭയിലെ ഒരംഗമായിരുന്നു. ശ്രീ അച്യുതൻ ഇപ്പോൾ പി. എസ്. പി-യിലെ ഒരു പ്രമുഖപ്രവർത്തകനാണ്.

ററി. എ. മജീദ്
വക്കല ജനറൽ

1113-ൽ സ്കൂൾകോൺഗ്രസ്സ് സമരത്തിൽ സജീവമായി പങ്കെടുത്തു. അന്നത്തെ സർ. സീ. പി-യുടെ നിരോധനാജ്ഞയെ ലംഘിച്ചുകൊണ്ട് തിരുവനന്തപുരത്തേക്ക് ജാഥ



നയിച്ചു. പൊതുകാര്യങ്ങളിലുള്ള പ്രവർത്തനസന്നദ്ധത നിമിത്തം ലാക്കാളേജുവിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അനന്തരം പ്രഭാതം, മലയാളരാജ്യം, അരുണോദയം, പരദേശാഭിമാനം മുതലായ ദിനപത്രങ്ങളുടെ പത്രാധിപരായി പ്രവർത്തനംനടത്തി. തൻറെ സമുദായത്തിൻറെ ശോചനീയാവസ്ഥയിൽ മനംകലങ്ങിയ ഇദ്ദേഹം, തി: മുസ്ലീം യുവജനസമാജ്ലിസ്റ്റ് എന്ന സംഘടനയ്ക്കായി അഹോരാത്രം പരിശ്രമിച്ചു. തുടർന്ന് തിരുവിതാംകൂർ മുസ്ലീംകൾക്ക് മതപരമായും സാംസ്കാരികമായും ഉള്ള ഉയർച്ചയ്ക്കായി ഇടവാ സി. എം. പ്രസ്സിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള "യുവകേസരി", "ഹിലാൽ" എന്നീ മാസികകളുടെ പത്രാധിപത്യം ഏറെറടുത്തു സേവനം നടത്തി. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വക്കല നിയോജകമണ്ഡലത്തിൽ നിന്നും മത്സരിച്ച് ജയിച്ചു.



കെ. കൊച്ചുകുഞ്ഞു
വക്കല റിസർവേഷൻ


ഒരു കോൺഗ്രസ്സ് പ്രവർത്തകനായിരുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ചടയമംഗലം റിസർവേഷൻ സീററിൽനിന്നുകൊണ്ട് പി. എസ്. പി. സ്ഥാനാർത്ഥിയായി മൽസരിച്ചു ജയിച്ചു. വിദ്യാഭ്യാസം പൂർത്തിയായതിനുശേഷം തിരു-കൊച്ചി ഐക്യസംസ്ഥാന സാധുജനപരിപാലനയോഗം, പ്രസിഡണ്ടായി സേവനം നടത്തുകയുണ്ടായി. ഒരു അദ്ധ്യാപകൻ എന്ന നിലയിൽ കുടിപ്പള്ളിക്കൂടം സ്ഥാപിച്ച് ഹരിജനങ്ങളുടെ വിദ്യാഭ്യാസകാര്യങ്ങ



തലവേദന, അകാലനര, താരണം, പുകച്ചിൽ, മുടികൊഴിച്ചിൽ ഇവയെ മാറ്റി, തലച്ചോറിനും, കണ്ണിനും കുളിർമനൽകി തലമുടി നീണ്ടുചുരുണ്ട് സമൃദ്ധമായി വളരുന്നതിനു് പഴുപ്പില്ലാത്തമായ വിധം, ആയുർവേദ ശാസ്ത്രപ്രകാരം തനി എള്ളെണ്ണയിൽ അനേകം ഫലവത്തുക്കളായ ഔഷധങ്ങളും സുഗന്ധപുഷ്പരസങ്ങളും ചേർത്തു് തയ്യാർചെയ്ത സുഗന്ധ കേരള തൈലം.

4-ഔ. കുപ്പി 1-ക്കു് 1-6-0.

N. B 3 കുപ്പിയിൽ കുറഞ്ഞു് വി. പി. അയയ്ക്കുന്നതല്ല. 25% മൻകൂർ.



ടി. കെ. ദിവാകരൻ

കൊല്ലം

സ്കൂൾ ഫൈനൽ പാസ്സായതിനു ശേഷം കുറേയിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയനാഫീസിൽ ക്ലാർക്കായി രംഗപ്രവേശം ചെയ്തതോടെയാണു് രാഷ്ട്രീയ ജീവിതമാരംഭിക്കുന്നതു്. മൂന്നു് വർഷക്കാലത്തെ യൂണിയനാഫീസിലെ പ്രവർത്തനം വഴി ബഹുജനപ്രസ്ഥാനവുമായി ബന്ധപ്പെട്ടതിന്റെ ഫലമായി 114-ലെ കാൺഗ്രസ്സ് പ്രക്ഷോഭണത്തിൽ സജീവമായി പങ്കെടുത്തു. 1114-ലെ ദേശീയപ്രക്ഷോഭണത്തിലെ ചരിത്രം സൃഷ്ടിച്ച ഒരദ്ധ്യായമായ കൊല്ലം കൺറോൺമെന്റ് മൈതാനത്തെ ടാൻസ്പോർട്ട് ബസ്സ് തീവയ്പുകേസ്സിൽ ശ്രീമാൻ കുമ്പളം, സി. കേശവർ ഇവരോടൊപ്പം പ്രതിയായി 6 മാസം ശിക്ഷിക്കപ്പെട്ടു. അതിനുശേഷം ഇന്നുവരെ മുഴുവൻ സമയവും രാഷ്ട്രീയപ്രവർത്തകനും തൊഴിലാളിപ്രവർത്തകനുമായി കഴിയുകയാണു്. 1116-മുതൽ കണ്ണന്തോട്ടത്തിന്റെ സഹപ്രവർത്തകനായിരുന്നു. 1118-ൽ കയറു ഫാക്ടറി യൂണിയൻ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 1118-ൽ കാൺഗ്രസ്സ് എം. എൽ. എ. മാരെ സ്വീകരിച്ചുയോഗത്തിൽ പ്രസംഗിച്ചതിനു് 6-മാസം തടവിനു ശിക്ഷിക്കപ്പെട്ടു. 1120 മുതൽ ഏറെക്കാലം എ. ഐ. സി. സി. മെമ്പറും എ. ഐ. ഐ. യു. സി. വർക്കിംഗ് കമ്മിറ്റിമെമ്പറുമായിരുന്നു


1118-മുതൽ സ: ശ്രീകണ്ഠൻനായരുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ തുടങ്ങി. 1122-ലെ വയലാർ-പുന്നപ്ര ലഹളക്കേസ്സിൽ അറസ്റ്റുചെയ്യപ്പെട്ടു. സർക്കാരിനെതിരായി ഗൂഢാലോചന നടത്തിയെന്ന കേസ്സിൽ ഒന്നരക്കൊല്ലം ജയിൽവാസമനുഭവിച്ചു 1123-ൽ മോചിപ്പിക്കപ്പെട്ടു. കാൺഗ്രസ്സിൽ നിന്നും 1123-ൽ രാജിവയ്ക്കുന്നതുവരെ ഇടതുപക്ഷ ചിന്താഗതിക്കാരനായി സി. എസ്. പി യായി പ്രവർത്തിച്ചു. 1123-ൽ സ: ശ്രീകണ്ഠൻനായർ, മത്തായിമാഞ്ഞൂരാൻ തുടങ്ങിയവരോടൊപ്പം സി. എസ്. പി. യുമായുള്ള ബന്ധം വിട്ടുത്തി കെ. എസ്. പി. രൂപീകരിച്ചു. ഇതിനകം കൊല്ലത്തെ എല്ലാ പ്രമുഖ ട്രേഡ്യൂണിയനുകളുടെയും പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 1123-ൽ കൊല്ലത്തു് കാൺഗ്രസ്സിനെതിരായി കെ. എസ്. പി. സ്ഥാനാർത്ഥിയായി മൽസരിച്ചു. വാശിയേറിയ ആ തെരഞ്ഞെടുപ്പിൽ 2000-ൽപരം വോട്ടുകൾ സമ്പാദിക്കാൻ കഴിഞ്ഞു. ഇതിനകം തന്നെ തൊഴിലാളിസമരങ്ങൾ സംബന്ധിച്ചു് നിരവധി പ്രാവശ്യം ജയിലിലടയ്ക്കപ്പെട്ടു 1124-ൽ കാട്ടൺമിൽ സംഘർഷത്തെ തുർന്നു് ഒരു വർഷം തടങ്കലിൽ വയ്ക്കപ്പെട്ടു. 1125-കെ.എസ്. പി. ആർ. എസ്. പി. യിൽ ലയിക്കാൻ തീരുമാനിച്ചതു മുതൽ ആർ. എസ്. പി. യിൽ പ്രവർത്തിക്കുകയാണു്. 1951-ലെ പൊതുതിരഞ്ഞെടുപ്പിൽ കൊല്ലത്തു് ഐക്യമുന്നണി ടിക്കറ്റിൽ അസംബ്ളിയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. തുടർന്നു് 1953 സെപ്തംബറിൽ അസംബ്ളി പിരിച്ചുവിടുന്നതുവരെ ഐക്യമുന്നണി പാർലമെന്ററി പാർട്ടി ഡെപ്യൂട്ടി ലീഡറായിരുന്നു. പ്രഗത്ഭനായ ഒരു പാർലമെന്റേറിയനെന്ന നിലയിൽ സഖാവിന്റെ അസംബ്ളിയിലെ പ്രവർത്തനങ്ങൾ ഈ രാജ്യത്തിന്റെ രാഷ്ട്രീയജീവിതവുമായി അലിഞ്ഞുചേർന്നിട്ടുള്ളതാണു്. സഖാവു് ഇന്നു കൊല്ലത്തെ 2 ൽപരം യൂണിയനുകളുടെയും, കുണ്ടറ, കൊട്ടാരക്കര, കൊട്ടിയം, കായംകുളം, തിരുവനന്തപുരം തുടങ്ങിയ വ്യവസായകേന്ദ്രങ്ങളിലെ നിരവധി യൂണിയനുകളുടെയും പ്രസിഡൻറാണു്. അഖിലേന്ത്യാ യുണൈറ്റഡ് ട്രേഡ്യൂണിയൻ കാൺഗ്രസ്സിന്റെ വർക്കിംഗ്കമ്മിറ്റിമെമ്പർ, ആർ. എസ്. പി. സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിറ്റിമെമ്പർ, തൊഴിൽതർക്കോടതികളിൽ ഈ രാജ്യത്തെ മറ്റെതൊരു അഭിഭാഷകനേക്കാളും കൂടുതൽ കേസ്സുകൾ വാദിക്കുന്ന കരാർക്കുറിയാണു്. ടി. കെ. വാദിച്ചിട്ടുള്ള കേസ്സുകളിൽ തൊഴിലാളികൾക്കു ഭീമമായ നേട്ടങ്ങളുണ്ടാക്കാൻ തന്റെ കഴിവുകൾ വിനിയോഗിച്ചു കൊണ്ടിരിക്കയാണു്. ഇന്നു് ഐക്യമുന്നണി സ്ഥാനാർത്ഥിയായി കൊല്ലം നിയോജകമണ്ഡലത്തിൽ മൽസരിക്കുന്നു. മുപ്പത്തിമൂന്നു വയസ്സുള്ള ഈ യുവാവു് അവിശ്രമമായ രാഷ്ട്രീയജീവിതം കൊണ്ടും ഭീകരമായ പോലീസു മർദ്ദനംകൊണ്ടും അനാരോഗ്യവാനായിത്തീർന്നിട്ടുണ്ടു്.



പി. ആർ. മാധവൻപിള്ള

കുന്നത്തൂർ ജനറൽ


ചങ്ങനാശ്ശേരി ബി. എൻ. കോളേജിൽ പഠിക്കുന്ന കാലത്തു് 113-ൽ വിദ്യാർത്ഥിപണിമുടക്കിൽ പങ്കെടുത്തു് സത്യഗ്രഹം അനുഷ്ഠിച്ചു. അന്നുമുതൽ കാൺഗ്രസ്സ് പ്രവർത്തകനായിരുന്നു. മാവേലിക്കരതാലൂക്കു് കാൺഗ്രസ്സ്കമ്മിറ്റി സെക്രട്ടറിയായും, കായംകുളം ഡി. സി. സെക്രട്ടറിയായും ഏ. ടി. സി. സി മെമ്പറായും പ്രവർത്തിക്കുകയും അറസ്റ്റുവരിക്കുകയും ചെയ്തിട്ടുണ്ടു്. കാൺഗ്രസ്സ് പത്രമായ യുവകേരളത്തിന്റെ പ്രധാന പത്രാധിപരായിരുന്നു. 'കേരളം' 'നവലോകം' എന്നീ ദിനപത്രങ്ങളും സ: പി. ആർ-ന്റെ മേൽനോട്ടത്തിലാണു് നടന്നതു്. പൊതുകമായി ലഭിച്ച ട്രസ്റ്റുക്കടം വീട്ടാണു് 'നവലോകം' തുടങ്ങിയതു്. ജനാധിപത്യ യുവജനസംഘത്തിന്റെ പ്രമുഖ നേതാക്കന്മാരായിരുന്ന പലതവണ അറസ്റ്റുചെയ്യപ്പെടുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തു. സ: പി. ആർ. ഒരു നിയമ ബിരുദധാരിയാണു്.



കെ. എ. ബാലൻ

പാറശ്ശാല

സ: ബാലൻ, 1952-ൽ ആണ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നത്. ഇപ്പോൾ അദ്ദേഹം ഡിവിഷൻകമ്മിറ്റിമെമ്പറാണ്. സുശക്തമായ ചെത്തുതൊഴിലാളി യൂണിയൻ, കയർ തൊഴിലാളി യൂണിയൻ തുടങ്ങിയ സംഘടനകളുടെ പ്രസിഡൻറായ സ: ബാലനാണ് 1953-ലെ ചെത്തുതൊഴിലാളിസമരം നയിച്ചത്. വളരെ ശാന്തശീലനായ ഈ അഭിഭാഷകൻ അവിശ്രമമായി സംഘടനാപ്രവർത്തനം നടത്തുന്നതിൽ നിപുണനായ ഒരു വാഗ്മിയാണ്.



ആർ. ശ്രീകാശം

ആറാങ്കൽ

1927 മാർച്ച് 22-ാം തീയതി ജനിച്ചു. പിതാവ്: ശ്രീ. പി. എം. രാമൻ, (റിട്ട: സബ് രജിസ്ട്രാർ, ദേവസ്വം സിക്രട്ടറി, എസ്. എൻ. ഡി. പി. യോഗം) മദ്രാസ് ക്രിസ്ത്യൻകോളേജിൽനിന്നും 1947-ൽ എക്കണാമിക്സ് ആണേഴ്സ് വിജയിച്ചു. 1945-ൽ വിദ്യാർത്ഥി ഫെഡറേഷനിലും 46-ൽ കമ്മ്യൂ: പാർട്ടിയിലും ചേർന്നു. 45 46 ൽ മദ്രാസ് ക്രിസ്ത്യൻകോളേജ് എസ്. എഫ്. നെറ പ്രസിഡണ്ടും. 1947 മാർച്ചുവരെ തിരുവിതാംകൂറിൽ പ്രവേശിക്കരുതെന്ന് സർ. സി. പി. സക്കാർ നിരോധിച്ചിരുന്നു. 1948-മുതൽ തിരുവിതാംകൂർ പാർട്ടിയിൽ പ്രവർത്തനമാരംഭിച്ചു. 1949 ജനുവരി മുതൽ ഒളിവിൽ പ്രവർത്തിച്ചു. 1950 മാർച്ചിൽ പരപ്പൂർവച്ച് അറസ്റ്റുചെയ്യപ്പെടുകയും അതികഠിനമായ ഗുണ്ടാ—പോലീസുമർദ്ദനത്തിനും വിധേയനാവുകയും ചെയ്തു. ആറുമാസങ്ങൾ മുമ്പ: ചെയർമാനായി 1953 മാർച്ചിൽ തിരഞ്ഞെടുക്കപ്പെട്ടു.



കെ. ചന്ദ്രശേഖരൻനായർ

ഇരവിപുരം റിസർവ്വേഷൻ

മൂളവനയുള്ള ഒരു കർഷകത്തൊഴിലാളി കുടുംബത്തിൽ ജനിച്ചു. പെരനാട് സംസ്കൃത ഹൈസ്കൂളിൽനിന്നും 1935-ൽ ശാസ്ത്രിപരീക്ഷ പാസ്സായി. ഹരിജനഹോസ്റ്റലിൽ താമസിച്ചുകൊണ്ട് സംസ്കൃതകാളേജിൽ പഠിച്ചുവരുമ്പോൾ ജി. രാമചന്ദ്രനൊപ്പം ഹരിജനോദ്ധാരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ആരംഭകാലം മുതൽ കോൺഗ്രസ്സിൽ പ്രവർത്തിച്ചുവന്നു. കാളേജ് വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. കാൺഗ്രസ്സ് അധികാരത്തിലായിക്കഴിഞ്ഞശേഷം സ: ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിൽ ഗ്രൂപ്പുമെടുത്തു കെ. എസ്സ്. പിയിലും തുടർന്ന് ആർ. എസ് പി. യിലും ചേർന്ന് പ്രവർത്തിച്ചു. 1951-ൽ പാർട്ടി ആവശ്യപ്രകാരം തൊഴിലിനുസരിച്ച് ഗവർമ്മെൻറ് ഹൈസ്കൂളിലെ അദ്ധ്യാപകജോലി അവസാനിപ്പിക്കുകയും കുട്ടനാട്ടിൽ കർഷകത്തൊഴിലാളികളുടെയിടയിൽ പ്രവർത്തനം തുടർന്നുവരികയും ചെയ്യുന്നു.



പന്തളം കെ. പി. രാമൻ പിള്ള പത്മനാഭൻതമ്പി

ബി. ഏ. ജയിച്ചതിനുശേഷം പത്രപ്രവർത്തനത്തിലും സാഹിത്യരചനയിലും ഏർപ്പെട്ടു. മരുളീധരൻ, രാഗസുധ, തുടങ്ങിയ അനേകം ലഘുഗാനകാവ്യങ്ങളും രചിച്ചിട്ടുണ്ട്. ചിന്താമണി, വിശ്വവിഹാരി, ചിത്രലേഖ, വാമദേവൻ എന്നിത്യാദി തൂലികാനാമങ്ങളിൽ ഒട്ടുവളരെ വിനോദ ലേഖനങ്ങളും പ്രസിദ്ധം ചെയ്തിട്ടുണ്ട്.

114 ലെ ട്രേറ്റർ കാൺഗ്രസ്സ് പ്രക്ഷോഭണത്തിൽ ഉൾപ്പെട്ട് ജയിൽവാസം വരിച്ച തുടർന്ന് മിസ്സസ് കെ. പിയും നിയമലംഘനം നടത്തി ജയിൽവാസം സ്വീകരിച്ചു 119 മുതൽ അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടു. ഇത്തവണ തിരഞ്ഞെടുപ്പിനു നിൽക്കുന്നതുവരെ എൻ. എസ്. എസ് വകയായി വള്ളിക്കോട് കോട്ടയത്തുള്ള ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നു.



മിസ്സസ് കെ. എ. മാത്യു

എഴമറ്റൂർ

കോൺഗ്രസ്സിലെ ഒരു പ്രമുഖ നേതാവായിരുന്ന ശ്രീ. കെ. എ. മാത്യുവിൻെറ സഹധർമ്മിണി. റിട്ടയാർഡ് ചീഫ് സെക്രട്ടറി കെ. ജാർജ്ജിൻെറ സഹോദരി. കോൺഗ്രസ്സ് വർഗ്ഗീയസംഘടനകളുടെ സമാഹാരമായി മാറിയപ്പോൾ കോൺഗ്രസ്സിൽനിന്നും പുറത്തുപോന്നു. പി. എസ്. പി. യിൽ ചേർന്നു. 1114 മുതൽ കോൺഗ്രസ്സിലെ സജീവ പ്രവർത്തകയായിരുന്നു. അക്കാമ്മചെറിയാൻ നയിച്ച തിരുവനന്തപുരംജാഥയിലെ അംഗം സ. മരക്ഷത്തക്കുവേണ്ടി മിസ്സസ് ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ നേതൃത്വത്തിൽ ഗ്രൂപ്പീകൃതമായ സ്റ്റേറ്റ് കോൺഗ്രസ്സ് റിലീഫ് കമ്മിറ്റിയിൽ സജീവമായി പ്രവർത്തിച്ചു. ഒരു മികച്ച സാമൂഹ്യസേവിക. ചിൽഡ്രൻസ്സ് എയിഡ് സൊസൈറ്റിസെക്രട്ടറി. വളരെക്കാലം വൈ. എം. സി. ഏ. യുടെ കമ്മിറ്റിമെമ്പറായിരുന്നു. നാല്പത്തിരണ്ടുവയസ്സുള്ള മിസ്സിസ് മാത്യുവിൻെറ ഏകസന്താനമായ പുത്രി മാതാവോടൊന്നിച്ച് തെരഞ്ഞെടുപ്പ് പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. ശങ്കർറാവു ദേവിൻെറ ഭ്രഷ്ടനായ കുന്നം സംരംഭങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കുകയുണ്ടായി.


ഡോ: വി. എം. കുര്യൻ

ഓമല്ലൂർ

കോഴഞ്ചേരിയിലുള്ള ഒരു പുരാതന കുടുംബത്തിൽ 1885 ഡിസംബറിൽ ജനിച്ചു. 1913-ൽ തിരുവി




താംക്കർ മെഡിക്കൽ സർവീസിൽ ഡാക്ടറായി സേവനമാരംഭിച്ചു. 1941-ൽ ഒന്നാംഗ്രേഡ് ഡപ്യൂട്ടി സർജനായിരിക്കുമ്പോൾ ഉദ്യോഗത്തിൽനിന്നും വിരമിച്ചു അന്നുതൊട്ട് കോൺഗ്രസ്സിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഡാക്ടർ കുരുൻ ഒരു സാമൂഹ്യപ്രവർത്തകനുമാണ്.



സി. ജി. സഭാശിവൻ
തൃശൂർ

നിവർത്തനപ്രക്ഷോഭണത്തിൽ തുടർന്ന് മഹാരാജാസ് കോളേജ് വിദ്യാർത്ഥിയായിരുന്ന സി. ജി. വിദ്യാഭ്യാസം നിറുത്തുകയും എസ്. എൻ. ഡി. പി. യോഗപ്രവർത്തനങ്ങളിലേക്കും, അവിടെ നിന്ന് റേറ് കോൺഗ്രസ്സിലേക്കും, സ്റ്റേറ്റ് കോൺഗ്രസ്സിൽനിന്നു തൊഴിലാളിപ്രവർത്തനങ്ങളിൽകൂടി കമ്മ്യൂണിസ്റ്റ് പാർട്ടിയിലേക്കും സ: സി. ജി പ്രവേശിച്ചു മൂന്നരവർഷത്തോളം യിലിലും, രണ്ടരവർഷത്തോളം ഒളിവിലും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞതവണ തണ്ണീർമുക്കം നിയോജകമണ്ഡലത്തിൽനിന്നും മൽസരിച്ചു ജയിച്ചു.




വി കെ കേശവപിള്ള
കുന്നുമ്മേനാട് (ജനറൽ)


1091-ൽ പെരുമ്പാവൂരിൽ ജനിച്ചു. സയൻസ്കോളേജിൽ പഠിച്ചു ബി. എ ബിരുദം നേടി. അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചു. പെരുമ്പാവൂർ ആശ്രമം സ്കൂളിലും കുറുപ്പംപടി എം. ജി. എം സ്കൂളിലും ജോലിനോക്കി. കോൺഗ്രസ്സിന്റെ സജീവപ്രവർത്തകനായിരുന്നു. 1949-ൽ വളയംചിറങ്ങര ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി. കോൺഗ്രസ്സിൽനിന്നും പിരിഞ്ഞതുമുതൽ പി. എസ്. പി. അനുഭാവിയാണ്.

കെ ജി. രാമൻമേനോൻ
ആലങ്ങാട്

1078-ാമാണ്ടു് കുമ്മല്ലൂരുള്ള ഒരു പുരാതനനായർ തറവാട്ടിൽ ജനിച്ചു. വിദ്യാഭ്യാസജീവിതത്തിനുശേഷം 2 കൊല്ലക്കാലം അദ്ധ്യാപകവൃത്തിനോക്കുകയും തുടർന്ന് പ്ലീഡർഷിപ്പ് പരീക്ഷ പാസ്സാവുകയും 1102-വൃശ്ചികം മുതൽ പറവൂർ മുൻസിഫ് കോടതിയിൽ പ്രാക്ടീസ് തുടങ്ങുകയുംചെയ്തു. കോൺഗ്രസ്സ് പ്രവർത്തനങ്ങളിലും, സഹകരണപ്രസ്ഥാനത്തിലും മുമ്പേലയേറിയ




സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഇപ്പോൾ പി. എസ്. പി. സ്ഥാനാർത്ഥിയായി ആലങ്ങാട് നിയോജകമണ്ഡലത്തിൽനിന്നും മൽസരിക്കുന്നു.



കോട്ടയം ഭാസി
കോട്ടയം

41 വയസ്സുപ്രായമുള്ള സ: ഭാസി ഇരുപതു വർഷങ്ങൾക്കുമുമ്പ് ശാന്തിനികേതനത്തിൽ വിശ്വഭാരതിയിലാണ് വിദ്യാഭ്യാസം നിർവ്വഹിച്ചതു്. വിശ്വഭാരതി യൂണിവേഴ്സിറ്റി യൂണിയൻപ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 113 അവസാനത്തോട്ടുകൂടി സ: ഭാസി തിരുവിതാംകൂർ റേറ് കോൺഗ്രസ്സിന്റെയും, യൂത്ത് ലീഗിന്റേയും കോട്ടയം താലൂക്ക് കമ്മിറ്റിസെക്രട്ടറിയായിരുന്നു. 118-ൽ കോൺഗ്രസ്സിൽനിന്ന് രാജിവെച്ചു കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പറായി. അതുമാസം വടക്കേമലബാറിലും പിന്നീട് അലപ്പുഴയിലും താമസിച്ചു പാർട്ടിപ്രവർത്തനവും തൊഴിലാളിപ്രവർത്തനവും നടത്തിക്കൊണ്ടിരുന്നു. തുടർന്നു് കോട്ടയം കേന്ദ്രമാക്കി സ: ഭാസി ഇന്നുവരെ തൊഴിലാളിപ്രവർത്തനവും പാർട്ടിപ്രവർത്തനവും നടത്തിവരുന്നു. 120 വൃശ്ചികത്തിൽ മുനിസിപ്പൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 121 വൃശ്ചികത്തിൽ സ: ഭാസി മൂഗീയമായി മർദ്ദിക്കപ്പെടുകയും രാഷ്ട്രീയപ്രാധാന്യമാർജ്ജിച്ച നല്ലൊട്ടം ഭാസിക്കേസ്സ് ഉൽഭവിക്കുകയുംചെയ്തു. സ: ഭാസി ആദ്യത്തേയും, രണ്ടാമത്തേയും തെരഞ്ഞെടുപ്പുകളിൽ മൽസരിച്ചു. രണ്ടാമത്തെതവണ വിജയിച്ചു. സ: ഭാസി പലതവണ അറസ്റ്റുചെയ്യപ്പെടുകയും തടങ്കലിൽവെക്കപ്പെടുകയും ജയിൽവാസമനുഭവിക്കുകയും ചെയ്തിട്ടുണ്ട്.




ചാത്തൻമാസ്റ്റർ
ഇരിഞ്ഞാലക്കുട
(റിസർവേഷൻ)

എറണാകുളം മഹാരാജാസ്കോളേജിൽ ഇൻറർമീഡിയറിനു് പഠിച്ചുകൊണ്ടിരിക്കുമ്പോൾ സാമ്പത്തിക ക്ലേശംകൊണ്ടു് വിദ്യാഭ്യാസം നിറുത്തേണ്ടിവരികയും 17 ഉറുപ്പിക ശമ്പളത്തിനൊരു അദ്ധ്യാപകനായി ജോലിയിൽ പ്രവേശിക്കുകയുംചെയ്തു. പുലയ സമുദായോദ്ധാരണ സംരംഭങ്ങളിൽ സ: ചാത്തൻമാസ്റ്റർ ഏർപ്പെട്ടിരുന്നു. 1946 മേയ്മാസത്തിൽ ഇരിഞ്ഞാലക്കുടയിൽ വെച്ചുനടന്ന ഗംഭീരമായ പൂ




ലയമഹാസമ്മേളനം സംഘടിപ്പിച്ചു. ചാത്തൻമാസ്റ്ററായിരുന്നു. എസ്. എൻ. ഡി. പി. പ്രസ്ഥാനവും പുലയസഭയുംകൂടി ചേർന്നുനടത്തിയ കുട്ടങ്ങളും റോഡിൽക്കൂടി വഴിനടക്കുവാനുള്ള സമരത്തിൽ സ. ചാത്തൻമാസ്റ്റർ അറസ്റ്റുചെയ്യപ്പെട്ടു. ഉടനെ അദ്ദേഹം ജോലി രാജിവയ്ക്കുകയും കമ്മ്യൂണിസ്റ്റുപാർട്ടിയിൽ മുഴുവൻ സമയം പ്രവർത്തിച്ചുതുടങ്ങുകയുംചെയ്തു. കൊച്ചിയിലെ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെ ഒരു പ്രമുഖനേതാവായ ചാത്തൻമാസ്റ്റർ പൊതുസീറ്റിൽനിന്നും മൽസരിച്ച് ജയിച്ച് പൊന്നാനിയിലെ പഞ്ചായത്തുപ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.



കെ. കെ. തോമസ്സ്
ചാലക്കുടി

ജന്മദേശമായ ചാലക്കുടിയുടെ പേരിൽതന്നെ അറിയപ്പെടുന്ന നിയോജകമണ്ഡലത്തിൽ ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായി പനമ്പിള്ളി ഗോവിന്ദമേനോനെതിരായി മൽസരിക്കുന്നു. 27—കൊല്ലം മുൻപ് ജനിച്ചു. 1940 മുതൽ 47 വരെ കാൺഗ്രസ്സിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥി രംഗത്തും വിവിധനിലകളിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. 47-ൽ മഹാരാജാസ് കോളേജ് സംഭവത്തെ തുടർന്നുണ്ടായ വിദ്യാർത്ഥി പ്രക്ഷോഭണത്തിന്റെ മുന്നണിയിൽനിന്നും പ്രവർത്തിച്ചു. കാൺഗ്രസ്സിൽനിന്നും രാജിവെച്ചതിനുശേഷം സ: തോമസ്സ് നിയമവിദ്യാഭ്യാസം നടത്തുകയും



കെ. ശ്രീധരണി
ഒല്ലൂർ

1942-ലെ ക്വിറ്റിന്ത്യാസമരത്തോടുകൂടി അന്നു 14 വയസ്സുള്ള ശ്രീധരണി രാഷ്ട്രീയരംഗത്തിറങ്ങിയ്യൂർ ജാഥയിൽ പങ്കെടുത്തുകൊണ്ടുമർദ്ദനമനുഭവിക്കേണ്ടിവന്നു. 42 മുതൽ 47 ആഗസ്റ്റ് വരെ കാൺഗ്രസ്സിലും പ്രജാമണ്ഡലത്തിലും പ്രവർത്തിച്ചു. തുടർന്നു കെ. എസ്. പി. യിൽ ചേർന്ന 21-വയസ്സുള്ള ശ്രീധരണിയുടെ എതിർസ്ഥാനാർത്ഥി സഖാവിന്റെ തന്നെ ഒരദ്ധ്യാപകനാണു്.

കെ. എസ്സ്. ഏബ്രഹാം
ഏറ്റുമാനൂർ

അവശസമുദായനേതാവും ശ്രീമൂലം പ്രജാസഭാമെമ്പറുമായിരുന്ന ശാരദൻസോളമന്റെ പുത്രനാണ് കെ. എസ്സ്. ഏബ്രഹാം. 1063 മേടമാസത്തിൽ ഒരു പൂരാതന ചേരമർ കുടുംബത്തിൽ ജനിച്ചു. 34 വർഷക്കാലത്തെ സർക്കാർ സേവനത്തിനിടയിൽ ശ്രീ. ഏബ്രഹാം അവശസമുദായങ്ങളെ സംഘടിപ്പിച്ചുകൊണ്ടിരുന്നു. ഈ അവതാംവയസ്സുകാരൻ പണ്ടു ലക്ഷത്തോടംവരുന്ന അവശക്രൈസ്തവരെ സംഘടിപ്പിക്കുന്നയജ്ഞത്തിലേർപ്പെട്ടിരിക്കയാണ്. പി. എസ്സ്. പി. പ്രവർത്തകനായ ശ്രീ. ഏബ്രഹാം ക്രൈസ്തവ സുവിശേഷവേലയ്ക്കു സൗകര്യം കിട്ടുമ്പോഴെല്ലാം പോകാറുണ്ട്.



പി. കെ. വാര്യർ
കൊടകര

പൊലിയേടത്തു് എന്ന പ്രസിദ്ധമായ നായർതറവാട്ടിൽ 1912 ഫെബ്രുവരിയിൽ ജനിച്ചു. വിദ്യാഭ്യാസകാലത്തുതന്നെ രാഷ്ട്രീയകാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചുതുടങ്ങി. ഉപ്പുസത്യഗ്രഹകാലത്തു് കോഴിക്കോട്ടുവച്ചു് ഒന്നിലധികം തവണ അറസ്റ്റുവരിച്ചു. ലോഫ്രേക്കമ്മറി എന്നാകുലത്തുവന്ന അവസരത്തിൽ കരിങ്കൊടിപ്രകടനം നടത്തിയതിനു് മേനോനെ അറസ്റ്റുചെയ്തു. 43 മുതൽ 46 വരെ സ: മേനോൻ പഞ്ചായത്തുപ്രസിഡന്റ്, വില്ലേജ് കോർട്ട് പ്രസിഡന്റ്, നായർസമാജം പ്രസിഡന്റ് എന്നി തുറകളിൽ പൊതുകാര്യപ്രവർത്തനം നടത്തിയിട്ടുണ്ട്. 45-ൽ പന്തളത്തുവെച്ചു നടന്ന നായർസർവീസ് സൊസൈറ്റി വാർഷികത്തിൽ പനമ്പിള്ളിയുമൊന്നുചേർന്നു കൊച്ചിയെ പ്രതിനിധീകരിച്ചു. 42-ലെ സമരക്കാലത്തു് മണ്ണായിമാഞ്ചേരാനുമൊന്നുചേർന്നു പ്രവർത്തിക്കുകയും 47 വരെ പ്രജാമണ്ഡലത്തിലെ ഒരു പ്രമുഖപ്രവർത്തകനായി തുടരുകയുംചെയ്തു. ഇപ്പോൾ അദ്ദേഹം പി. എസ്സ്. പി യിലെ ഒരു മുന്നണിപ്രവർത്തകനാണു്.



ഡോ. ഭാസ്കരൻപോറ്റി
വെള്ളയം

1921-ൽ കൊട്ടാരക്കര കോട്ടവട്ടത്തുമഠത്തിൽ ജനിച്ചു. 23-ാമത്തെ വയസ്സിൽ ബി. എൽ. പാസ്സാവുകയും തുടർന്നു് ഡൽഹി ഇംപീരിയൽ സെക്രട്ടറിയേറ്റിൽ ജോലിയിൽ പ്രവേശിക്കുകയുംചെയ്തു.

സ്വാതന്ത്ര്യപ്രക്ഷോഭണകാലത്തു ഉദ്യോഗം രാജിവച്ചു് സജീവരാഷ്ട്രീയപ്രവർത്തനത്തിൽ പ്രവേശിച്ചു. അ

കൗമുദി വാരികയ്ക്ക്

കിളിമാനൂർ, പഴയകുന്നുമ്മേൽ എന്നീ പകൃതികളിലെ ഏജന്റായി തുടങ്ങുമുല വീട്ടിൽ ആർ. സത്യദേവനെ നിയമിച്ചിരിക്കുന്നു.

മാനേജർ.


തിനുശേഷം കോൺഗ്രസ്സുമായുള്ള അഭിപ്രായവ്യത്യാസംമൂലം പാർട്ടിയിൽനിന്നും രാജിവച്ചു് ഇൻഡ്യൻ സോഷ്യലിസ്റ്റ്പാർട്ടിയുടെ പ്രവർത്തകനായ മാറി. 1951-ലെ പൊതുതെരഞ്ഞെടുപ്പിൽ ഐ. എസ്. പി. സ്ഥാനാർത്ഥിയായി ചടയമംഗലം നിയോജകമണ്ഡലത്തിൽനിന്നും ഏതാനും വോട്ടുകളുടെ കുറവുമൂലം പരാജയപ്പെട്ട ഇപ്പോൾ വെളിയം നിയോജകമണ്ഡലത്തിൽ പി. എസ്. പി സ്ഥാനാർത്ഥിയായി നിന്നു മൽസരിക്കുന്നു ഇപ്പോൾ കൊട്ടാരക്കര കോടതിയിൽ പ്രാക്ടീസുചെയ്തുകൊണ്ടിരിക്കുന്നു. ശ്രീമതി ലളിതാംബിക അന്തർജ്ജനത്തിന്റെ സഹോദരനാണു് ശ്രീ പോറ്റി.



വി. ജെ. മരിയാ

പത്രപ്രവർത്തകൻ

വിദ്യാർത്ഥിയായിരുന്ന കാലത്തെ പൊതുക്കാര്യങ്ങളിൽ ഇടപെടുവാൻ തുടങ്ങി. ഇന്റർമീഡിയറവരെ പഠിച്ചു. പ്രജാസോഷ്യലിസ്റ്റ് പാർട്ടിയിൽ കുറേക്കാലമായി പ്രവർത്തിച്ചുവരുന്ന 49 വയസ്സുള്ള സഖാവു് മരിയായുടെ നേതൃത്വത്തിൽ വാകത്താനത്തു് ജനക്ഷേമകരങ്ങളായ പല സംരംഭങ്ങളും നടന്നിട്ടുണ്ടു്.



ശിവശങ്കരൻ

പത്രപ്രവർത്തകൻ


26 വയസ്സുള്ള ശിവശങ്കരൻ 1947 മുതൽ കെ. എസ്. പി. യിലെ അനുഭാവിയായും മെമ്പറായും തുടരുന്നു. 1942-ലെ സ്വാതന്ത്ര്യസമരത്തിൽ വിദ്യാർത്ഥിപ്രവർത്തകനായി സജീവമായി പങ്കെടുത്തിട്ടുണ്ടു്. പണിമുടക്കു സംഘടിപ്പിക്കുവാനും വിജയിപ്പിക്കുവാനും മുമ്പന്തലപ്പെട്ടിരുന്നു. കോളേജുകാലത്തിലെ വിദ്യാർത്ഥിപ്രസ്ഥാനത്തിൽ കുറച്ചുകാലം മുഴുവനും പ്രവർത്തിച്ചിരുന്നു. ഇന്റർമീഡിയറവരെ വിദ്യാർത്ഥിയായിരുന്നപ്പോൾ കോളേജ് യൂണിയന്റെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.



ശിവദാസ്

കട്ടപ്പനക്കാരൻ

69 ശാഖകളുള്ള ചേരമർ മഹാസഭയുടെ ജനറൽസിക്രട്ടറിയാണു് ശിവദാസ്. ഫൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ദേവസ്വംലീഡ് ഓർഗനൈസറായും കേരളാ ഹിന്ദുമിഷൻപ്രവർത്തകനായും ഹരിജനോദ്ധാരണശ്രമങ്ങളിൽ ഏർപ്പെട്ടിരുന്നു 122 മുതൽ തിരു-കൊച്ചി ചേരമർ മഹാസഭയുടെ ജനറൽസിക്രട്ടറിയാണു്. ഹരിജനോദ്ധാരണ സംരംഭങ്ങൾക്കായി ഗവൺമെന്റിൽനിന്നു ഏർപ്പെടുത്തിയിട്ടുള്ള വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ചിട്ടുണ്ടു്. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പുകളിൽ ഇടതുപക്ഷകക്ഷികളുടെ വിജയത്തിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.



പ്രാക്കുളം ഭാസി

തുകടവൂർ

ചങ്ങനാശ്ശേരി ബർക്ക്മൻസ് കോളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണു് സ: ഭാസി രാഷ്ട്രീയരംഗത്തേക്കു പ്രവേശിച്ചതു്. 114 ലെ വിദ്യാർത്ഥിപ്രക്ഷോഭണത്തിൽ മുന്നണിയിൽനിന്നു പ്രവർത്തിച്ചതിനെ തുടർന്നു് സ: ഭാസി അന്നത്തെ യൂത്ത്ലീഗിന്റെ സംഘാടകനായ സ: ശ്രീകണ്ഠൻനായരുമായി പരിചയപ്പെടുകയും തുടർന്നു് സജീവരാഷ്ട്രീയരംഗത്തേക്കിറങ്ങുകയുംചെയ്തു. ശ്രീ. കുമ്പളത്തു ശങ്കുപിള്ളയുടെ ഭാഗിനേയനാണു് സ: ഭാസി. ഖാദി പ്രചരണം, കാൺഗ്രസ്സു് സംഘടനാപ്രവർത്തനം എന്നിവകളിൽ സജീവമായി പങ്കെടുത്തുകൊണ്ടിരുന്നു. കാൺഗ്രസ്സു് അധികാരത്തിൽ വന്നതോടുകൂടി സ: ഭാസി കെ. എസ്. പി. യിൽ ചേരുകയും തുടർന്നു് ആർ. എസ്. പി. യിലെ ഒരു സജീവപ്രവർത്തകനാവുകയുംചെയ്തു. സ: കണ്ണന്തോടത്തു ജനാർദ്ദനൻനായരുടെ

ആശ്വാകല്പം

അനുഭവസ്ഥർ കുനുപോലെ ശുപാർശ ചെയ്യുന്ന ഞങ്ങളുടെ "അർശോകല്പം" എല്ലാവിധ രോഗങ്ങളെയും ശമിപ്പിക്കുകയും, സുഖവിരേചന ഉണ്ടാക്കുകയും ചെയ്യുന്നു.

2ml പ്രായശ്യത്തേക്കുള്ള

മരുന്നു്. 2 ശ്രീ.

ശ്രീദേവു് ഫാർമസി, ചേർത്തല.

സന്തതിസഹചാരിയും സഹപ്രവർത്തകനും ബന്ധുവുമായിരുന്ന സ: ഭാസി പല ജീവിതക്ലേശങ്ങളേയും അഭിമുഖീകരിച്ചുകൊണ്ടു് രാഷ്ട്രീയരംഗത്തുതന്നെ നിലയുറപ്പിക്കുകയുണ്ടായി. ആദ്യത്തെ പൊതുതിരഞ്ഞെടുപ്പിൽ ചവറയിൽനിന്നു മൽസരിച്ചു തോറ്റു. രണ്ടാമത്തെ തിരഞ്ഞെടുപ്പിൽ ജയിച്ചു.

അടുത്തകാലമായി സ: ഭാസി തോട്ടം തൊഴിലാളികളുടെയിടയിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കയാണു്. സ: ഭാസിക്കു രണ്ടു സന്താനങ്ങളുണ്ടു്.



ബേബിജോൺ

ചവറ

തേവരകോളേജിൽവച്ചു് സി. പി. രാമസ്വാമിഅയ്യരെ കല്ലെറിഞ്ഞതിനെ തുടർന്നാണു് സ. ബേബിജോൺ ശ്രീകണ്ഠൻനായരുമായി പരിചയപ്പെട്ടതും രാഷ്ട്രീയരംഗത്തേക്കു പ്രവേശിച്ചതും. കാൺഗ്രസ്സിനകത്തു് സ. ശ്രീകണ്ഠൻനായർ നേതൃത്വം നൽകിയിരുന്ന ഇടതുപക്ഷ ചിന്താഗതി സ്വീകരിച്ചു് സ: ബേബിയും പ്രവർത്തിച്ചുകൊണ്ടിരുന്നു. സ: ബേബിജോൺ ഇപ്പോൾ ചവറയിലെ തൊഴിലാളിനേതാവാണു്.

ശേഷം (31-ാംപേജിൽ)

ജയശ്രീ പദപ്രശ്നം No. 2 ശരിഉത്തരം 1111121112221221

ജയശ്രീ പദപ്രശ്നം No. 3 ★ Rs. 1000 കരസ്ഥമാക്കുക!

ഉത്തരങ്ങൾ സ്വീകരിക്കുന്ന അവസാനതീയതി **5-3-1954.** ശരിഉത്തരം **10-3-1954.** (ജയശ്രീ മാസികയിൽ)

ഒന്നാം സമ്മാനം **600** രൂപ; ഒരു തെറ്റ്, രണ്ടു തെറ്റ്, **350** രൂപ; കൂടുതൽ ഉത്തരം അയയ്ക്കുന്ന ആളിന് **50** രൂപാ

ഒരു ഉത്തരം 4 ണ 8 ണ 3 ഉത്തരം 1 രൂ. 7 ഉത്തരം 3 രൂ. 24 ഉത്തരം.

ജയശ്രീ സാഹിത്യ സാമൂഹ്യ സംസ്കാരിക മാസിക

	സൂചന	ഉത്തരം 1	ഉത്തരം 2
1	ജയശ്രീപദപ്രശ്നത്തിന്റെ സൂചന .... യാംവണ്ണം മനസ്സിലാക്കിയാൽ ഒന്നാംസമ്മാനം നിങ്ങൾക്കും കരസ്ഥമാക്കാം.	ശരി	വഴി
2	ഇതുകൊണ്ട് ഒരുവന്റെ മനസ്സ അറിയാം.	ആചാരം	ആകാരം
3	ഇതുകാരണമായിപ്രകൃതിയ്ക്ക് മാറ്റം വരാത്തവരുണ്ട്.	സമ്പത്ത്	ആപത്ത്
4	ഇതു് സമ്പത്തിന്റെ കാരണമാണ്.	ഉദ്യമം	ഉത്സാഹം
5	ഉദ്യോഗക്കയറ്റം നടക്കുമ്പോൾ ഇതിനു കൂടുതൽ പ്രാധാന്യം കൊടുക്കണമെന്ന് ചിലർ വാദിക്കുന്നു	കാര്യക്ഷമത	കൂടുതൽ സർവീസ്
6	വളരെ കുഴഞ്ഞ പ്രശ്നമാണ്	ജീവിതം	ഭരണം
7	പുതിയ മുറപ്പാട്ടുകിക്കനയോജ്യമായവിധം പെരുമാറുന്ന ഉദ്യോഗസ്ഥന്മാർ	പരിശ്രമിച്ചിട്ടുണ്ട്	പരിശീലിച്ചിട്ടുണ്ട്
8	പുതിയ കണ്ടുപിടിത്തത്തിനു ഇതു് ആവശ്യമാണ്.	നിരീക്ഷണം	പരിക്ഷണം
9	തൊഴിലാളിക്ക് ഇന്ന് ഏറ്റവും ആവശ്യമായിട്ടുള്ളതു് തൊഴിൽ .... ആകുന്നു.	സ്ഥിരത	ഭദ്രത
10	ഇതു വളരെ കൂടുതലാകുമ്പോൾ കുടുംബത്തിലുള്ള നിർബന്ധം കുറഞ്ഞേക്കാം.	വ്യർത്ഥ	വ്യയം
11	ഒരു രാഷ്ട്രീയനേതാവിനെ വിമർശിക്കുന്നതു് അയാളുടെ .... നോക്കിയാണ്.	ജാതി	ചെയ്തി
12	സമുദായത്തിന്റെ പേരിൽ അധികാരസ്ഥാനങ്ങളിൽ കയറി അവിടെ ഇരുന്നുകൊണ്ട് സമുദായത്തിന്റെ തലയ്ക്കു ചവിട്ടുന്നതു്	നന്ദികേടാണ്	ചതിവാണ്
13	ഇൻഡ്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ അവിസ്മരണീയമായ ഒരു ദിനം.	ജനുവരി 26	ജനുവരി 30
14	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ചിലർ മെമ്പറന്മാരായി കയറുന്നതു് ഇതിനുവേണ്ടിയാണ്.	അധികാരം	സേവനം
15	ശാസ്ത്രങ്ങളുടെ നേട്ടംമൂലം ലോകം ഒന്നിനൊന്നു ....വരുന്നു.	അടുത്തു	അകന്നു

ജയശ്രീ കുങ്കുമപ്പൊട്ടുകൾ

—— ഇവിടെ മുറിക്കണം ——

JAI SREE CROSS (3) WORDS, SHORTALLY.

ഉത്തരങ്ങളുടെ എണ്ണം

കളക്ടർ No..... രസീത് No.....

അയയ്ക്കുന്ന തുകയ്ക്കുള്ള രസീതോ, കാഷ്വച്ചറോ പാസ്സ്റൽ ഓർഡറോ, മണ്ഓർഡർ രസീതോ ഇതോടൊന്നിച്ചയക്കണം.

അയയ്ക്കുന്ന തുക	
ക.	ണ

M. O. No..... P O No.....കാഷ്വച്ചർ.....

പേരു്.....

മേൽവിലാസം.....

പോസ്റ്റാഫീസ്.....

As.	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4	4
1																										
2																										
3																										
4																										
5																										
6																										
7																										
8																										
9																										
10																										
11																										
12																										
13																										
14																										
15																										

കുമുദി ആഴ്ചപ്പതിപ്പ്

തിരു-കൊച്ചി മുന്നോട്ട്

★

എൻ.
രാമചന്ദ്രൻ

"തിരു-കൊച്ചി എങ്ങോട്ട്?"— തിരു-കൊച്ചിക്കകത്തും പുറത്തുമുള്ളവർ ഇന്നു ചോദിക്കുന്ന ഒരു പ്രധാന ചോദ്യമാണിതു്. തിരു-കൊച്ചി ഇപ്പോൾ ഒരു വഴിക്കവലയിൽ നിൽക്കുകയാണെന്നും എല്ലാവരും കരുതുന്നു. ഇവിടത്തെ ജനങ്ങൾ ഏതാനും ദിവസങ്ങൾക്കുള്ളിൽ സ്വീകരിക്കാൻ പോകുന്ന തീരുമാനം സഹസ്രാബ്ദങ്ങളുടെ പൂർവ്വചരിത്രത്തിന്റെ സാന്നിധ്യപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഈ കൊച്ചു മലനാട്ടിൽ മാത്രമല്ല ചലനങ്ങൾ ഉണ്ടാക്കുന്നതെന്നും അതിന്റെ പ്രത്യാഘാതങ്ങൾ സഹ്യപർവ്വതനിരകളെ ഭേദിച്ചു ഇന്ത്യാ മഹാരാജ്യത്തിന്റെ അത്യന്തകരങ്ങളായ മാറ്റങ്ങളുണ്ടാക്കിയേക്കുമെന്നും പൊതുവെ വിശ്വസിക്കപ്പെടുന്നുണ്ടു്. അതുകൊണ്ടാണു് ഇവിടത്തെ സംഭവവികാസങ്ങൾ ഇത്രയധികം ശ്രദ്ധ ആകർഷിക്കുന്നതു്.

തിരു:-കൊച്ചി തിരഞ്ഞെടുപ്പിൽ ഇടതുപക്ഷങ്ങൾക്കു് ഭൂരിപക്ഷം കിട്ടിയാൽ തിരു-കൊച്ചി സ്റ്റേറ്റ് കോൺഗ്രസ്സിനു നഷ്ടപ്പെടുമെന്നു മാത്രമല്ല അതിന്റെ പിന്നാലെ പല ഇന്ത്യൻ സ്റ്റേറ്റുകളിൽനിന്നും കോൺഗ്രസ്സിനു കെട്ടുകെട്ടേണ്ടിവരുമെന്നുമുള്ളതു പരമാർത്ഥമാണു്. ആറു കൊല്ലത്തെ കോൺഗ്രസ്സ് ഭരണത്തിന്റെ കയ്പേറിയ ഫലങ്ങൾ ആവുന്നതു അനുഭവിച്ചു കഴിഞ്ഞിരിക്കുന്ന ഇന്ത്യയിലെ ജനങ്ങളുടെ മുമ്പിൽ തിരു-കൊച്ചിയിലെ ജനത ഒരു പുതിയ വെളിച്ചം കാണിക്കുകയായിരിക്കും ചെയ്യുന്നതു്.

കോൺഗ്രസ്സിനെ അധികാരത്തിൽനിന്നു ആട്ടിപ്പായിച്ചുകൊണ്ടു രംഗത്തുവരുന്ന ഒരു ഇടതുപക്ഷ ഗവർമ്മെന്റിനു അലാഡിൻ മാജിക്കു വിളക്കുപയോഗിച്ചു അത്ഭുതങ്ങൾ സൃഷ്ടിക്കുന്നതുപോലെ ജനങ്ങളുടെ പ്രശ്നങ്ങൾക്കു ഞൊടി ഇടയിൽ പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ലെങ്കിലും ജനങ്ങൾക്കു ഗവർമ്മെന്റിന്റെ നേക്കുള്ള മനോഭാവത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങളും വരുത്താൻ സാധിക്കും. അത്തരമൊരു മാറ്റം ഇവിടെ ഉണ്ടായാൽ ഇന്നത്തെ ഈ ഇടുങ്ങിയ ചുറ്റുപാടിനകത്തുനിന്നുകൊണ്ടു തന്നെതന്നെ ഒരു ഇന്ത്യൻ സ്റ്റേറ്റിലേതിനെക്കാളും പുരോഗമനപരമായ ഒരു ഭരണക്രമം ഇവിടെ നടപ്പിലാക്കുന്നതിനും ജനങ്ങളുടെ പ്രശ്നങ്ങൾക്കു ഫലപ്രദമായ രീതിയിൽ കൈകൊടുത്തു പ്രവർത്തിക്കുന്നതിനും തീർച്ചയായും സാധിക്കും. തിരു-കൊച്ചിയിൽ ഉണ്ടായേക്കാവുന്ന അത്തരമൊരു പരിവർത്തനം ഇതര സ്റ്റേറ്റുകളിലെ ജനങ്ങളുടെ ഭാവനയിൽ പ്രതിഫലിക്കുമെന്നും കോൺഗ്രസ്സുകാർ ഭയപ്പെടുന്നതുകൊണ്ടാണു കോൺഗ്രസ്സിന്റെ അഖിലേന്ത്യാ സ്റ്റേറ്റസ്മാൻമാരും തിരു-കൊച്ചിയിലേക്കു ഉറ്റുനോക്കിയിരിക്കുന്നതു്. ഇൻഡ്യയിലെ ജനലക്ഷങ്ങൾക്കു പ്രകാശം കാണിക്കുന്ന ഒരു കൈത്തിരി തിരു-കൊച്ചിയിൽ ഉയർന്നുവരുന്നതിനെ ഊതിക്കെടുത്താനുള്ള വെപ്രാളമാണു ഇരുട്ടിന്റെ മക്കളും ഇന്നു കാണിച്ചുകൊണ്ടിരിക്കുന്നതു്. പ്രകാശത്തിന്റെ നേരെയുള്ള ഇരുട്ടിന്റെ ഈ കടന്നാക്രമണമാണു തിരു-കൊച്ചിയിൽ നടക്കുന്നതു്.

ഖദർകുപ്പായങ്ങളണിഞ്ഞ രാഷ്ട്രീയ തസ്കരകൂടം ഈ നാട്ടിലെ പുരോഗമനശക്തികളുടെ നേരെ അതിശക്തവും നിഷ്ഠുരവും വിനാശകരവുമായ ഒരു ആക്രമണമാണു ആരംഭിച്ചിരിക്കുന്നതു്. അവർ ഉപയോഗിക്കുന്ന ആയുധങ്ങളും അവർ കൂട്ടിനുവിളിച്ചിട്ടുള്ള ശക്തികളും ഈ രാജ്യത്തിന്റെ പുരോഗതിയുടെയും ഇവിടത്തെ ജനങ്ങളുടെ സർവ്വതോമുഖമായ വികാസത്തിന്റെയും നേക്കു മാരകമായ പ്രഹരങ്ങൾ ഏല്പിക്കുന്നവയാണു്. കോൺഗ്രസ്സിന്റെ പടയണിയിലേക്കു ഒന്നു കണ്ണോടിച്ചാൽ ഈ രാജ്യത്തിന്റെ രാഷ്ട്രീയ ചരിത്രം മറിയാവുന്നവരും ഈ രാജ്യത്തിന്റെ പുരോഗതിയിൽ ആകാംക്ഷയുള്ളവരും തീർച്ചയായും ഞെട്ടിപ്പോകാതിരിക്കുകയില്ല. കള്ളന്മാരെയും കരിഞ്ചന്തക്കാരെയും രാജ്യദ്രോഹികളെയും സ്വാതന്ത്ര്യസമരത്തെ നഖശിഖാന്തം എതിർത്തവരെയും ഒറവു കൊടുത്തിട്ടുള്ളവരെയും ആ അണികളിൽ കാണാം. രാജ്യം കൊള്ളയടിക്കുന്നതിനും ഇവിടത്തെ സാധാരണക്കാരനെ പൂർണ്ണംചൊയ്യുന്നതിനും ഒത്തുചേർന്നിരിക്കുന്ന ഈ അക്രമിസംഘത്തെ കൈയ്യുയർത്തി ആശീർവദിച്ചുകൊണ്ടു് പാതിരിമാർ കുരിശും-കൊന്തയുമായി നിൽക്കുന്നുണ്ടു്. പാവപ്പെട്ടവരെ പരിരക്ഷിക്കുന്നതിനുവേണ്ടി ജീവിതം ബലിയർപ്പിച്ച മഹാന്റെ പ്രതിനിധികളായി കുപ്പായവുമണിഞ്ഞു നടക്കുന്ന ഇക്കൂട്ടർക്കുണ്ടായിരിക്കുന്ന അധഃപതനം പലരെയും അത്ഭുതപ്പെടുത്തുന്നുണ്ടാവാം. പക്ഷെ ചരിത്രം പഠിച്ചിട്ടുള്ളവർക്കറിയാം ഇതൊരു പുത്തൻസംഭവവികാസമല്ലെന്നു്. ലോകമൊട്ടാകെയുള്ള പാതിരിവർഗ്ഗത്തിന്റെ എക്കാലവുമുള്ള പതിവു് അതാതുകാലത്തു അധികാരത്തിൽ വരുന്ന ഭരണാധികാരികളെ പിൻതാങ്ങുകയെന്നതാണു്. പള്ളിയിലെ പ്രസംഗമഞ്ചത്തിൽനിന്നു അവർ ഉറക്കെവിളിച്ചുകൂവാറുള്ള ധർമ്മബോധങ്ങളൊന്നും ഇക്കാര്യത്തിൽ അവർക്കു മനസ്സാക്ഷി കുത്തുണ്ടാക്കിയിട്ടില്ല. ധ്രുവങ്ങൾ പോലെ അന്തരമുള്ള രണ്ടുതരം ഭരണകൂടങ്ങൾക്കു ഇന്നു്, ഒരേ സമയത്തു, അവർ പിൻതുണ നൽകികൊണ്ടിരിക്കുകയാണു്. കഴിഞ്ഞ മഹായുദ്ധത്തിനുശേഷം അവശേഷിച്ചിട്ടുള്ള ഏക ഫാസിസ്റ്റ് ഭരണാധികാരി സ്പെയിനിലെ ഫ്രാങ്കോയാണു്.

ഫ്രാങ്കോ അധികാരത്തിൽ വരുന്നതിനു സഹായിച്ചതും അധികാരം നിലനിർത്തുന്നതിനു് അദ്ദേഹത്തെ തുടർന്നു സഹായിച്ചുകൊണ്ടിരിക്കുന്നതും സ്പെയിനിലെ പാതിരിവർഗ്ഗമാണു്.

ദൈവത്തിന്റെ നിലനിൽപ്പു നിഷേധിക്കുന്ന കമ്മ്യൂണിസ്റ്റ് ഭരണം നടത്തുന്ന രാജ്യങ്ങളാണു് സോവിയറ്റ് റഷ്യയും ചൈനയും. ആ രാഷ്ട്രങ്ങളിൽ പാതിരിമാർ ആ ഭരണകൂടങ്ങൾക്കു മംഗളം നേരുന്നവരായി മാറിയിരിക്കുകയാണു്. പാതിരിമാരുടെ പരമ്പരാഗതയിലും ഒരു വ്യത്യാസത്തിലും അന്ധമായ വിശ്വാസമുള്ളവർ എന്താണിതിന്റെ പൊരുളെന്നു ആലോചിച്ചുനോക്കേണ്ടതാണു്. കമ്മ്യൂണിസത്തെ പിൻതാങ്ങുന്നവർക്കും കമ്മ്യൂണിസത്തെ എതിർക്കുന്നവർക്കും അവർ ആശീർവാദം നൽകുന്നുണ്ടു്. ഫാസിസത്തിനു് അധികാരത്തിലേക്കുയരാൻ അവർ വഴിയൊരുക്കുകയും ഫാസിസത്തെ എതിർത്തു തോൽപ്പിച്ചവർക്കു് അവർ കൂടവിടിക്കുകയും ചെയ്യുന്നു. ഇതിൽനിന്നു വ്യക്തമാകുന്ന ഏകസത്യം താങ്കൾക്കു പാലടയും പരിചാരകവൃന്ദവും ലഭിക്കുന്നതിനുള്ള സാദ്ധ്യതയുണ്ടെങ്കിൽ ആരു നൽകുമോ, അവർക്കെല്ലാംവേണ്ടി ഇക്കൂട്ടർ മണിയടിച്ചു പ്രാർത്ഥന നടത്തുമെന്നാണു് അങ്ങിനെ എന്നും അധികാരശക്തിയുടെ ആരാധകന്മാരായി കഴിഞ്ഞിട്ടുള്ളവർ ഇന്നു ഇവിടെയും ആ പാരമ്പര്യം നിലനിർത്താൻ ശ്രമിക്കുകയാണു്.

ആത്മീയാധികാരത്തിന്റെ മേലങ്കിയില്ലെങ്കിലും മറ്റുമതപ്രമാണികളും കോൺഗ്രസ്സിനെ ശക്തിപ്പെടുത്താൻ ഇപ്പോൾ കലശലായി ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. സമുദായങ്ങളെ ആട്ടിൻ പറങ്ങളെപ്പോലെ അടിച്ചുകൊണ്ടുപോയി കോൺഗ്രസ്സിന്റെ ക്രൂരാത്തിലേല്പിച്ചു കാത്തുവാങ്ങുന്നതിനു ഇക്കൂട്ടർ ശ്രമിച്ചുവരികയാണു്. പക്ഷേ ആ ശ്രമങ്ങളും പണ്ടേപ്പോലെ ഫലിക്കുന്നില്ലെന്നു അവർക്കുതന്നെയറിയാം. പണ്ടത്തെ അനുസരണയുള്ള ആട്ടിൻപറങ്ങളും ഇന്നു തങ്ങളുടെ നേക്കുതന്നെ പാഞ്ഞുവരുന്ന കാഴ്ചയാണു് ശ്രീ. മന്നത്തു പത്മനാഭനും ആർ ശങ്കറും പല സ്ഥലങ്ങളിലും കാണുന്നതു്

പഴയ അടവുകൾ പലതും പരാജയപ്പെടുന്നുവെന്നു കണ്ടപ്പോൾ ജനാധിപത്യമര്യാദകളെ കാറ്റിൽപ്പറത്തി പാത്തിക്കൊണ്ടുള്ള പ്രവൃത്തികളുടെ കാൺഗ്രസ്സുകാർ ചെയ്തുതുടങ്ങിയിരിക്കുന്നു. മന്ത്രിമാർ നിന്നു മത്സരിക്കുന്ന നിയോജകമണ്ഡലങ്ങളിലെ വോട്ടന്മാരുടെമേൽ സ്വാധീനം ചെലുത്തുന്നതിനുവേണ്ടി അവർ ഗവൺമെൻറിന്റെ ഖജനാവു ഉപയോഗിക്കുന്നുണ്ട്. എതു നിയോജനങ്ങളും നടത്തിയിട്ടും പരിഹാരം കാണാതെ കിടന്ന പല കാര്യങ്ങളും ഈ നിയോജകമണ്ഡലങ്ങളിൽ ഇന്നു കണ്ണടച്ചു തുറക്കുന്നതിനുമുമ്പ് സാധിക്കുന്നുണ്ട്. മന്ത്രിമാരെ സഹായിക്കുന്നതിനുവേണ്ടി ഉദ്യോഗക്കയറ്റങ്ങളും സ്ഥലംമാറ്റങ്ങളും നൽകപ്പെടുന്നുവെന്നു ഇതിനകം ഒട്ടേറെ പരാതികളുയർന്നിട്ടുണ്ട്.

ഇതിനെല്ലാം പുറമെ രാജ്യമൊട്ടാകെ വർദ്ധികളെ അഴിച്ചുവിടുന്നതിനും കാൺഗ്രസ്സുകാർ മടിച്ചിട്ടില്ല. പെങ്കൊടി ചട്ടകർക്കുക, ഇടതുപക്ഷപ്രചാരണയോഗങ്ങളിൽ കല്ലുകൊക്കുവിളിയും നടത്തുക ഇന്നു സാധാരണമായിത്തീർന്നിട്ടുണ്ട്. കൃപലാനിയുടെ സ്ഥാനത്തിൽ കല്ലേറു നടത്തി, കാൺഗ്രസ്സിന്റെ പുരോഗതിയുടെ ഈ പുതിയ അദ്ധ്യായം അവർ ഇന്ത്യാരാജ്യത്തെ അറിയിക്കുകയും ചെയ്തു. എന്നിട്ടുപണ്ഡിറ്റ്നെഹ്രു ഇവിടെ വന്നുനിന്നുകൊണ്ടു തിരഞ്ഞെടുപ്പിൽ അച്ചടക്കം പാലിക്കാൻ പറഞ്ഞവരെ ഉപദേശിക്കുകയാണ്. ആ ശുദ്ധാത്മാവു എങ്ങിനെയൊക്കെ തൊലിയുരിച്ചുകൊണ്ടിരിക്കുന്നുവെന്നു അദ്ദേഹത്തിന്റെ പല പ്രസംഗങ്ങളും തെളിയിക്കുന്നുണ്ട്. ചവറയിലെ കൃപസിദ്ധനായിരുന്ന ഒരു കൊള്ളക്കാരനെ ആരോ കൊന്നിട്ടിക്കൊന്നതിനെ ഒരു കാൺഗ്രസ്സ് വാളന്റിയറുടെ കമ്മ്യൂണിസ്റ്റുകാർതല്ലിക്കൊന്നുവെന്നു നെഹ്രുവിനെക്കൊണ്ടു പറയിച്ച കാൺഗ്രസ്സുകാർ ഈ രാജ്യത്തോടും ഇവിടത്തെ ജനങ്ങളോടും കള്ളവും വഞ്ചനയും കാണിക്കുന്നതു മനസ്സിലാക്കാം. അവർ എന്തിനാണോ അവരുടെ മഹാനേതാവിനെ എല്ലാവരും സ്നേഹിക്കുന്ന ഒരു ശുദ്ധാത്മാവിനെ കളിപ്പിക്കുകയും വഞ്ചിക്കുകയും കരിവേഷംകെട്ടിക്കുകയുംചെയ്തതു്. ഹിമവൽസാനുപ്രദേശങ്ങളെയും അവിടെ നിൽക്കുന്ന ദേവതാരുവൃക്ഷങ്ങളേയും സഹ്യപർവ്വതത്തിന്റെ താഴ്വരകളെയും ഇവിടത്തെ പച്ചക്കാടുകളെയും പൂണ്ടിക്കാട്ടി ഭാരതത്തിന്റെ ഐക്യത്തെയും ഭദ്രതയേയും പാറി പണ്ഡിറ്റ് പ്രസംഗിച്ചാൽ ഇവിടത്തെ കാൺഗ്രസ്സിന്റെ കാളപ്പെട്ടകം നിറയുകയില്ലെന്നു ഇവിടത്തെ കാൺഗ്രസ്സുകാർക്കുമറിയാം ഇന്ത്യയിലെ ജനങ്ങളുടെ ഐക്യവും ഭദ്രതയും നിലനിൽപ്പണമെങ്കിൽ കാൺഗ്രസ്സ് ഭരണം ഇവിടെനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെടുകതന്നെ വേണമെന്നു കഴിഞ്ഞ ആറുകൊല്ലത്തെ ഭരണംകൊണ്ടു തങ്ങളും തിരുകൊച്ചിയിലെ ജനങ്ങളെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നു അവർക്കു നല്ലപോലെ അറിയാം. അതുകൊണ്ടാണു പ്രതിപക്ഷങ്ങളെ താറടിക്കുന്നതിനു നെഹ്രുവിന്റെ കയ്യിൽ അവർ ബ്രഷുമുക്കിക്കൊടുത്തതു്.

പക്ഷേ എതു കൊപ്പടിച്ചാലും ഇരുണ്ടുപോകാത്ത ധാവള്യത്തോടുകൂടി ഇവിടത്തെ ഇടതുപക്ഷങ്ങൾ മുന്നേറുന്നുണ്ട്. രാജ്യത്തിന്റെ ഒരാറാം മുതൽ മറേറാരാറംവരെ ഇടതുപക്ഷനേതാക്കന്മാർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന സ്വീകരണങ്ങളും ഇടതുപക്ഷങ്ങളുടെ യോഗങ്ങളിലും റാലികളിലും തടിച്ചുകൂടുന്ന ബഹുജനങ്ങളുടെ ആവേശവും അക്കാര്യം തെളിയിക്കുന്നുണ്ട്. കാൺഗ്രസുകാർ വെള്ള ഉടുപ്പിടുവിച്ച പോലീസുകാരെക്കൊണ്ടു അവരുടെ യോഗസ്ഥലങ്ങൾ നിറയ്ക്കുമ്പോൾ പ്രതിപക്ഷങ്ങളുടെ യോഗങ്ങളിൽ തിങ്ങിക്കൂടുന്ന ആയിരക്കണക്കിനുള്ള ആളുകൾ കാൺഗ്രസ്സിനു ഇവിടത്തെ ബഹുജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവില്ലെന്നും പുഷ്പണംമാത്രമാണു കാൺഗ്രസ്സുകാരുടെ ഉദ്ദേശമെന്നും പ്രഖ്യാപിക്കുന്നവരാണ്. അങ്ങിനെ പുഷ്കരും പുഷ്പതരും തമ്മിലുള്ള ഒരു സമരമായി ഈ തിരഞ്ഞെടുപ്പ് മാറിക്കഴിഞ്ഞിരിക്കുകയാണ്. മർദ്ദിതന്റെ ചേരി ഇന്നു കൂടുതൽ കൂടുതൽ ശക്തിപ്രാപിച്ചുവരികയാണ്. അവരുടെ നിലനിൽപും സ്വാധീനവും ഇന്നു അംഗീകരിക്കപ്പെടുന്നുണ്ട് രാഷ്ട്രത്തിന്റെ രാഷ്ട്രീയഭാഗധേയം അവരുടെ കയ്യിലാണ് സ്ഥിതിചെയ്യുന്നതെന്ന് ഇന്നു ബഹുജനങ്ങൾ വിശ്വസിക്കുന്നുണ്ട്. ഈ തിരഞ്ഞെടുപ്പിലെ ജയാപജയങ്ങൾക്കു പരിയായുള്ള ഒരു ചിന്താഗതിയാണതു്. ഈ ചിന്താഗതിയുടെ പിന്നിൽ കൂടുതൽ കൂടുതൽ ജനവിഭാഗങ്ങൾ അണിനിരന്നുകൊണ്ടിരിക്കുകയുമാണ്. അങ്ങിനെ സ്ഥാപിതതാല്പര്യങ്ങൾക്കെതിരായി ഇവിടെ വളർന്നു ശക്തിപ്രാപിച്ചുവരുന്ന ബഹുജനപ്രസ്ഥാനം പുതിയ വെളിച്ചം കാണുന്നതിനുവേണ്ടി മുന്നേറുകയാണ്. ഈ തിരഞ്ഞെടുപ്പിന്റെ പ്രത്യക്ഷഫലങ്ങളെ അതിജീവിച്ചും ആ മുന്നേറ്റം തുടരും. നെറുകയിൽ ചുവപ്പുകൊടിയും തിരുകി നിൽക്കുന്ന ഈ രാജ്യത്തെ യുക്ഷശിഖരങ്ങൾ "തിരു: കൊച്ചി എങ്ങോട്ട്?" എന്നു പോരിക്കുന്നവരോടു "തിരു: കൊച്ചി മുന്നോട്ട്" എന്നുതന്നെ മറുപടി പറയും.

— —

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണ്

പക്ഷേ, മരുന്നുകൾ വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

യാതൊരു കലർപ്പും ക്രൂരതയും വിധിപ്രകാരം തയ്യാർചെയ്തതും പുതിയതായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകൾ എവിടെ കിട്ടുമെന്നുള്ളതാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടതു്. ഒരിക്കലും നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിനു സപ്തൻമെഡൽ കീർത്തിമുദ്ര നേടിയ

ആറന്മുൾ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധമായ മരുന്നുകൾ വാങ്ങുക.


തിരുവനന്തപുരം ആയുർവേദ കോളേജ് മെയിൻറോഡരുകിലുള്ള ഞങ്ങളുടെ

ബ്രാഞ്ച് സന്ദർശിക്കുവിൻ

N. B രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനു പഠിപ്പും പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും.

ബി. എൻ. ശ്രീധരനുണ്ണി,
(പ്രൊപ്രൈറ്റർ)

27-ാം പേജിൽനിന്നും തുടർച്ച



ഏ. എൻ. ശ്രീധരൻപിള്ള
വിജയപുരം

ഇരുപത്തിയെട്ട വയസ്സുള്ള സ: ഏ. എൻ. ശ്രീധരൻപിള്ള ഇന്നും ഒരു വിദ്യാർത്ഥിയാണ്. കോട്ടയം സി. എം. സ് കാളേജിലും ആലപ്പുഴ സനാതനധർമ്മകാളേജിലും പഠിച്ചു ബി. ഏ ബിരുദം നേടി ഇപ്പോൾ എറണാകുളം ലൂകോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികാൺഗ്രസ്സിലെ ഒരു പ്രവർത്തകനായിരുന്നു.



ഏം. രാമൻ
കുറിച്ചി

1920 ആഗസ്റ്റ് 11-ാം തിയതിയാണ് ജനിച്ചത്. തിരുവനന്തപുരത്തു ലാകാളേജിൽ പഠിച്ചുകൊണ്ടിരിക്കവേ കഴിഞ്ഞ ഇൻഡ്യാ പ്രക്ഷോഭണത്തിൽ പങ്കെടുത്തതിനു് അറസ്റ്റു ചെയ്യപ്പെട്ടു. 1952-ൽ കൊല്ലാട് കാൺഗ്രസ്സ് പ്രചരണയോഗത്തിൽ കല്ലെറി ഞ്ഞെന്നപേരിൽ കേസ്സെടുത്തിട്ടുണ്ട്. നിയമബിരുദം നേടിയശേഷം സ: ഏ. തോമസ് കോട്ടയം ക്രിമിനൽ കോടതിയിൽ പ്രാക്ടീസ് നടത്തിവരികയാണ്. എം. കെ. തോമസിന്റെ വലത്തുകൈ തീരെ ശോഷിച്ചതും പ്രവർത്തനശക്തിയില്ലാത്തതുമാണ്. കോട്ടയത്തുള്ള മിക്ക തൊഴിലാളി കേസുകളും വേണ്ടി വാദിക്കുന്നതു് സ: എം. കെ തോമസ്സാണ്.

* * *

എൻ. കെ കൃഷ്ണപിള്ള
[illegible]

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ മാതുലപുത്രനാണ് സ: എൻ. കെ കൃഷ്ണപിള്ള. 1039 കുംഭമാസത്തിൽ ഇദ്ദേഹം ജനിച്ചു. 1101-മാണ്ടുമുതൽ തിരുവനന്തപുരത്തു് ഹൈക്കോടതിൽ അഭിഭാഷകവൃത്തി ആരംഭിച്ചു. 1102-ൽ സഭസ്യതിലകൻ ടി. കെ. വേലുപിള്ളയെ തോല്പിച്ചു സ: എൻ. കെ കൃഷ്ണപിള്ള നിയമസഭാസാമാജികനായി തെരഞ്ഞെടുക്കപ്പെട്ടു. 1113-മുതൽ കൗൺഗ്രസിൽ സജീവപ്രവർത്തകനായിരുന്നു. 1114-കന്നിമാസം 2-ാംനു ഇദ്ദേഹം അറസ്റ്റുചെയ്യപ്പെട്ടു. 1910ൽ ഇൻഡ്യൻ സോഷ്യലിസ്റ്റു് പാർട്ടി ടിക്കറ്റിൽ നെയ്യാറ്റിൻകര മത്സരിച്ചു ഇദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. തിരു: കൊച്ചിയിലെ ആദ്യത്തെ ഇടതുപക്ഷ വിജയമായിരുന്നു അതു്.

* * *

കുരുവിള മാത്യു
പള്ളിവാസൽ

32 വയസ്സുപ്രായമുള്ള സ: കുരുവിള മാത്യു ഇക്കുറിനെന്നാണറിയപ്പെടുന്നതു്. 1114-ൽ ഒരു സജീവകാൺഗ്രസ്സു് പ്രവർത്തകനായിരുന്ന സ: കുരുവിള മാത്യു 1948-നുശേഷം കമ്മ: പാർട്ടിയിൽചേർന്നു. അക്കാരണത്താൽ 1950-ൽ അറസ്റ്റു ചെയ്യപ്പെട്ടു. 8 ദിവസം തടങ്കലിൽ വച്ചിരുന്നു. ഇപ്പോഴദ്ദേഹം പാർട്ടിയുടെ മൂവാറ്റുപുഴ-തൊടുപുഴ ഡിസ്ട്രിക്ട് കമ്മിറ്റി മെമ്പറാണ്.

* * *

കെ. എസ്. കൃഷ്ണശാസ്ത്രി
കുന്നത്തൂർ നിസ്സഹകരണം


തിരുവനന്തപുരത്തു് രാജകീയ സംസ്കൃത പാഠശാലയിൽ നിന്നും മഹോപാദ്ധ്യായപരീക്ഷ പാസ്സായ സ. കൃഷ്ണശാസ്ത്രി വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ പട്ടികജാതി വിദ്യാർത്ഥിഫെഡറേഷന്റെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട തുടർന്നു് 1121-ൽ തിരുവല്ലാതാലൂക്കിൽ കേരള, സിദ്ധനർ സൊസൈറ്റിയുടെ ജനറൽസെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കുന്നത്തൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇൻഡ്യൻ സോഷ്യലിസ്റ്റുപാർട്ടി ടിക്കറ്റിൽ സ: കൃഷ്ണശാസ്ത്രി മൽസരിക്കുകയുണ്ടായി.



ഇടത്തു്
പി. രവീന്ദ്രൻ
പാറ്റൂർ




വലത്തു്
ഈ. ഗോപാലകൃഷ്ണമേനോൻ
കൊട്ടങ്ങല്ലൂർ




രാജശേഖരൻനായർ
ചങ്ങനാശ്ശേരി



കുട്ടപ്പൻകോയിക്കൽ
ഭരണിക്കാവു് റിസർവേഷൻ



കെ. ഈ മാമ്മൻ
തിരുവല്ല



വി പി. പി. നമ്പൂതിരി
കടപ്ര

സാഹിത്യവും സംസ്കാരവും വളർന്നുകാണാൻ

★

ഐക്യമുന്നണി പി. എസ്. പി. സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

സാഹിത്യകാരന്മാർ ആഹ്വാനം ചെയ്യുന്നു

തകഴി, ശിവശങ്കരപ്പിള്ള, പൊൻകുന്നംവക്കി, ജോസഫ് മുണ്ടശ്ശേരി, സി. അച്യുതക്കുറുപ്പ്, സി. എൻ. ശ്രീകണ്ഠൻനായർ, വെട്ടൂർരാമൻനായർ, എം. ആർ. ഭട്ടതിരിപ്പാട്, കെ. ദാമോദരൻ, പി. ഏ. സെയ്തു മുഹമ്മദ്, കെ. ബാലകൃഷ്ണൻ, വയലാർ രാമവർമ്മ, ലളിതാംബികാ അന്തർജനം കെടാമംഗലം പപ്പുക്കുട്ടി, സി. സി. കിഴക്കേമുറി, പി. കെ. ബാലകൃഷ്ണൻ, എം. എസ്. ദേവദാസ്, കെ. കാത്തികേയൻ എന്നീ സാഹിത്യകാരന്മാർ താഴെക്കാണുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു:—

തിരു-കൊച്ചിയിലെ അസംബ്ളിതെരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നു. ഏതാനും ദിവസത്തിനുള്ളിൽ ഈ സംസ്ഥാനത്തിന്റെ ഭരണഭാഗധേയം ആരുടെ കയ്യിൽ അർപ്പിക്കണമെന്നതിനെപ്പറ്റിയുള്ള ജനങ്ങളുടെ വിധി അവർ രേഖപ്പെടുത്തിക്കഴിഞ്ഞിരിക്കും വിധി നിർണ്ണായകമായ ഈ കാലഘട്ടത്തിൽ കേരളത്തിലെ പുരോഗമനവാദികളായ സാഹിത്യകാരന്മാർ ഏതു പേരിയിലാണെന്നു വെളിപ്പെടുത്തേണ്ടതു് അവരുടെ കടമയാണെന്നു് ഞങ്ങളും വിശ്വസിക്കുന്നു.

വിവിധ രാഷ്ട്രീയകക്ഷികളും തമ്മിലുള്ള ഒരു മത്സരമായിമാത്രം ഈ തെരഞ്ഞെടുപ്പിനെ ഞങ്ങൾക്കു കാണുവാൻ കഴിയുന്നില്ല. ഒരു ഭാഗത്തു് ജീവിക്കാനും വികസിക്കുവാനുമുള്ള അഭിലാഷത്തോടുകൂടി ജനത ആവേശത്തോടെ ഉയിർത്തെഴുന്നേല്ക്കുകയാണു്. സത്യനിഷ്ഠവും സ്വയന്ത്രവുമായ ഒരു പുതിയ ലോകത്തെപ്പറ്റിയുള്ള പ്രതീക്ഷകളും അവർക്കു് ആവേശം പകരുന്നു. ഇന്നത്തെ ഭരണകൂടത്തിന്റേതായ എല്ലാ സമ്പ്രദായങ്ങളേയും പ്രതികൂലഫലങ്ങളും മാത്രം അനുഭവിക്കുന്ന അടിച്ചമർത്തപ്പെട്ട ഈ ജനലക്ഷങ്ങളുടെ വികാരങ്ങളെ അവരുടെതന്നെ ഒരു ഭാഗമായ ഞങ്ങളും അനുഭവിച്ചറിയുന്നുണ്ടു്. മറുഭാഗത്തു് ഈ നാട്ടിലെ ന്യൂനപക്ഷമായ ജന്മികളും, വർഗ്ഗീയവാദികളും, അവരുടെ സംരക്ഷകന്മാരായ പുരോഹിതന്മാരും, വർഗ്ഗീയവാദികളും, ഗവണ്മെന്റും ചേർന്നുള്ള പ്രതിലോമശക്തിനിരകൊള്ളുന്നു. ഇവരുടെ സ്വാധീനത്തിലുള്ള പണവും പള്ളിയും പട്ടാളവും കൊണ്ടു് ഒരു നല്ല ജീവിതത്തിനുള്ള ജനാഭിലാഷത്തെ അവക്കൊട്ടൊക്കെ അടിച്ചമർത്തുവാൻ കഴിഞ്ഞതാണു്. അതാണു് കഴിഞ്ഞ അരുവർഷക്കാലം കോൺഗ്രസ്സു് നടത്തിയ ജനകീയഭരണം. ഇന്നാകട്ടെ പൊരുതിമുട്ടിയ ജനത അവരോടു കണക്കുചോദിക്കുവാൻ മാറത്തെടുത്തായി മുന്നോട്ടു വരികയാണു്. അവരുടെ ഈ ജീവന്മരണസമരത്തിൽ കേരളത്തിലെ സാഹിത്യകാരന്മാർ അവരോടൊപ്പം നില്ക്കേണ്ടതാണെന്ന കാര്യത്തിൽ ഞങ്ങൾക്കു സംശയമില്ല.

ഇക്കഴിഞ്ഞ അരുവർഷത്തെ കോൺഗ്രസ്സുഭരണം സാമ്പത്തികവും സാമൂഹ്യികവുമായി എല്ലാ മണ്ഡലങ്ങളിലും ഇവിടത്തെ സാമാന്യജനതയ്ക്കു് എതിരായിട്ടാണു പ്രവർത്തിച്ചിട്ടുള്ളതെന്നു് ഞങ്ങളും ഉറപ്പായി വിശ്വസിക്കുന്നു. ഇവിടെ മനുഷ്യരെ ഹിന്ദുവും, മുസ്ലീമും, ക്രിസ്ത്യാനിയുമായി അവർ തരംതിരിച്ചു. വിശ്വാസങ്ങളായ ദേവാലയങ്ങളെ രാഷ്ട്രീയപ്രസംഗവേദികളാക്കി മാറ്റി. ഈശ്വരവിശ്വാസത്തേയും, നരകഭീതിയേയും മന്ത്രിക്കസേരകളും രക്ഷിക്കുവാനുള്ള ഉപാധികളാക്കിത്തീർത്തു. കൈക്കൂലി, ശുപാർശ, സ്വജനപക്ഷപാതം ഇവയെല്ലാം ഭരണകൂടത്തിന്റെ ഒരു ഭാഗമെന്ന നിലയിലോളം എത്തിച്ചു സാമ്പത്തികത്തകർച്ചയും, തൊഴിലില്ലായ്മയും, ദാരിദ്ര്യവും ജനതയുടെ വിധിയായി വിശ്വസിപ്പിക്കുവാൻ ശ്രമിച്ചു ഉണരുന്ന ജീവിതത്തെയല്ല, ഉറങ്ങുന്ന ജീവികളെയാണവക്കാവശ്യം. നിശ്ശബ്ദമായ സേവനമല്ല, പ്രസംഗം നിറഞ്ഞ പാപ്പരത്തമാണു് അവരുടെ കീർത്തിമുദ്ര. വികസിക്കുവാൻ വെമ്പുന്ന മനുഷ്യത്വത്തിനു് സംഭാവന ചെയ്യുവാൻ അവരുടെ കയ്യിൽ ഒന്നുമില്ല. സാംസ്കാരികമായി ഇത്രത്തോളം താണനിലവാരമുള്ള ഭരണാധികാരികളും മറ്റെവിടെയെങ്കിലുമുണ്ടോ എന്നു് ഞങ്ങളും സംശയിക്കുന്നു.

പക്ഷേ ഒരു കാര്യത്തിൽ ഞങ്ങൾക്കു യാതൊരു സംശയവുമില്ല പ്രതിലോമശക്തികളുടെ എതിർപ്പുകളെ വകവയ്ക്കാതെ നമ്മുടെ നാട്ടിലെ ജനങ്ങളും മുന്നേറുകതന്നെ ചെയ്യും. പുതിയൊരു ഭരണവ്യവസ്ഥയിൽ പുതിയൊരു ജീവിതത്തെ അവർ കെട്ടിപ്പടുക്കും. ജനങ്ങളുടെ ജീവിതാഭിലാഷങ്ങൾക്കും മുന്നേറ്റത്തിനും ശ്രമം കൊടുത്തുകൊണ്ടു് സാഹിത്യനിർമ്മാണം നടത്തുന്ന ഞങ്ങളും അവരുടെകൂടെത്തന്നെ നിൽക്കയുംചെയ്യും. ഈ ശുഭാപ്തിവിശ്വാസത്തോടെയാണു് ഞങ്ങളും അടുത്തുതന്നെ നടക്കുവാൻപോകുന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സു് സ്ഥാനാർത്ഥികളെ പരാജയപ്പെടുത്തണമെന്നാഗ്രഹിക്കുന്നതു്. നമ്മുടെ ജനങ്ങൾക്കു ക്ഷേമവും പുരോഗതിയും ഉണ്ടാക്കി നമ്മുടെ സാഹിത്യവും സംസ്കാരവും വളർന്നു കാണണമെന്നു് ആഗ്രഹിക്കുന്ന എല്ലാ നാട്ടുകാരും, ഐക്യമുന്നണി-പി. എസ്. പി സ്ഥാനാർത്ഥികളെ വിജയിപ്പിക്കാൻ മുന്നോട്ടു വരണമെന്നു് അഭ്യർത്ഥിക്കുന്നു.

———

EFFICIENT PERSONAL POSTAL TUITION

For

M. A Degree Examination (Economics Nagpur
B. A. Degree Examination Nagpur for ladies only
Intermediate Examination Nagpur for ladies only
Ajmir Intermediate for both sexes
Madras Matriculation
Banaras Matriculation (No mathematics, no cience, no age restriction)
S S L C. (T C. State).
Sahitya Visarad Examination
This is the proper time for you to join When applying state the class in which you studied last

Manager,
The Cambridge College,
Kythamukku, (K W.) Trivadrum.

USHA

നാറിയ കോൺഗ്രസ്സിന് വോട്ട് കൊടുക്കരുത്

മന്നത്തിന്റെ പഴയ ഉൽബോധനം

കോൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം കോൺഗ്രസ്സ് നേതാക്കന്മാർതന്നെ കോൺഗ്രസ്സിനെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകളിൽനിന്നും എടുത്തിട്ടുള്ള ഉദ്ധരണികളാണ് താഴെ ചേർക്കുന്നത്:—

* * *

മന്നം

"ക്രിസ്ത്യാനിക്ക് ആവശ്യം വരുമ്പോഴെല്ലാം അവരുടെ ഇംഗിതസാദ്ധ്യാത്മം കമ്പളത്തിന്റെ വിശ്വരൂപം കാണിക്കാറുണ്ട്. അവസ്ഥിയനും ദേശീയസത്തുമായ അളേഹം കൊല്ലത്തുവച്ച് ക്രിസ്ത്യാനിക്കു വേണ്ടി ദേശീയവിരുദ്ധമായ വിദ്യാഭ്യാസപ്രമേയം ഹാജരാക്കി പാസാക്കിച്ചു. കരിഞ്ചന്തക്കാരും കൈക്കൂലിക്കാരും കള്ള ഖദർകാരും കള്ളുകടിയന്മാരും ശുപാർശ തൊഴിലാക്കി നടക്കുന്നവരും വർഗ്ഗീയവാദികളുമായ പ്രമാണികളെ ഉൾക്കൊള്ളുന്ന കോൺഗ്രസ്സിൽ അങ്ങിനെയുള്ള യോഗ്യതകളൊന്നും ഇല്ലാത്ത ഞങ്ങളും അംഗങ്ങളായി ചേർന്നതു് അപരാധമാണെങ്കിൽ അതേൽക്കാം"

[1950 ഫെബ്രുവരി രണ്ടാംതീയതി മൂത്തകുന്നം ക്ഷേത്രമൈതാനത്തു് ചെയ്ത പ്രസംഗത്തിൽനിന്നു്]

* * *

"കോൺഗ്രസ്സിനേയും ഗാന്ധിജിയേയും അധിക്ഷേപിച്ചുകൊണ്ടിരുന്നവർ ബ്രിട്ടീഷുകാർ പോകുമെന്നു് തീർച്ചയായപ്പോൾ സി. പി. രാമസ്വാമിഅയ്യരെ കാടിക്കാൻ വേണ്ടിയെങ്കിലും കോൺഗ്രസ്സുകാരായവരാണു് ഇവിടത്തെ ക്രിസ്ത്യാനികളും. എന്നാൽ ഇപ്പോൾ അവരുടെ ഭാവംകണ്ടാൽ ഇവിടെ മാത്രമല്ല ഇന്ത്യയ്ക്കുതന്നെ സ്വാതന്ത്ര്യം സമ്പാദിച്ചതു് ഈ ഒന്നരശതമാനക്കാരാണെന്നു് തോന്നും"

[1950 ജൂലൈ 10-ാം- നാഗർകോവിലിൽചെയ്ത പ്രസംഗത്തിൽനിന്നു്]

"കോൺഗ്രസ്സ് സംഘടന നശിച്ചുപോയിച്ച നാറിക്കഴിഞ്ഞു. ഇന്നു് അതിനു് ശരിയായ നേതൃത്വമില്ല. ശ്രദ്ധയില്ല. ഇനി ശ്രദ്ധിക്കുകയുമില്ല. ഇനി ശ്രദ്ധിക്കുവാനുള്ള മാർഗ്ഗം പോലുമില്ല.....ഇന്നത്തെ വർഗ്ഗീയതമാത്രമേ കോൺഗ്രസ്സിലുള്ളൂ....."

1952 നവമ്പർ 5-ാന- കേരളകൗമുദിയുടെ തിരുവനന്തപുരം ലേഖകനുമായി നടന്ന അഭിമുഖസംഭാഷണത്തിൽനിന്നു്)

* * * *

"ഇവിടത്തെ സർക്കാർ ഇന്നു് ക്രിസ്ത്യാനികളുടെ മടിയിലാണു് നിത്യം നിത്യം എന്നപോലെ അമ്പലം പലതും ആക്രമണം ചെയ്യുന്നു. കണ്ടിടത്തോളം അതു ക്രിസ്ത്യാനിയാണു് ചെയ്തതു്."

[1951-മാർച്ചു് അഞ്ചാംതീയതി വൈകുന്നേരത്തുവച്ചചെയ്ത പ്രസംഗത്തിൽനിന്നു്]

* * *

"കോൺഗ്രസ്സ് ഭരണം വന്നതിന്റെ ശേഷം ദേശീയത്തിന്റെ പേരിൽ ഹിന്ദുക്കളുടെ അവകാശങ്ങളെ അടിക്കടി ഇല്ലാതാക്കുന്നതും അവരെ ശിഥിലീകരിക്കാൻ പര്യാപ്തമാകുന്നതും അന്യ ഭരണമാണു് ഇവിടെ നടക്കുന്നതെന്നു് പറയേണ്ടിവന്നതിൽ ഖേദമുണ്ടു്.....കോൺഗ്രസ്സ് ഭരണത്തിൽ ഇൻഡ്യയൊട്ടാകെതന്നെ അരുപ്പിയാണുള്ളതെന്ന വസ്തുത സമ്മതിക്കാതിരിക്കാൻ സാദ്ധ്യമല്ല. കോൺഗ്രസ്സ് ഭരണത്തിന്റെ അധഃപതനത്തിനും ക്ഷോഭിപ്പിനും മാതൃകാസങ്കേതം തിരു-കൊച്ചിയാണെന്നുള്ളതും പ്രസിദ്ധമാണു്.....ഈ അധഃപതനത്തിനു് പ്രധാന ഉത്തരവാദികളും ഇവിടത്തെ പ്രബല ന്യൂനപക്ഷക്കാരാണെന്നു് പറയേണ്ടിവന്നതിൽ ഖേദിക്കുന്നു."

[1952 ഡിസംബർ ഏഴാംതീയതി കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനത്തിൽനിന്നു്]

* * * *

"മഹാത്മജിയുടേയും നെഹ്റുവിന്റേയും ഒക്കെ പേരുംചൊല്ലി ഇവിടത്തെ നാറിയ കോൺഗ്രസ്സുകാർ വോട്ടു തെണ്ടുവാൻ നിങ്ങളെ സമീപിക്കും. അന്നു നിങ്ങളും ആ മഹാപാപികളുടെ മുഖത്തു നോക്കി പറയണം ഈ നാറിയ കോൺഗ്രസ്സിനു് ഞങ്ങളുടെ വോട്ടുതരാൻ സമ്മതമില്ലെന്നു്"

[1951 ഏപ്രിൽ ഏഴാം തീയതി വൈക്കത്തിൽ ചെയ്ത പ്രസംഗത്തിൽനിന്നു്.]

★

ആർ. ശങ്കർ

"ഹിന്ദുക്കളും സമുദായത്തിന്റെ സ്ഥലവിട്ടപ്പോൾ ക്രിസ്ത്യാനികളും അവരുടെ അന്തരീക്ഷ വിദ്യാഭ്യാസത്തിനു് പൊതുമുതലിൽനിന്നു് 36 ലക്ഷം ഗ്രാൻറുവാങ്ങുന്നതിനു് അതുകൊണ്ടു പരിഭവമില്ല. നമ്മുടെ മുതൽ കോടിക്കണക്കിനു് മോഷ്ടിച്ചെടുത്തതിൽ ഒരംശം തരുന്നതിനു് ക്രിസ്ത്യാനിക്കു് വലിയ അസഹിഷ്ണുതയാണു്."

[1950 ഫെബ്രുവരി 18-ാംതീയതി തമ്പലൂരിൽ ചെയ്ത പ്രസംഗത്തിൽനിന്നു്.]

* * *

"മുസ്ലീമിനെപ്പോലെ ഹിന്ദുക്കളും വാളുമേന്തി അവരുടെ സംസ്കാരം നടപ്പിൽവരുത്താൻ ശ്രമിച്ചിരുന്നുവെങ്കിൽ ഇവിടെ മുസ്ലീംങ്ങളും നാമാവശേഷമാകുമായിരുന്നു"

[1950 ഫെബ്രുവരി 20-ാംതീയതി പെരിനാട്ടുചെയ്ത പ്രസംഗത്തിൽനിന്നു]

* * *

"കൊല്ലത്തു് ഒരു (ശ്രീനാരായണ) കോളേജ് ആരംഭിച്ചു. അതിന്റെ മുന്നേറ്റത്തിനുള്ളിൽ ഉടനെ അവിടത്തെ ബിഷപ്പിനു് വേണം വീണ്ടും മറ്റൊരു കോളേജ് കൊല്ലത്തു് അഞ്ചുശതമാനമാണു് ക്രിസ്ത്യാനികളുള്ളതു്, എന്നിട്ടും അവർക്ക് അവിടെയും വേണം അന്തരീക്ഷം നടക്കട്ടെ"

[ഫെബ്രുവരി 23-ാം- തീയതി പ്രാറചെയ്ത പ്രസംഗത്തിൽനിന്നു്.]

* * *

* * *

"ബഹുജനങ്ങളുടെ മുമ്പിൽ അതുകഷ്ടങ്ങളായ അനേകം വാഗ്ദാനങ്ങളും വച്ചുകൊണ്ടും അവർക്ക് വമ്പിച്ച പ്രതീക്ഷകളും ഇടനൽകിക്കൊണ്ടും ഇവിടെ അധികാരത്തിൽ വന്ന ജനകീയ ഗവൺമെൻറു്—കോൺഗ്രസ്സ് ഗവൺമെൻറു് തത്വങ്ങളിൽനിന്നും വാഗ്ദാനങ്ങളിൽനിന്നും—സന്മാർഗ്ഗനിഷ്ഠയിൽനിന്നുപോലും അടിക്കടി വ്യതിചലിച്ചു് തികച്ചും ജനായത്തവിരുദ്ധമായി ഭരണം നടത്തിക്കൊണ്ടുവരുന്നു. അധികാരത്തിലിരിക്കുന്ന (കോൺഗ്രസ്സ്, പാർട്ടിയുടെ ബഹുജന താൽപര്യവിരുദ്ധമായ അനേകമനേകം ചെയ്തികളിൽ ഒന്നുരണ്ടു സംഗതികളെപ്പറ്റി മാത്രമാണു് ഞാൻ പറഞ്ഞതു്. ദേവസ്വം ബില്ലും പ്രാഥമിക വിദ്യാഭ്യാസ നയവും) അവരുടെ കടലാസ്സു് പദ്ധതികളെപ്പറ്റിയും പഞ്ചസാരക്കാര്യം, ടെക്സ്റ്റൈൽസുക്കാര്യം, തുണിമര വിപ്ലവിക്കൽ കാര്യം തുടങ്ങിയുള്ള പലതിനെപ്പറ്റിയും ഇനി ഒരവസരത്തിൽ പറയാം. കോൺഗ്രസ്സ് അധികാരത്തിൽ വന്നിട്ടു് രണ്ടുവർഷത്തിനു് മേലായി. ഇവിടത്തെ സാമാന്യജനങ്ങളുടെ ഇന്നത്തെ അവസ്ഥ അവർ അധികാരത്തിൽവരുന്നതിനുമുമ്പുണ്ടായിരുന്നതിൽ നിന്നും തുലോം അധഃപതിച്ച നിലയിലാണു്. ഭക്ഷ്യക്ഷാമമോ വസ്ത്രക്ഷാമമോ അശേഷം പരിഹൃതമായിട്ടില്ലെന്നു് മാത്രമല്ല കൂടുതൽ കൂടുതൽ വഷളായിത്തീർന്നിരിക്കുന്നു. ഭക്ഷ്യോല്പാദനത്തിന്റെ പേരിൽ വനംവെട്ടി അഴിക്കലും സമ്പന്നന്മാർക്കു് കൂടുതൽ ഭൂമി കൊടുക്കലും മാത്രം നടക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനൊ തൊഴിൽ ചെയ്യുന്നവരുടെ ജീവിതസൗകര്യവർദ്ധ

അന്നത്തെ കിരാതഭരണം ഇന്നത്തെ ജനകീയ ഭരണത്തെക്കാൾ സ്വാഗതാർഹമാണെന്ന് ശങ്കർ

★

ഈ പുളിമാസുകൊണ്ടൊന്നും ഭരിക്കാതൊക്കെയില്ല മന്ത്രിമാർ മാറിമാറിപ്പോകണമെന്ന് കെ. പി.

★

ഗാന്ധിജിയുടെ പേരിൽ ദ്രോഹംചെയ്യുന്ന കോൺഗ്രസ്സുകാരെ തുറന്നുകാട്ടണമെന്ന് പനമ്പിള്ളി

നവിനോ യാതൊന്നും ചെയ്യുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ഇന്നവരെ ചിലരുടെ ന്യായരഹിതമായ താൽപര്യങ്ങളെ പുലർത്തുന്നതിലും ജനസാമാന്യത്തിന്റെ ഉത്തമ താല്പര്യങ്ങൾക്കെതിരായി സ്വാർത്ഥകാര്യങ്ങൾ നേടുന്നതിലും മാത്രം വ്യാപൃതരായിരുന്ന അവർ ഇപ്പോൾ വാഗ്ദാനങ്ങളുമായി ഇറങ്ങിനടക്കയാണ് പുതിയ പദ്ധതികൾക്ക് കോടിക്കണക്കിന് രൂപാ ചെലവു ചെയ്യാൻപോകുന്നു. ഈ വലിയ പദ്ധതികൾ കടലാസിൽകിടക്കുന്ന കാലത്തുതന്നെ അവർ അധികാരം വച്ചൊഴിയേണ്ടിവരും. പിന്നെ വാഗ്ദാനം ഏതിനു കൊള്ളണം''

[1950 ജൂലൈ 26-ന് പിരപ്പൻകോട്ട് ചെയ്ത പ്രസംഗത്തിൽനിന്ന്]

* * * *

''ഹിന്ദുക്കൾക്കു മാത്രമല്ല അവരുടെ ദേവാലയങ്ങൾക്കുപോലും ഇവിടെ രക്ഷയില്ലെന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു ശബരിമലക്ഷേത്രം തീവച്ചതും ബോംബും തകർന്നതും ഹിന്ദുക്കളെ മാത്രമല്ല മതബോധമുള്ളവരെയെല്ലാം എന്നെന്നേയ്ക്കും വേദനിപ്പിക്കുന്നതാണ്.....അതിനെത്തുടർന്ന് അനവധി അമ്പലങ്ങളും ബിംബങ്ങളും തകരുകയും ചെയ്യുന്നു. കരുതിക്കൂട്ടി ഒരു ക്രൂട്ടുകെട്ടോടുകൂടി ചിലർ ഹിന്ദുസമുദായത്തെയും ഹിന്ദുമതത്തെയും അവഹേളിക്കാനും അശക്തമാക്കാനും ചെയ്യുന്ന അക്രമപ്രവൃത്തികളാണിതെന്ന് മന്ത്രിമാർക്ക് മനസ്സിലാകുന്നില്ലെങ്കിൽ അവർ എന്തിനാണിവിടെയിരിക്കുന്നത്? ഇവർ തുടർന്നു ഭരിച്ചാൽ ഇവിടെ പള്ളിമാത്രമേ അവശേഷിക്കയുള്ളൂ.

[1950 ആഗസ്റ്റ് 29-ാം തീയതി വെമ്പായത്തുവച്ച് ചെയ്ത പ്രസംഗത്തിൽനിന്ന്]

* * *

''അന്നത്തെ കിരാതഭരണം ഇന്നത്തെ ജനകീയഭരണത്തെക്കാൾ കൂടുതൽ സ്വാഗതാർഹമാണെന്നുപോലും സംശയിക്കേണ്ടിവരും. എതിർക്കുന്നതിനല്ലാ ആത്മാർത്ഥമായ രാജ്യസ്നേഹംവച്ചുകൊണ്ടാണ് ഞാൻ ചിലതു പറയുന്നതു....''

[1951 ഫെബ്രുവരി 22-ാംതീയതി മാസഭയിൽചെയ്ത പ്രസംഗത്തിൽനിന്ന്]

* * *

''ഏതു നല്ല കാര്യംചെയ്യാൻ മുതിർന്നാലും ക്രിസ്ത്യാനികളും അവിടെ തലയിട്ട കുഴപ്പമുണ്ടാക്കും. കോൺഗ്രസ്സ് ഭരണം വന്നപ്പോൾ പള്ളിയും ശവക്കോട്ടകളും ഈ രാജ്യത്തുനിന്നു പോയിക്കഴിഞ്ഞു. എന്തിനാണീ ശവക്കോട്ടകളൊക്കെ? എല്ലാ ക്രിസ്ത്യാനികളുംകൂടി ഒരുമിച്ചങ്ങു ചാകാൻ പോകുന്നോ?''

[1951 ഏപ്രിൽ 7-ാംതീയതിവെട്ടൂരിൽ ചെയ്ത പ്രസംഗത്തിൽനിന്ന്]

* * *

''മതപരമായ തത്വങ്ങളിൽത്തന്നെ കോൺഗ്രസ്സുകാരുമായി ഞങ്ങൾക്കു പ്രകടമായ അഭിപ്രായവ്യത്യാസങ്ങളുണ്ട്. വ്യക്തിതാല്പര്യങ്ങൾക്കും ഗ്രൂപ്പുതാല്പര്യങ്ങൾക്കും ഉപരിയായി രാജ്യതാല്പര്യങ്ങളെ പരിഗണിക്കുവാനുള്ള മനോഭാവം ഭരണകക്ഷിക്കു ഇപ്പോഴും ഉണ്ടായിട്ടില്ല''

[1951 മാർച്ച് പത്താംതീയതി നടത്തിയ ഒരഭിമുഖസംഭാഷണത്തിൽനിന്ന്]

★

കെ. പി. നീലകണ്ഠപ്പിള്ള

തിരു–കൊച്ചി ട്രേഡറിലെ ഭക്ഷ്യപ്രശ്നം കൂടുതൽ വഷളായി വരുന്നു.....മന്ത്രിമാർ ഭരിച്ചു ഭരിച്ചു സാമാന്യജനങ്ങളെ നിസ്സഹായതയുടെ വക്കിൽ എത്തിച്ചിരിക്കുന്നു.....ഈ പരിതസ്ഥിതിയിലാണ് എഴുപത്തഞ്ചു ശതമാനം സബ്സിഡി തന്നില്ലെങ്കിൽ മന്ത്രിസഭ രാജിവയ്ക്കുമെന്നുള്ള ഭീക്ഷണി ഇറക്കിയിട്ടുള്ളതു്. ഇതുകേട്ടാൽ ഹൃദയസ്പന്ദനം നിന്നുപോകുന്നതാരോ കഴിക്കുഞ്ഞുങ്ങളാണ് ഈ രാജ്യത്തെ ജനങ്ങളെന്നു മന്ത്രിമാർ ധരിച്ചിട്ടുണ്ടാകും. അല്ലയോ മന്ത്രിമാരെ! ഈ പുളുമാസുകൊണ്ടൊന്നും രാജ്യം ഭരിക്കാമെന്നോ അടുത്ത തെരഞ്ഞെടുപ്പിനെ നേരിടാമെന്നോ ഉള്ളതു് ഒരു മോശവിചാരമാണ് നടപ്പില്ല. ജനങ്ങൾക്കു് ആളൊന്നിനു് കുറഞ്ഞപക്ഷം മറ്റു ധാന്യങ്ങളും കൂടാതെ ദിവസവും ഒന്നരനാഴി അരിയും ആളൊന്നുക്കു് അണ്ടിൽ 20 ഗ്രാം തുണിയും കിട്ടണം. ഇതു നിങ്ങളെക്കൊണ്ടു് സാധിക്കുമോ? ഇല്ല. പിന്നെ എന്തിനു് മന്ത്രിപദങ്ങളിൽ കടിച്ചുതൂങ്ങിക്കിടക്കുന്നു? ദൈവത്തെ ഓർത്തു കഴിയുന്നതും വേഗത്തിൽ ഇറങ്ങിപ്പോവുക.

(1951 ജൂലൈ രണ്ടാംതീയതി പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽനിന്ന്)

★

ജി. ചന്ദ്രശേഖരപിള്ള

''സ്വാതന്ത്ര്യസമ്പാദനത്തിനും ജനകീയഭരണത്തിനുംവേണ്ടി സമരം ചെയ്തു് ആ സമരത്തെ ലോകചരിത്രം ഇന്നോളം ദർശിച്ചിട്ടില്ലാത്ത സത്യമാർഗ്ഗത്തിൽക്കൂടി നയിച്ചു് മണ്ണിൽനിന്നു് മഹാപുരുഷന്മാരെ സൃഷ്ടിച്ചു് ആയിരക്കണക്കിനുള്ള ധീരദേശാഭിമാനികളെ മാതൃഭൂമിയുടെ ബലിപീഠത്തിൽ ആഹുതിചെയ്തു് ലോകത്തെ കോരിത്തരിപ്പിച്ച സമരചരിത്രം സൃഷ്ടിച്ച കോൺഗ്രസ്സ് എങ്ങോട്ടു് എന്നു് ചോദിക്കുവാനിടയാക്കുന്നതു് ഒരു ശോകപൂർണ്ണമായ വിധിവൈപരീത്യമായിരിക്കാം. എന്നാൽ രാഷ്ട്രീയമോക്ഷത്തിനുള്ള മാർഗ്ഗം കോൺഗ്രസ്സ് മാത്രമാണെന്നു് വിശ്വസിച്ചു് ഭക്തിപൂർവം അനുഗമിച്ചിരുന്ന സാമാന്യജനത അതിൽനിന്നു് അകന്നുപോയിക്കഴിഞ്ഞു.... ....കോൺഗ്രസ്സെന്നും കോൺഗ്രസ്സുകാരനെന്നും പറയുന്നതു് അന്തസ്സും അഭിമാനവുമായിരുന്ന കാലംമാറി ലജ്ജിക്കേണ്ട നിലയായിക്കഴിഞ്ഞു. ചുരുങ്ങിയ കാലംകൊണ്ടു് ഇത്ര ഭയങ്കരമായ ഒരു അധോഗതിക്കു കാരണമാക്കിയ കൃത്യവിലോപങ്ങളുടേയും ധർമ്മരാഹിത്യങ്ങളുടേയും മുന്നിൽ തലതാഴ്ത്തിനിൽക്കുവാൻ നിർബന്ധിതനായ ഓരോ രാജ്യസ്നേഹിയും നിരാശയുടെ നിർച്ചുഴിയിൽനിന്നുകൊണ്ടു ചോദിക്കുകയാണ്. ''കോൺഗ്രസ്സ് എവിടെയാണ് നിന്നിരുന്നതു്? ഇന്നു എവിടെ?''.....കോൺഗ്രസ്സ് വർഗ്ഗീയവാദികളുടെയും സ്ഥാപിതതാല്പര്യക്കാരുടെയും കയ്യിൽ അമർന്നുപോയിയെന്നു് ഇന്നു് സാധാരണക്കാരൻ വിശ്വസിക്കുന്നുണ്ട്. മുരടിച്ച യാഥാസ്ഥിതികതത്വത്തെ മുറുകെപിടിച്ചുകൊണ്ടു് ഭരണവും സംഘടനയും കയ്യിൽ ഒതുക്കിവയ്ക്കുവാനും നിലവിലിരിക്കുന്ന സ്വത്വവും അംഗരമായി രക്ഷിക്കുവാനും ദൃഢപ്രതിജ്ഞചെയ്തിട്ടുള്ളവരാണ് ഇന്നത്തെ നേതൃത്വമെന്നു് പൂരോഗമനേച്ഛയുള്ളവരും വിശ്വസിക്കുന്നു.....പുരോഗതിക്കു് വിലങ്ങുതടിയായിട്ടാണ് കോൺഗ്രസ്സ് പ്രവർത്തിക്കുന്നതെന്നും യാഥാസ്ഥിതികത്വം വച്ചുപുലർത്തുന്നവരുടെ കോൺഗ്രസ്സിൽ പ്രോൽസാഹനം ലഭിക്കുകയുള്ളുവെന്നും വിശ്വസിക്കുന്ന ഒരു വലിയ വിഭാഗം കോൺഗ്രസ്സിൽനിന്നകന്നു് സംശയാലുക്കളായിനിൽക്കുന്നു. ഇവരെല്ലാം കോൺഗ്രസ്സിന്റെ ഊടും പാവുമായി പ്രവർത്തിച്ചവരാണ്....സംഘടനാനന്തരം അധഃപതിക്കുന്നുണ്ട്.....സാമ്പത്തികമോ സാമൂഹ്യമോ ആയ പരിവർത്തനങ്ങളും ലോകം മുഴുവൻ ഉണ്ടായാലും അതൊന്നും കോൺഗ്രസ്സ് സംഘടനയെ ബാധിക്കാതെ സംരക്ഷിക്കുവാനുള്ള ഉരുക്കുകോട്ടകളും ഉറപ്പിച്ചുകൊണ്ടു് പുതിയ ചിന്തകളും നവീനാശയങ്ങളും പരിവർത്തനോന്മുഖമായ പരിപാടികളും ഉള്ളിലേക്കു കടക്കാതെ കാത്തുസൂക്ഷിക്കുന്ന കാവൽഭട

വ്യക്തമായ ഒരു പദ്ധതിയും പരിപാടിയും കോൺഗ്രസ്സിനില്ലെന്നു് കളത്തിൽ വേലായുധൻതന്നെ

★

മുങ്ങുന്ന ഒരു കപ്പലാണു് കോൺഗ്രസ്സ്—അതിൽ നിന്നു് ചാടിരക്ഷപ്പെട്ടണു് എൻ. കുഞ്ഞിരാമൻ

★

ടി. എം. വറുഗീസിന്റെ രാഷ്ട്രീയചരിത്രം ഉരുത്തിരിഞ്ഞ പുസ്തകമല്ലെന്നു് കെ. രാമകൃഷ്ണപിള്ള

★

എൻ. കുഞ്ഞിരാമൻ

"സ്വാതന്ത്ര്യം കിട്ടിയതിനുശേഷം സംഘടനാ കോൺഗ്രസ്സ്) പിരിച്ചുവിടണമെന്നു് ഉന്നതന്മാരായ നേതാക്കന്മാർ- മഹാത്മാഗാന്ധിപോലും ആവശ്യപ്പെട്ട ....കോൺഗ്രസ്സിൽ ഇന്നു് സ്വാർത്ഥമതികളും സ്ഥാപിതതാല്പര്യക്കാരും കടന്നുകൂടിയിട്ടുണ്ടു് മുങ്ങുന്ന ഒരു കപ്പലാണു് കോൺഗ്രസ്സു്. അതിന്റെ സ്റ്റിയറിംഗ് പിടിച്ചാലും രക്ഷയില്ല. അതിൽനിന്നു് ചാടി ഞാൻ രക്ഷപ്പെട്ടു"

[1951 ജൂലൈ 1-ാം തീയതി പെരുങ്കുഴിയിൽചെയ്ത പ്രസംഗത്തിൽനിന്നു്]

* * * *

"കയർവ്യവസായം അധഃപതിച്ചുവരുന്നതുകൊണ്ടു് ഈ സംസ്ഥാനത്തെ 12 ശതമാനംവരുന്ന തൊഴിലാളിവിഭാഗം പട്ടിണിയിൽ പെട്ടിരിക്കുന്നതു കണ്ടിട്ടു് അവർക്കു് പ്രാഥമികമായ ആഹാരവും വസ്ത്രവും ഉണ്ടാക്കിക്കൊടുക്കാനുള്ള കർത്തവ്യത്തിന്റെ നേരെ മന്ത്രിമാർ പത്തു മാസമായി കണ്ണടച്ചുകൊണ്ടിരിക്കുകയാണു്.....ഈ പതിനൊന്നുമാസക്കാലവും കണ്ണിൽ ചോരയില്ലാത്ത ഈ ഭരണസ്ഥിതി കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഇങ്ങനെ എത്രകാലം മുമ്പോട്ടു പോകും? കയർവ്യവസായോദ്ധാരണത്തിനു് ഇവിടെ ആരും എതിരില്ല. മന്ത്രിമാർ മാത്രമാണു് എതിരായിട്ടുള്ളതു്.

1952 സെപ്തംബർ 21-നു- ആലപ്പുഴയിൽചെയ്ത പ്രസംഗത്തിൽനിന്നു്;

★

കെ. രാമകൃഷ്ണപിള്ള

"ശ്രീ. വറുഗീസിന്റെ രാഷ്ട്രീയചരിത്രം ഒരു ഉറന്ന പുസ്തകമല്ല. മഹാഗണിവൃക്ഷം വെട്ടിയെന്നു് തുടങ്ങി മരുമകനു് പ്രമോഷൻ കൊടുത്തു എന്നുവരെയുള്ള ആരോപണം മന്ത്രിയായ ശ്രീ. വറുഗീസു് ഏൽക്കേണ്ടിവന്നിട്ടുണ്ടു്. കക്ഷിഹിതനായിരുന്നുകൊണ്ടു് കക്ഷിനേതാവാകാൻ ശ്രമിച്ചു എന്ന ആരോപണത്തെ തുടർന്നു് സ്പീക്കർസ്ഥാനം അദ്ദേഹം രാജിവയ്ക്കേണ്ടിവന്നു. അദ്ദേഹത്തിൽ അർപ്പിച്ച വിശ്വാസം എങ്ങനെ ധ്വംസിച്ചുവെന്നും അദ്ദേഹം അലങ്കരിച്ച പദവി എങ്ങനെ ദുരുപയോഗപ്പെടുത്തിയെന്നും അടുത്ത ദിക്കിനെ അനുമോദിച്ചപ്പോൾ സ: ഗംഗാധരൻനായരും സഗൗരവതനായി ശ്രീ. താണുപിള്ളയും നിയമസഭയിൽ പ്രസ്താവിച്ചതാണു്. സ്വന്തബന്ധുവായ ജോസഫ് ജാണിന്റെ കാര്യത്തിൽ ചെലുത്തിയെന്നു് പറയപ്പെടുന്ന സമ്മർദ്ദനങ്ങളും സ്വന്തം സ്വാർത്ഥതാൽപര്യങ്ങളും "പാട്ടരാഷ്ട്രീയ"ത്തിൽക്കൂടി മന്ത്രിസഭാധ്വംസനത്തിനുവരെ തയ്യാറെടുത്തതും രാജ്യഭരണത്തെ സ്പർശിക്കത്തക്കവിധം, സ്പഷ്ടമായ ശ്രുപംകൊണ്ടല്ല, ഈ പ്രാവശ്യം മന്ത്രിസഭയിലേക്കു് കടന്നുവന്നതു് ഏതു വാതലിൽക്കൂടെയായിരുന്നുവെന്നുള്ളതും കക്ഷി കാര്യമായിവിടാവുന്നതാണു്. എന്നാൽ മന്ത്രിയായിരുന്നുകൊണ്ടു് പണം വാങ്ങിയെന്നുള്ള ആരോപണം രാജ്യത്തേയും രാജ്യവാസികളെയും സ്പർശിക്കുന്ന കാര്യമാണു്. ശ്രീ. വറുഗീസിനു് വശമുള്ള വളഞ്ഞവാചകങ്ങൾകൊണ്ടു് ഒഴിഞ്ഞുമാറാവുന്ന കാര്യമല്ല ഇതു്. ചിരിച്ചുതള്ളാവുന്ന വിഷയവുമല്ല. മൗനംകൊണ്ടു് മൂടിവയ്ക്കാവുന്ന കാര്യവുമല്ല."

[1952 സെപ്തംബർ മുപ്പതാംതീയതിയിലെ കേരളകൗമുദിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനത്തിൽനിന്നു്]

★

കളത്തിൽ വേലായുധൻതന്നെ

"ഒരു വ്യക്തമായ പദ്ധതിയുടെ അഭാവംമൂലം ഗവൺമെന്റിന്റെ പരിപാടികളും പുരോഗമിച്ചിട്ടില്ല. ഒരു ഭവനനിർമ്മാണപദ്ധതിയില്ല. ഭവനമില്ലാത്തവരുടെ കാര്യത്തെപ്പറ്റി ഒരന്വേഷണം നടത്താൻപോലും ഗവൺമെന്റു തയ്യാറായിട്ടില്ല. പണമില്ലെന്നു് പറയുന്ന ഗവർമെന്റിയിൽ കള്ളസുകം കൊടുക്കുവേണ്ടി വളരെയേറെ പണം ചിലവാക്കുന്നതായി അറിയുന്നു. അതിനെക്കാൾ അത്യാവശ്യമായ കാര്യങ്ങളുള്ളപ്പോൾ ഒന്നോ രണ്ടോ കള്ളസുകംകൊണ്ടു് മന്ത്രിമാക്കു് തൃപ്തിപ്പെട്ടുകൂടായിരുന്നോ? മൻഭരണത്തിൽനിന്നു് ഇപ്പോഴത്തെ ഭരണത്തിനു് യാതൊരു വ്യത്യാസവുമില്ല. ഇപ്പോൾ നടക്കുന്ന നിയമനങ്ങളിലും വർഗ്ഗീയവും രാഷ്ട്രീയവുമായ പരിഗണനകൾ നടക്കുന്നുണ്ടു്."

[1952 ആഗസ്റ്റ് 20-ാംതീയതി നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽനിന്നു്.]

* * *

"ശ്രുപ്പുകളുടേയും ക്ലിക്കുകളുടേയും പ്രവർത്തനംമൂലം പാർട്ടി (കോൺഗ്രസ്പാർട്ടി-പ) തകർന്നിരിക്കുന്നു"

[1951 മാർച്ചു് 20-ാം- നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽനിന്നു്]

★

ദീപിക

കോൺഗ്രസ്സു് നിയമസഭാ മെമ്പറന്മാരാലും കോൺഗ്രസ്സു് മന്ത്രിസഭയാലും തെരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ്സു് പാർട്ടി മെമ്പറന്മാരാണു് ദേവസ്വം ബോർഡംഗങ്ങളായിതീർന്നുകൊണ്ടു് നാട്ടുനീളെ ക്രിസ്ത്യാനികളെ അക്ഷേപിക്കുന്നതു്. വേണ്ടിവന്നാൽ ഇവിടെ ഹിന്ദുക്കളുടെ ഭരണം ഏർപ്പെടുത്തുമെന്നും ക്രിസ്ത്യൻ ദേവാലയങ്ങളുടെയും ശ്മശാനങ്ങളുടേയും സംരക്ഷകരുമെന്നും അവർ ഭീഷണിപറയുന്നു. പൊതുമുതലിൽനിന്നു പ്രതിവർഷം 51 ലക്ഷംരൂപാ ഹിന്ദുക്കൾക്കായി നൽകുമെന്നു് വ്യവസ്ഥചെയ്തതിനു് ശേഷമാണു് ഈ എർപ്പാടു്. അതിനെ തുടർന്നുള്ള പ്രക്ഷോഭണം സംബന്ധിച്ചു് കോൺഗ്രസ്സു് ഗവൺമെന്റിനു് യാതൊരു ചുമതലയും ഉത്തരവാദിത്വവുമില്ലാത്ത തരത്തിലാണു് അവർത്തിക്കുന്നതു്.

['എന്തുകൊണ്ടു് കോൺഗ്രസ്സിനെ എതിർക്കുന്നു' എന്ന ശീർഷകത്തിൽ ദീപിക എഴുതിയ മുഖപ്രസംഗം]

18 രൂപാമാത്രം

ഇംഗ്ലീഷ് പഠിക്കാൻ

(സ്വന്തം ഭവനത്തിലിരുന്നു്)

ഏ. ബി. സി. മുതൽ ആരംഭിക്കാം. ഫീസു് 3 രൂപാവീതം അതിവേഗം ഇംഗ്ലീഷിൽ എഴുതാൻ—വായിക്കാൻ—സംഭാഷണം ചെയ്യാൻ സാധിക്കും. കൂടുതൽ വിവരത്തിനു ഒരു കാർഡയയ്ക്കുക.

ചന്ദ്രാകാളേജു്

പഴവങ്ങാടി (K. W) തിരുവനന്തപുരം-1

USHA

കോൺഗ്രസ്സ് നേതാക്കന്മാർതന്നെ വർഗ്ഗീയവിദ്വേഷം ഇളക്കിവിടുന്നുവെന്ന് സി. നാരായണപിള്ള

★

കോൺഗ്രസ്സുകാരായ മന്നവും ശങ്കറും ക്രൈസ്തവരെ ഭീഷണിപ്പെടുത്തുന്നുവെന്ന് കത്തോ: കോൺഗ്രസ്സ്

★

പത്തുലക്ഷം രൂപാ സോപ്പിട്ട് കോൺഗ്രസ്സിനെ കഴുകി ശുദ്ധമാക്കണമെന്ന് ചീഫ് വിപ്പ്

സി നാരായണപിള്ള

"സ്വാതന്ത്ര്യ ലബ്ധിക്കുശേഷം വർഗ്ഗീയവിദ്വേഷം ശക്തിപ്രാപിച്ചിട്ടുണ്ടെന്നുള്ള പരമാർത്ഥം ആരും ആരിൽനിന്നും മറച്ചുവയ്ക്കേണ്ടതില്ല. വർഗ്ഗീയസൗഹാർദ്ദം വർദ്ധിച്ചിട്ടുണ്ടെന്നു പ്രസംഗധോരണി നടത്തുന്നവർ ആത്മവഞ്ചനടത്തുകയാണ്. വർഗ്ഗീയവിദ്വേഷം ജനിപ്പിക്കുന്ന ലേഖനങ്ങളും പ്രസംഗങ്ങളുമല്ലാതെ പത്രങ്ങളിൽ കാണാനില്ല ഞാനിന്ന് രാവിലെ ഇങ്ങോട്ട് പോരുന്നതിനുമുമ്പായി കിട്ടിയ പത്രത്തിൽ വർഗ്ഗീയവിഷം കുത്തിവയ്ക്കുന്ന ഒരു പ്രസംഗം വായിക്കുവാനിടയായി, ഒരു കോൺഗ്രസ്സ് നേതാവ് ചെയ്ത താണ്."

[കൂത്താട്ടുകുളം വൈ. എം. എ. വാഷ്കികത്തിൽ ധനു ഇരുപത്തിനാലാംതീയതി ചെയ്ത പ്രസംഗത്തിൽനിന്ന്.]

കത്തോലിക്കാ കോൺഗ്രസ്സ്

"ദേശീയസംഘടനയായ കോൺഗ്രസ്സിലെ കൊച്ചി-തിരുവിതാംകൂർ സംസ്ഥാനത്തെ പാർലമെന്ററി പാർട്ടിയിലേയും അതോടൊന്നിച്ചുതന്നെ ഈഴവ-നായർ വർഗ്ഗീയ സംഘടനകളിലെയും പ്രമുഖാംശങ്ങളായ ശ്രീ. ശങ്കറിന്റെയും ശ്രീ. മന്നത്തുപത്മനാഭപ്പിള്ളയുടെയും നേതൃത്വത്തിലും ദേവസ്വംബോർഡിന്റെ അഭിമുഖ്യത്തിലും ഹൈന്ദവസംഘടനയെന്ന പേരിലും നടന്നുവന്നയോഗങ്ങളിലെല്ലാം ഈ സംസ്ഥാനത്തെ ഒരു ന്യൂനപക്ഷമായ ക്രൈസ്തവരെ അകാരണമായി ദുഷിക്കുകയും ഭീഷണിപ്പെടുത്തുകയും അവരുടെ നൈസർഗ്ഗികമായ ക്ഷമാശീലത്തെ നഗ്നമായി വെല്ലുവിളിക്കുകയും ചെയ്യുന്നതിനെ കത്തോലിക്കാ കോൺഗ്രസ്സ് ഉൽകണ്ഠയോടെ വീക്ഷിക്കുന്നു."

[കത്തോലിക്കാകോൺഗ്രസ്സ് വർക്കിംഗ്കമ്മിറ്റിയുടെ 1950 ഫെബ്രുവരി 25-ാംതീയതി അംഗീകരിച്ച പ്രമേയത്തിൽനിന്ന്]

അമ്പ്ദുൽ അസീസ്

"ഇന്നത്തെ കോൺഗ്രസ്സ് ഒരു പത്രമാർ 501 സോപ്പിട്ട കഴുകി ശുദ്ധിചെയ്യേണ്ടതാൽ ഒരു പക്ഷേ അതു പ്രയോജനപ്പെട്ടേക്കും."

[കോൺഗ്രസ്സ്പാർട്ടി ചീഫ്വിപ്പായിരുന്നപ്പോൾ കേരളകൗമുദി ലേഖകനുമായി നടത്തിയ അഭിമുഖസംഭാഷണം]

ഒരു തിരുത്ത്

ടി. കെ. ദിവാകരൻ് ലഭിച്ച വോട്ടുകൾ

ഇരുപത്തിമൂന്നാംപേജിൽ രണ്ടാംപേജിൽ രണ്ടാംകാളത്തിൽ "രണ്ടായിരത്തിൽപരം വോട്ടുകൾ" ടി. കെ. ദിവാകരൻ് ലഭിച്ചുവെന്നുള്ളതു് "ഇരുപതിനായിരത്തിൽപരം വോട്ടുകൾ" എന്നു് തിരുത്തിവായിക്കാനപേക്ഷ. പത്രാധിപർ

നിർമ്മാണമാരംഭിച്ചിരിക്കുന്നു! !

★ മലയാള ചലച്ചിത്രലോകത്തിലെ ഒരു പുതിയ ഏടു് ★

ചന്ദ്രതാരാപ്രൊഡക്ഷൻസു്

നീലക്കുയിൽ

(മലയാളം)

കഥ, സംഭാഷണം: ഉറൂബു്

സംഗീതം: കെ. രാഘവൻ

ഗാനങ്ങൾ: പി. ഭാസ്കരൻ

സംവിധാനം: R. കാര്യാട്ടു് & P. ഭാസ്കരൻ

വിവരങ്ങൾക്കു്: ചന്ദ്രതാരാപിക്ചേഴ്സു്
70 ft റോഡു്, എറണാകുളം.

കോട്ടകൾ തകരുന്നു

സി. എൻ. ശ്രീകണ്ഠൻനായർ

മനുഷ്യസമുദായത്തിന്റെ വികാസവും പുരോഗതിയും തടഞ്ഞു നിർത്തുന്നതിനും പ്രകൃതിസമ്പത്തും അധ്വാനിക്കുന്നവന്റെ പ്രയത്നശക്തിയും സ്വന്തം സുഖഭോഗങ്ങൾക്കുവേണ്ടി പൂഷണം ചെയ്യുന്നതിനും പൂഷണാധിഷ്ഠിതമായ ആ സമൂഹഘടന നിലനിർത്തുന്നതിനുംവേണ്ടി ശതാബ്ദങ്ങളിലൂടെ ശക്തിയായി ഉയർത്തിക്കെട്ടിയ ഉരുക്കുകോട്ടകളുടെ അസ്ഥിവാരംഉലയുന്നകാഴ്ചയാണ്ഇന്നും നാം നാലുപുറംകാണുന്നത്. ചില കോട്ടകളെല്ലാംകയ്യിൽനിന്നു നഷ്ടപ്പെട്ടപ്പോഴും ബാക്കിയുള്ളവയെ പരിരക്ഷിക്കുന്നതിനുവേണ്ടി ക്രൂരതൽ കിടങ്ങുകളും കൊത്തളങ്ങളും പണിചെയ്യപ്പെട്ടു. ക്രൂരതൽ ആളുകളെ കാവലിടുകയും ചെയ്തു. പക്ഷേ മനുഷ്യ പുരോഗതിയുടെ ആ മഹാപ്രവാഹത്തെ തടഞ്ഞുനിർത്തുവാൻ ഈ ശക്തി ഭർഗ്ഗങ്ങൾക്കു കഴിയാതെ വന്നിരിക്കുന്നുവെന്നാണ് ലോകത്തിന്റെ ഓരോ കോണിൽനിന്നും ഓരോ സുപ്രഭാതവും വിളിച്ചറിയിക്കുന്ന വാർത്തകളും വെളിപ്പെടുത്തുന്നത്.

കിഴക്കൻ ഏഷ്യയിലെ വിവിധരാഷ്ട്രങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന സായുധവിപ്ലവങ്ങളുടെ വിജയം സ്വപ്നത്തിൽനിന്നു സത്യത്തിലേക്കു മാറിക്കൊണ്ടിരിക്കുന്നതു നാം കാണുന്നുണ്ട്. മദ്ധ്യപൂർവ്വദേശത്തെ ജനത കാൽച്ചങ്ങലകളൊന്നൊന്നായി വലിച്ചുപൊട്ടിക്കുന്നതു കണ്ടു നാം ആശ്വസിക്കൊള്ളുന്നുണ്ട്. പശ്ചിമയൂറോപ്പിലെ തൊഴിലാളിവർഗ്ഗം, നിത്യമെന്നോണം നടത്തുന്ന സാമ്പത്തിക സമരങ്ങളിൽക്കൂടി വർഗ്ഗസമരത്തിന്റെ വഴിതെളിക്കുന്നതും നാം കാണുന്നുണ്ട്. പക്ഷേ ഒരു കാലത്തു യൂറോപ്പിനെ വിറപ്പിച്ചുകൊണ്ടു തല ഉയർത്തി നിന്ന ഒരു രാജ്യം സമരക്ഷതങ്ങളേറെ പരിക്ഷീണമായിആൽപ്പ്സ പർവ്വതനിരയിൽ തലചായ്ച്ചു കിടക്കുന്നതു അധികംപേർ ശ്രദ്ധിച്ചുകാണുകയില്ല. അധികാരവടംവലിയിൽ ഏർപ്പെട്ടിരിക്കുന്ന വൻകിടശക്തികളും അവരുടെ അധികാരതന്ത്ര മണ്ഡലത്തിൽ ഈ കൊച്ചുരാജ്യത്തെ ഇന്നു കടത്തിവിട്ടന്നില്ല. ഇറാലി ഉറങ്ങട്ടെന്നാണ അവരുടെ അഭിപ്രായം. പക്ഷേ മെഡിറ്ററേനിയൻ സമുദ്രത്തിൽനിന്നു വീശിക്കൊണ്ടിരിക്കുന്നകാറ്റേറെറ അൽപ്സ്പർവ്വത നിരകളും നിഗ്രയിലാണ്ടു നിവർന്നുകിടക്കുകയാണെങ്കിലും അതിന്റെ താഴ്വരകളിൽ ഒരുമഹാവിപ്ലവംശ്വസംകൊള്ളുകയാണ് അഗ്നിപർവ്വതകളുടെ അയൽനാടായ ഇറാലി ഇന്നു ഒരു അഗ്നിപർവ്വതംപോലെ പുകഞ്ഞുകൊണ്ടിരിക്കയാണ്. പള്ളികളും പാതിരിമാരും തിങ്ങിനിറഞ്ഞ ഒരു കത്തോലിക്കാസാമ്രാജ്യമാണ ഇറാലി. പാറമേൽ ഉറപ്പിക്കപ്പെട്ട പത്രോസിന്റെ സിംഹാസനത്തിൽ പോപ്പു രാജൻ വാണരുളുന്നതു ഇവിടെയാണ്. പള്ളിമതത്തിന്റെ പൈശാചികമായ പരമാധികാരം നൂറാണ്ടു നൂറാണ്ടുകളായി അഭംഗുരം നിലനിൽക്കുന്നതും ഇവിടെയാണ്. കൃസ്തുവിനുമുമ്പു മുതൽക്കുതന്നെ പുരോഹിതന്മാരും ദേവാലയങ്ങളും ഇവിടെ സംഹാരശക്തി ഉള്ളവരായിത്തീർന്നിരുന്നു. കൃസ്തുമതത്തിന്റെ പ്രചാരത്തെ ഏറ്റവും ശ്രദ്ധേയമായി എതിർത്ത ബുദ്ധമതിയും ഇവിടത്തെ പുരോഹിതവർഗ്ഗത്തിനുള്ളതാണ്. കൃസ്തുമതം സ്വീകരിച്ചവരെ തീയിലിട്ടു ചുട്ടുകരിക്കുകയും സിംഹത്തിന്റെ മുമ്പിലേക്കു വലിച്ചെറിയുകയുംചെയ്ത പൈശാചികതയ്ക്കു പുതിയ പകിട്ടുകളും നൽകിയിട്ടുള്ള വരാണിക്രൂർ. കാലചക്രത്തിന്റെ സംക്രമണത്തിൽ ഇറാലി ഒരു കത്തോലിക്കാരാഷ്ട്രമായി മാറി. ലോകമെങ്ങുമുള്ള കത്തോലിക്കരുടെ ആത്മീയഗുരുവായി അവരോധിതനായ പോപ്പു ഇറാലിയിലെ വത്തിക്കാനിൽ തലസ്ഥാനം പണിയുതാമസമുറപ്പിച്ചു ഭരണം തുടങ്ങിയിട്ടു വർഷങ്ങളാം പലതു കഴിഞ്ഞു. ടൈബർ നദിയിൽക്കൂടി പിന്നിട്ടും വെള്ളം ധാരാളം ഒഴുകിപ്പോയി. മാറി മാറി ഒന്നിനു പുറകെ ഒന്നായി പല ഭരണക്രമങ്ങളും ഇറാലിയിൽ അധികാരത്തിൽ വന്നു. അതായതു കാലത്തു അധികാരത്തിൽ വന്നിട്ടുള്ള ഭരണാധിപന്മാരെ അന്നന്നുള്ള പോപ്പുകളും അനുസരണയോടുകൂടി ബഹുമാനിച്ചിരുന്നു.

അവർചക്രവർത്തിമാരുടെ കിരീടം തൊട്ടാശീർവദിച്ചിട്ടുണ്ട്. ഫാസിസ്റ്റുമേധാവിയുടെ വിജയത്തിനു അവർ ക്രൂരമണി അടിച്ചു പ്രാർത്ഥന നടത്തിയിട്ടുണ്ട്. ജനാധിപത്യഭരണമേധാവികൾക്കു അവർ ഹല്ലേലൂയാ പാടിയിട്ടുണ്ട്. അതായതു രാജ്യത്തുള്ള അവരുടെ ഏജന്റന്മാരും അതെല്ലാം അതേപടി അനുകരിച്ചിട്ടുമുണ്ട്.

പക്ഷേ ഈ നീണ്ടകാലയളവിനുള്ളിൽ അവരുടെ നിലനിൽപിനെത്തന്നെ ഉലച്ചുകൊണ്ടഇരുപതാം ശതാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ആശങ്കളുടെ ഒരുതിപ്രസരമുണ്ടായി. പോപ്പിന്റെകിഴക്കേ ചക്രവാളത്തിൽ അരുണിമ പരത്തിക്കൊണ്ടു ആ ആശങ്കളുടെപൊൻപുലരി വിടർന്നപ്പോൾപത്രോസിന്റെ സിംഹാസനം ആടിയുലഞ്ഞുതുടങ്ങി. പട്ടുകുപ്പായങ്ങളുമണിഞ്ഞു മണിമേടകളിൽ മതമയങ്ങിയിരുന്ന പുരോഹിതവർഗ്ഗം താഴ്ത്തുണ്ടായ നിറപ്പകർച്ച കണ്ടു അമ്പരന്നുപോയി. ഒരു ജീവൻമരണ പ്രശ്നം അങ്ങിനെ അവരുടെ മുമ്പിൽ പൊട്ടിമുളച്ചു. ആട്ടിൻപറ്റത്തെപ്പോലെ തങ്ങൾക്കു ഇഷ്ടമുള്ള വഴിയിലൂടെതെളിച്ചുകൊണ്ടു നടന്ന ആളുകൾക്കു തങ്ങളുടെഅധികാരാവകാശങ്ങളെയും നിലനിൽപ്പിനെത്തന്നെയും ചോദ്യംചെയ്യുന്നതിനു കരുത്തു നൽകിയ ചിന്താഗതിയെ പല്ലും നഖവുംകൊണ്ടുപോലും എതിർക്കുന്നതിനു അവർ തയ്യാറായി. അങ്ങിനെ ലോകമൊട്ടാകെ കമ്മ്യൂണിസത്തിനെതിരായുള്ള ഒരു കുരിശുയുദ്ധം അവർ ആരംഭിച്ചു. ദൈവത്തിന്റെയും സ്വർഗ്ഗത്തിന്റെയും പേരുപറഞ്ഞു അവർ കമ്മ്യൂണിസത്തിൽനിന്നു ജനങ്ങളെ അകറ്റിനിർത്തുവാൻ ശ്രമിച്ചു. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അവർ കുരിശും കൊന്തയുമായി കയറിച്ചെന്നു. പുരോഗതിയുടെ എല്ലാ ചലനങ്ങളെയുംകുരിശുകൊണ്ടു കോട്ടകെട്ടിയകറവന്നതിനു അവർ ശ്രമിച്ചു. മനുഷ്യസ്നേഹത്തിന്റെ ആ മഹാപ്രവാചകനെ രൂപത്തയുടെ പേക്കോലമാക്കിമാറവന്നതിനു പോലും അവർ സന്നദ്ധരായി. മർദ്ദിതരും പൂഷിതരുമില്ലാത്ത ഒരുലോകം സൃഷ്ടിക്കാൻപരിശ്രമിക്കുന്നവരെ പാവപ്പെട്ടവരുടെ രക്ഷയ്ക്കുവേണ്ടി ജീവിതം കുരിശിൽ തറച്ചു അപ്പിച്ച ആ ത്യാഗമൂർത്തിയുടെ പേരുപറഞ്ഞു ഭയപ്പെടുത്താൻ അവർ ബദ്ധപ്പെട്ടു.

നീണ്ട ലോഹയിട്ട ഈ പാതിരിസൈന്യം മാർപ്പാപ്പാ തിരുമേനിയുടെ നേതൃത്വത്തിൽ ലോകത്തിന്റെഅതിശ്ചി വരമ്പുകളിൽനിന്നും കമ്മ്യൂണിസത്തെനിർമ്മർജ്ജനം ചെയ്യാൻ വില്ലങ്കം നടത്തിക്കൊണ്ടിരുന്നപ്പോൾ പരശുദ്ധ സിംഹാസനത്തിന്റെ ചുറ്റിലും ചെങ്കൊടികൾ ഉയർന്നവരുന്നതു അവർ കണ്ടില്ല. പരന്നുകിടക്കുന്ന നെൽപ്പാടങ്ങളുള്ള ഇറാലിയിലെ തെക്കൻ പ്രദേശത്തും പുകക്കുഴലുകൾ പുകഞ്ഞുകൊണ്ടു നിൽക്കുന്ന വടക്കൻപ്രദേശങ്ങളിലും ഇന്നു മുഴങ്ങി കേൾക്കുന്ന ശബ്ദം കമ്മ്യൂണിസ്റ്റുകാരെ അധികാരത്തിലേക്കുയർത്തുക എന്നാണ്. പോപ്പിനെ നേരിട്ടുകണ്ടുകൊണ്ടിരിക്കുന്ന ഇറാലിയിലെ ലക്ഷോലക്ഷം കത്തോലിക്കരുടെ കണ്ഠങ്ങളിൽനിന്നാണ ഈ ശബ്ദം ഉയരുന്നതു. ഇതു കമ്മ്യൂണിസ്റ്റുപ്രചരണമല്ല. ഇറാലിയിൽ അടുത്തകാലത്തു പര്യടനം നടത്തിയ

★ ആപ്പിൾപൂക്കൾ ★

കീളിമാനൂർ ശ്രീരഞ്ജനന്റെ ഏറ്റവും പുതിയ കഥാസമാഹാരം
വില എട്ടണ.

കേരളത്തിലെ എല്ലാ പ്രധാന പുസ്തക ഷോപ്പുകളിലും കിട്ടും.
ഇല്ലെങ്കിൽ എഴുതുക. (ഓറ കോപ്പി വേണ്ടവർ 9 ണ സ്റ്റാമ്പയക്കുക.)
ശ്രീരഞ്ജനൻ, കീളിമാനൂർ P. O. (T. C. സ്റ്റേറ്റ്)

ശേഷം പ്രസിദ്ധ അമേരിക്കൻ ധനതത്വശാസ്ത്രജ്ഞനും പത്രപ്രവർത്തകനുമായ ഹെൻറിടെയിലറാണ് ഇക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നത്. യൂറോപ്പിലാകെയുള്ള നേതാക്കന്മാർ ഇക്കാര്യം ഉടനടി ശ്രദ്ധിക്കണമെന്നും അടുത്ത പൊതുതിരഞ്ഞെടുപ്പിൽ ഇറലിയിലെ ജനങ്ങളും കമ്മ്യൂണിസ്റ്റുകളെ അധികാരത്തിലേക്കയയ്ക്കുമെന്നും അദ്ദേഹം മുറവിളികൂട്ടുന്നു.

മി. ടെയിലർ പണ്ടു നടത്തിയിട്ടുള്ള പല പ്രവചനങ്ങളും ഫലിച്ചിട്ടുണ്ട്. ഇക്കുറിയും അതു തെറ്റാനിടയില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഇറലിയിലെ കമ്മ്യൂണിസ്റ്റുകളെല്ലാം നല്ല ആളുകളാണെന്നും അവരെല്ലാം പോപ്പിനെ ബഹുമാനിക്കുകയും പള്ളിയിൽപ്പോയി പ്രാർത്ഥന നടത്തുകയും ചെയ്യുന്ന നല്ല കത്തോലിക്കരാണെന്നും മി. ടെയ്ലർ പറയുന്നു. പക്ഷെ ഒരു കാര്യം ക്രുദ്ധനായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. പോപ്പ് അദ്ദേഹത്തിന്റെ അരമനയിലിരുന്നുകൊണ്ട് അദ്ധ്യാത്മോപദേശം നൽകുകയും പാതിരിമാർ പള്ളിക്കുള്ളിലിരുന്നു പ്രാർത്ഥന നടത്തുകയും ചെയ്താൽ മതിയെന്നും അതു നല്ല ക്രിസ്ത്യാനികൾ പറയുന്നുവെന്നും. വത്തിക്കാന്റെ ഭീഷണികൾ അതെല്ലാംകേട്ട് വിറകൊള്ളുന്നുണ്ടാവാം. ലോകമൊട്ടാകെയുള്ള പുരോഹിതന്മാരുടെ അരമനകൾ അതുകേട്ട് ഇളകിക്കുലുങ്ങുന്നുണ്ടാവാം.

ഇറലിയിലെ നല്ല ക്രിസ്ത്യാനികൾ ഇങ്ങനെ ഉറച്ചുവിളിച്ചു പറയാൻ ഹേതുഭൂതമായ സംഭവഗതികൾ എന്താണെന്നു ശ്രദ്ധിക്കേണ്ടതാണ്. ജനപ്രതിഷ്ഠംകൊണ്ട് ശ്വാസംമുട്ടുന്ന ഇറലി ഇന്നു സാമ്പത്തികാധിപത്യത്തിന്റെ നെല്ലിപ്പലകതപ്പുകയാണ്. മി. ടെയ്ലറുടെ ഭാഷയിൽപ്പറഞ്ഞാൽ ഡാക്ടറന്മാർ രോഗിയായിപ്പിള്ളേരുടെ ജോലിക്കുവേണ്ടി തള്ളിക്കയറുകയും വക്കീലുന്മാർ തെരുവുതുത്തു പുത്തിയാക്കുന്ന ജോലിക്കു വേണ്ടി പരക്കം പാഞ്ഞു നടക്കുകയും ചെയ്യുന്ന ഒരവസ്ഥയാണവിടെ ഇപ്പോൾ സംജാതമായിട്ടുള്ളത്. ഈ ഘട്ടം എത്തിയപ്പോഴേക്കും മാർപ്പാപ്പായുടെ ആ അരമനസന്തതിപരിപാലനം കണ്ണുതുറന്നു കാണാനും നോക്കി ഇത്തുടങ്ങി. വത്തിക്കാന്റെ താഴികക്കുടങ്ങൾ



കെ. സി. ജോർജ്ജ്

അമ്പലപ്പുഴ 1

നോക്കി കുരിശുവരച്ചാൽ വയറു നിറയുകയില്ലെന്നു അവർക്കു മനസ്സിലായി. രാഷ്ട്രീയ കാര്യങ്ങളിൽ തങ്ങൾക്കു ശരിയെന്നുതോന്നുന്ന പുതിയ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ അവർ തീരുമാനിച്ചു. പഴയ അടിമത്തം അവർക്കു മടുത്തുകഴിഞ്ഞിരിക്കുന്നു. പോപ്പ് അദ്ദേഹത്തിന്റെ അരമനയിലിരുന്നുകൊണ്ട് അദ്ധ്യാത്മോപദേശം നൽകുകയും പാതിരിമാർ പള്ളിക്കുള്ളിലിരുന്നു പ്രാർത്ഥന നടത്തുകയും ചെയ്താൽ മതിയെന്നും അതു നല്ല ക്രിസ്ത്യാനികൾ പറയുന്നുവെന്നും. വത്തിക്കാന്റെ ഭീഷണികൾ അതെല്ലാംകേട്ട് വിറകൊള്ളുന്നുണ്ടാവാം. ലോകമൊട്ടാകെയുള്ള പുരോഹിതന്മാരുടെ അരമനകൾ അതുകേട്ട് ഇളകിക്കുലുങ്ങുന്നുണ്ടാവാം.

കമ്മ്യൂണിസത്തിനെ തടയാനുള്ള കോട്ടകളായിട്ടാണ് ഇന്നു ഇവിടത്തെ പള്ളികളെയും ഉപയോഗിച്ചുവരുന്നത്. ഈ പള്ളികളുടെ കിങ്കരസംഘം ഇന്നു നാടൊട്ടുക്കു നടത്തുന്ന കാൺഗ്രസ്സിനു വോട്ടുപിടിക്കുകയാണ്. മതരാഷ്ട്രീയ കാര്യങ്ങളുമായി കൂട്ടിക്കുഴയ്ക്കുന്നതെന്നു ഗീർവ്വാണംങ്ങളിൽനിന്നു പ്രസംഗിക്കുന്നെങ്കിലും തനിക്കിതിലൊന്നും ചെയ്യാൻ സാധിക്കയില്ലെന്നു പറഞ്ഞൊഴിഞ്ഞുമാറുകയാണു ചെയ്തത്. അദ്ദേഹത്തിനു അതു ചെയ്യാതിരിക്കാൻ നിർവാഹമില്ല. അദ്ദേഹത്തിന്റെ കാൺഗ്രസ്സ് തിരഞ്ഞെടുപ്പിൽ വിജയിക്കണമെങ്കിൽ സകല ഭ്രഷ്ടപ്രേഷിതാചാര്യന്മാരെയും രംഗത്തിറക്കാതെ നിവൃത്തിയില്ലെന്നു അദ്ദേഹത്തിനുമറിയാം. അങ്ങനെ കാൺഗ്രസ്സ് ഇന്നു പുരോഹിതന്മാരുടെ കോട്ടയിൽ അഭയം തേടിയിരിക്കുകയാണ്. പൗരോഹിത്യത്തിന്റെ ഉരുക്കുകോട്ട അങ്ങനെ ഓരോരോമിൽ ഉലഞ്ഞുതുടങ്ങിയിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇവിടത്തെ ഈ കടലാസുകോട്ടകളുടെ ഭാവി എന്താണെന്നു ഊഹിക്കാവുന്നതേ ഉള്ളൂ.

പുരോഗതിക്കെതിരായുള്ള കോട്ടകളെല്ലാം അങ്ങനെ ഒന്നൊന്നായി ഇടിഞ്ഞുതകരുകയാണ്. ക്രിസ്തീയ പൗരോഹിത്യത്തിന്റെ കോട്ടകളോടൊപ്പംതന്നെ മറ്റു വർഗ്ഗീയസംഘടനകളുടെ കോട്ടകൊത്തളങ്ങളും പൊളിഞ്ഞുതകരുന്നുണ്ട്. നക്ഷിപ്ത താല്പര്യങ്ങളുടെ അവസാനത്തെ അഭയകേന്ദ്രങ്ങളും അങ്ങിനെ അടിഇളകി വീഴുകയാണ്. പുരോഗതിയുടെ മഹാപ്രവാഹത്തെ പ്രതിരോധിക്കുന്നതിനു പ്രതിലോമതയുടെ ശക്തി ദുർഗ്ഗങ്ങൾക്കു കഴിയാതെവന്നിരിക്കുന്നു. ചക്രവാളത്തിൽ വെളിച്ചം കണ്ടുതുടങ്ങുന്നു. ഇന്നുവരെ അരുംസൂര്യോദയത്തെ തടഞ്ഞുനിർത്തിയിട്ടില്ല. ഒരു പുത്തൻപുലരിയുടെ സൂര്യബിംബം ഉദിച്ചുയരുകയാണ്. ആ ഉദയത്തിന്റെ ശംഖനാദമാണിന്ന് തിരുകൊച്ചിയിലും കേൾക്കുന്നത്. ഉണരുക, ഒരു പുതിയ നാളയെ കണികാണാൻ വേണ്ടി ഉണരുക.

ഈ പതിപ്പിനെപ്പറ്റി

എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര) കെ. എസ്. കൃഷ്ണശാസ്ത്രി (കുന്നത്തൂർ റിസർവേഷൻ) കുഞ്ചുവിള മാത്യു (പള്ളിവാസൽ) എന്നിവരുടെ ഫോട്ടോയും പി. രവീന്ദ്രൻ (പറവൂർ) കുട്ടപ്പൻ കോമ്പാക്കൽ (ഭരണിക്കാവ് റിസർവേഷൻ) കെ. ഇ. മാമ്മൻ (തിരുവല്ല) വി. പി. പി. നമ്പൂതിരി (കടപ്ര) കെ. സി. ജോർജ്ജ് (അമ്പലപ്പുഴ ഒന്ന്) രാജശേഖരൻനായർ (ചങ്ങനാശ്ശേരി) ഇ. ഗോപാലകൃഷ്ണമേനോൻ (കൊടുങ്ങല്ലൂർ) എന്നിവരുടെ ജീവചരിത്രവും റവ. എസ്. രാമസ്വാമി (തോവാള) പാണ്ഡ്യനാടാർ (അഗസ്തീശ്വരം) വി. ശങ്കർ നാഗർകോവിൽ) സ്കൂവർട്ട് (പാറശാല കൈപ്പള്ളി കൃഷ്ണപിള്ള (കുന്നത്തുകാൽ)

എൻ. എസ്. പണ്ടാരത്തിൽ (നെട്ടമങ്ങാട്) വി. ഗംഗാധരൻ (ചടയമംഗലം) കെ. ഗോപാലൻ (പുനലൂർ) വയലാ ഇടിക്കുള (റാന്നി) കെ. കെ. കുമാരപിള്ള (തകഴി) കെ. ഏ. മാത്യു (കുട്ടനാട്) രാഘവക്കുറുപ്പ് (തിരുവമ്പാടി) കെ. ഏ. കുര്യാക്കോസ് (ചെറുതുരുത്തി ജനറൽ) പി. ഗംഗാധരൻ (ഒറ്റപ്പാലം) ടി. കെ. രാമകൃഷ്ണൻ (കണ്ണൂർ) എം. പി. മേനോൻ (എളംകുളം) എം. പി. കൃഷ്ണപിള്ള (എറണാകുളം) അബ്ദുൽ ഖാദർ (ആലുവാ) മുണ്ടശ്ശേരി (ചേർപ്പ്) കെ. വി. പ്രഭാകരൻ (മണലൂർ) കെ. കെ. വാരിയർ (തൃശ്ശൂർ) ഡാ: ജി. സി. അൻറണി (വിയ്യൂർ) വിവേകാനന്ദൻ (ദേവികുളം റിസർവേഷൻ) ബാലകൃഷ്ണമേനോൻ (വടക്കാഞ്ചേരി) സി. അയ്യപ്പൻ (വടക്കാഞ്ചേരി റിസർവേഷൻ) ഏ. സുബ്രഹ്മണ്യമുതലിയാർ (ചിറയർ) എന്നിവരുടെ ഫോട്ടോയും ജീവചരിത്രവും ലഭിച്ചിട്ടില്ല. പല സുഹൃത്തുക്കളോടും ഫോട്ടോ കിട്ടുവാൻ കാത്തിരുന്നതു കൊണ്ടാണ് സാധാരണയിൽനിന്നും വ്യത്യസ്തമായി പ്രസിദ്ധീകരണത്തിയതി ഒരു ദിവസം താമസിപ്പിക്കേണ്ടിവന്നതു. തിരഞ്ഞെടുപ്പു തീയതി വളരെ അടുത്തു കഴിഞ്ഞിരിക്കുന്നതുകൊണ്ട്, ഇനിയും കാത്തിരിക്കാൻ ഞങ്ങൾക്കു നിർവാഹമില്ലാതെ വന്നു. തിരഞ്ഞെടുപ്പു പ്രചരണത്തിന്റെ തിരക്കിനിടയിൽ ഞങ്ങളുടെ അഭ്യർത്ഥനയെ ആദരിച്ച് ഫോട്ടോയും ജീവചരിത്രവും കഴിയും വേഗം അയച്ചുതന്ന സ്ഥാനാർത്ഥികളോടും ഇതെല്ലാം ശേഖരിച്ചുതന്നവരോടും ഞങ്ങൾക്കുള്ള കൃതജ്ഞത നിസ്സീമമാണ്. കേരളത്തിലെ പത്രാധിപന്മാർ തൊട്ട് കമ്പോസിറ്റർമാർ വരെയുള്ളവർ തിരഞ്ഞെടുപ്പു പ്രവർത്തനങ്ങളിൽ ആകണ്ഠം മുഴുകിയിരിക്കുകയാണെന്നുള്ളതു കൊണ്ട്, മെച്ചപ്പെട്ട ഒരു തിരഞ്ഞെടുപ്പു പതിപ്പ് പുറത്തിറക്കുവാൻ കഴിഞ്ഞില്ല എന്നൊരപരാധബോധവും ഞങ്ങൾക്കുണ്ട്.

സി. എൻ. ശ്രീകണ്ഠൻനായർ
സഹപത്രാധിപർ.

കഥാമാലിക

കേരളത്തിലെ ഏറ്റവും
മുന്നണിയിൽ നിൽക്കുന്ന
ചെറുകഥാമാസിക

★

ഏപ്രിൽമാസത്തിൽ
പ്രസിദ്ധീകരിച്ചു
തുടങ്ങുന്നു

പ്രധാനപ്പെട്ടവർ:

തകഴി

കെ. ബാലകൃഷ്ണൻ

സി. എൻ. ശ്രീകണ്ഠൻനായർ

ഒറ്റപ്രതി എട്ടണ

കൂടുതൽ വിവരങ്ങൾക്കെഴുതുക:—

മാനേജർ, കഥാമാലിക, തിരുവനന്തപുരം—1

Printed and Published by K Balakrishnan at the Indira Printing Works, Pettah, Trivandrum.

The KAUMUDI Weekly

REG: M. 5661 Phone No. 2128


PRICE As. 3

15th MONDAY FEBRUARY 1954

PUBLISHED EVERY MONDAY

Vol: IV No. 47

FOR ANYTHING
AND EVERYTHING
IN AUTOMOBILE.



Contact Phone: 2834.

THE CITY MOTORS

DEALERS OF PONTIAC CARS, G. M. C. & BEDFORD TRUCKS.

TRIVANDRUM-1

USHA